Information regarding extension of the Session.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, അസംബ്ലി സിറ്റിംഗിനെപ്പറ്റി ആലോചിച്ചു പറയാമെന്നു് ഇന്നലെ പറഞ്ഞു. എന്നാൽ അതിനെപ്പറ്റി ഒന്നും ഇതേവരെ പറഞ്ഞിട്ടില്ല.

Mr. Speaker: I was informing the Leader of the House that he will depute somebody and contact the Leaders of the parties and come to some agreement with them on this matter and then tell me what has been agreed to. He has agreed to contact other parties.

ശ്രീ. കെ. ഹസ്സൻ ഗനി : സർ, അസംബ്ലി സിറ്റിംഗിനെപ്പറ്റി എളുപ്പമെന്നു പറഞ്ഞാൽ കൊള്ളാം. അസംബ്ലി കഴിഞ്ഞതിനുശേഷം പല പാർട്ടികളുടേയും മീറ്റിംഗുകൾ നടത്തുന്നതിനു അറേഞ്ച്മെന്റ് ചെയ്തിട്ടുണ്ടു്. മീറ്റിംഗുകളും മറ്റും നിശ്ചയിക്കുന്നതിനായി കമ്മിറ്റികളും മറ്റും കിടക്കുണ്ടിരിക്കുകയാണു്. അതുകൊണ്ടു് അതിനെപ്പറ്റി വേഗം ഒരു തീരുമാനം ചെയ്താൽ കൊള്ളാം.

ശ്രീ. എം. നാരായണക്കുറുപ്പ് : അസംബ്ലിദിവസം നീട്ടുന്നതിനെപ്പറ്റി തീരുമാനം ചെയ്യുവാൻ താമസിക്കുന്നതുകൊണ്ടു് ഞങ്ങൾക്കു ചോദ്യങ്ങൾ അയക്കുവാനുള്ള അവകാശം നഷ്ടപ്പെട്ടുകയാണു്.

Mr. Speaker: That is important. I really appreciate your point. Now the Leader of the House will enlighten the House on the point.

Shri E. M. S. Namboodiripad: I will consult the parties and let you know about it during the course of the day.

Shri R. Raghava Menon: Mr. Speaker, Sir. Are You talking about giving us an adjournment of the House? (Laughter). I am not able to hear. If it is a matter concerning adjournment of this House as one of the old members of this House I may inform that the House must now adjourn for 10 days or two weeks and then meet again. I say this because, it is rumoured that this sitting will go on till the 26th.

Mr. Speaker: We will consider that later and the hon. Member Shri Raghava Menon will be informed about it.

IV. LEGISLATIVE BUSINESS.

The Kerala Agrarian Relations Bill—(*contd.*)

(The Number within brackets shown against the amendments denotes the number in the list of amendments.)

Mr. Speaker: Yesterday we had deferred consideration of sub-clause (18) of Clause 2. Is any concrete amendment ready to be moved now?

Smt. K. R. Gouri: Sir, sub-clause (18) relates to "Kudi-Kidappukaran," It was postponed for discussion only and not for moving any amendment. There was some doubt about the definition of 'Pattazhi Devaswom'. That relates to sub-clause (32)

Regarding sub-clause 2 (18), I have already moved an amendment.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Mr. Chacko wanted some time to discuss it.

Shri P. T. Chacko: I stick to my views. I need not again explain them. If the Minister thinks that the explanation need not be added, she need not. I have nothing further to add in the matter.

Smt. K. R. Gouri : Sir, Mr. P. T. Chacko was saying yesterday that when we say,

"Any person who was in occupation of a Kudikidappu on the 11th day of April 1957" it may be either a person who is a trespasser or a mortgagee or somebody else.

അതായതു് ട്രസ്സ്പാസേഴ്സിനും, അല്ലെങ്കിൽ വസ്തുവിൽ പ്രവേശിച്ചിട്ടുള്ള ആളുകൾക്കും അവർ വസ്തുവിൽ പ്രവേശിച്ചതിനു നിയമസാധുതപം കൊടുക്കുകയാണു് എന്നു് പറയുകയുണ്ടായി. കുടികിടപ്പുകാരൻ എന്നുള്ളതിന്റെ ഡെഫനിഷൻ ഇങ്ങനെയാണു്.

"Kudikidappukaran" means a person who has no homestead or land, either as owner or as tenant in possession, to erect a homestead, and—

(i) who has been permitted with or without an obligation to pay rent by a person in lawful possession of any land to have the use and occupation of a portion of such land for the purpose of erecting a homestead, or

(ii) who has been pemitted by a person in lawful possession of any land to occupy, with or without an obligation to pay rent, a hut belonging to such person and situate in the said land,

but otherwise has no interest in the land; and "Kudikidappu" means the land and the homestead or the hut so permitted to be erected or occupied together with the easements attached thereto."

സർ, ഇതിൽത്തന്നെ കുടികിടപ്പു് എന്താണു് എന്നുള്ളതിനെ സംബന്ധിച്ചു് നിർവചനം തന്നിട്ടുള്ളതുകൊണ്ടു് ഇതിൽ മോർട്ടഗേജോ, ട്രസ്സ്പാസ്സേഴ്സോ ഒന്നും വരുന്നതല്ല. 1957 ഏപ്രിൽ 11-ാംതീയതി കുടികിടപ്പുകാരനായിരിക്കുകയും, ഇന്നും കുടികിടപ്പുകാരനായിരിക്കുകയും ചെയ്യുന്ന ആളുകൾ ഓണറിന്റെയോ വസ്തുടമസ്ഥന്റെയോ സമ്മതത്തോടുകൂടിയിരിക്കുന്ന ആളുകളാണെന്നു വരികയും ചെയ്യുന്നുണ്ടു്. ആ നിലയ്ക്കു് ഇതു ഇങ്ങനെതന്നെ മതിയെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ശ്രീ. ടി. കെ. രാമകൃഷ്ണന്റെ ഭേദഗതിയെ ഞാൻ സ്വീകരിക്കുന്നു. ഒരു കുടികിടപ്പുകാരൻ കുറേക്കാലം കഴിയുമ്പോൾ മോർട്ടഗേജി ആകുകയാണെങ്കിൽ ആ അവകാശം ഇല്ലാതാകുമ്പോൾ അയാളെ ഒഴിവാക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ഇയ ഭേദഗതി സ്വീകരിക്കുകയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്കു ശേഷവും പറയുവാൻ വിരോധമില്ലെങ്കിൽ രണ്ടുവാക്കു് ഇതിനെ സംബന്ധിച്ചു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

മി. സ്പീക്കർ : എനിക്കു വിരോധമില്ല.

ശ്രീ. കെ കെ. വിശ്വനാഥൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു് "A person in occupation of a Kudikidappu will not be stranger" എന്നാണു്. കുടികിടപ്പു് എന്നുള്ള നിർവചനത്തിൽ ഇന്നയിന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

പ്രകാരത്തിൽ കൊടുത്തിട്ടുള്ള കുടികിടപ്പ് എന്നത്തും വരുമെങ്കിലും ഒരു പേഴ്സൻ എന്നു പറഞ്ഞാൽ അതു സ്ട്രേഞ്ചർ ആകാം, അല്ലെങ്കിൽ ഒരാൾ വാങ്ങുകയും എടുത്തതിനുശേഷം അയാൾ അവിടെ കയറിതാമസിച്ചു എന്നുവരാം. അങ്ങനെ വരുമ്പോൾ a person എന്നു ഉപയോഗിച്ചുകഴിഞ്ഞാൽ കുടികിടപ്പിന്റെ നിർവചനം ഉള്ള സ്ഥലത്തു കുടികിടപ്പുകാരനല്ലാത്ത ഒരാൾ വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനെ തടയുന്നതിനുള്ളതാണു മി. ടി. എ. തൊമ്മന്റെ ഭേദഗതി. കുടികിടപ്പിന്റെ നിർവചനത്തിൽപ്പെട്ട ഒരു സ്ഥലത്തു ഒരു സ്ട്രേഞ്ചർ കയറി താമസിച്ചാൽ അയാളെയും കുടികിടപ്പായിട്ടു കണക്കാക്കേണ്ടിവരും. അതൊഴിവാക്കുന്നതിനു കുടിയിരിപ്പ് അവകാശം കൊടുക്കണമെന്നു പറഞ്ഞതു അപ്പീയനേഷൻ തടയുന്നതിനുമുള്ള കുടിയാനെപ്പറ്റിയാണു. 1955-ൽ മുമ്പു അപ്പീയനേഷനെ തടഞ്ഞിരുന്നില്ല.

Mr. Speaker: All those points were brought out here a hundred times. If we are to go on like this, when shall we close the debate? There must be an end to the debate.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇങ്ങനെതന്നെ പാസ്സാക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ എനിക്കു വിരോധമില്ല. അപകടം ഉള്ളതു പറഞ്ഞുവെന്നേയുള്ളു. ഇങ്ങനെതന്നെ പാസ്സാക്കിയാൽ കോടതിയിൽ പോകേണ്ടിവരും.

Shri T. A. Thomman: Sir, I would submit one thing. If the Minister is of the opinion that "any person" means "kudikidappukaran", what is the difficulty to incorporate that word "kudikidappukaran" in that explanation and to say that "Any Kudikidappukaran who was in occupation of a kudikidappu on the 11th day of April 1957 and who continued to be in such occupation at the commencement of this Act shall be deemed to be in occuption of such kudikidappu."? She says any assignee should get that right.

Mr. Speaker: Instead of beginning that explanation with "Any person" why not you substitute those words with "Any Kudikidappukaran", that is the question put by Shri Thomman.

Smt. K. R. Gouri: That is not so.

The Amendment (No. 96) moved by Shri T. A. Thomman, was put and lost.

The Amendment (No. 97) moved by Shri M. Narayana Kurup was put and lost.

The Amendment (No. 101) moved by Shri E. P. Poulose was put and lost.

The Amendment (No. 105) moved by Shri T. A. Thomman viz. "In clause 2(18) delete the first proviso" was put and carried.

The Amendment (No. 107) moved by Shri N. E. Balaram viz. "In clause 2 (18) the word 'further' from the second proviso may be deleted" was put and carried.

The Amendment (No. 108) moved by Shri K. K. Viswanathan was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The Amendment (No. 112) moved by Smt. K R. Gouri, was withdrawn.

The Amendment (No. 116) moved by Shri Ponnara G. Sreedhar was put and lost.

The Amendment (No. 118) moved by Shri Joseph Chazhikkat was put and lost.

The Amendment (No. 122) moved by Shri Maleth Gopinatha Pillai was put and lost.

The Amendment (No. 125) moved by Shri P. M. Kunhiraman Nambiar, was put and lost.

The Amendment (No. 126) moved by Shri C. H. Kanaran was withdrawn.

The Amendment (No. 127) moved by Shri Joseph Chazhikatt was put and lost.

The Amendment (No. 156) moved by Shri K. K. Viswanathan was put and lost.

The Amendment moved by Smt. K. R. Gouri, viz

In clause 2, sub-clause (18) the existing Explanation shall be numbered as Explanation II and before that Explanation, the following shall be inserted as Explanation I :—

"Explanation I.—Any person who was in occupation of a kudikidappu on the 11th day of April, 1957 and who continued to be in such occupation at the commencement of this Act shall be deemed to be in occupation of such kudikidappu with permission as required under this clause" was put and carried.

The Amendment moved by Shri T. K. Ramakrishnan, viz. "In clause 2, sub-clause (18) the existing Explanation shall be numbered as Explanation No. I and the following shall be added as Explanation No. II, namely :

Explanation No. II :— Where any kudikidappukaran secures any mortgage with possession over the land in which the kudikidappu is situate, his kudikidappu right, shall revive on the redemption of the mortgage, provided that he has at the time of redemption no homestead or land, either as owner or as tenant in possession, to erect a homestead."

was put and carried.

ശ്രീ. കെ. കെ. വിശ്വനാഥൻ : ശ്രീ. രാമകൃഷ്ണന്റെ അമെൻഡുമെൻറിനെപ്പറ്റിയാണു് ഞാൻ പറയുന്നതു്. അതില്ലെങ്കിൽത്തന്നെ യാതൊരർത്ഥവ്യത്യാസവും വരികയില്ല. അതു് വെറുതെ അവശ്യമില്ലാതെ എഴുതിച്ചേർത്തുകൊണ്ടു് യാതൊരു വിശേഷവുമില്ല. മിനിസ്റ്റർ അതു അക്സെപ്റ്റു ചെയ്യും എന്നു് വിചാരിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ അതിന്റെ ആവശ്യമില്ല. എന്നാൽ മിനിസ്റ്റർ അതു അക്സെപ്റ്റു ചെയ്തു. അതില്ലാതെതന്നെ അതു സേഫ്ഗാർഡു് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Order, order. It is extremely difficult for me now. Hundreds of explanations and replies are coming from all Members. I find it very difficult to control them it. It is not possible to note all of them.

ശ്രീ. കെ. കെ. വിശ്വനാഥൻ : അതു് അനാവശ്യമാണെന്നും അതിന്റെ ആവശ്യമില്ലെന്നും ചൂണ്ടിക്കാണിക്കണമെന്നു മാത്രമേയുള്ളു. മറ്റു ബില്ലു വരുമ്പോൾ കണ്ടുകൊള്ളാമല്ലോ.

ശ്രീമതി കെ. ആർ. ഗൗരി : കുടികിടപ്പായി കഴിഞ്ഞതിനുശേഷം ആ സ്ഥലം മാർട്ടഗേജു ചെയ്യുകയാണു്. ആ മാർട്ടഗേജു് റെഡീം ചെയ്താൽ അയാൾക്കു കുടികിടപ്പുകാരന്റെ അവകാശം ഇല്ലാതെ വരുമെന്നുള്ളതു കൊണ്ടാണു് ആ ഭേദഗതി സ്വീകരിച്ചതു്.

Mr. Speaker: We will go to sub-clause (22).

Smt. K. R. Gouri: Sir, I move:

"In clause 2 (22) the following explanation shall be added at the end:—

"Explanation.— 'Pattazhi Devaswom' means the Pattazhi Devi Temple in Pattazhi Village of Pathanapuram Taluk of the State of Kerala."

This amendment was moved by Shri Rajagopalan Nair to sub-clause (32). I think it will find a more proper place in sub-clause (22).

The amendment was put and carried.

Mr. Speaker: Now we will take up sub-clause (35). The House was discussing the amendments moved by the Minister for Revenue, and Shri P. T. Chacko.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, സീലിംഗിന്റെ പ്രൊവിഷനിൽ 'പേഴ്സൻ' എന്ന വാക്കു പറഞ്ഞിട്ടില്ല; അൺമാരിയേഡു് പേഴ്സൻ എന്നാണു പറഞ്ഞിട്ടുള്ളതു്. അൺമാരിയേഡു പേഴ്സനു് ഇതുമായും ഭൂമിയാകാം, അതിൽ കവിഞ്ഞുള്ള ഭൂമി സറണ്ടർ ചെയ്യണം എന്നാണു് സീലിംഗ് വ്യവസ്ഥയിൽ പറയുന്നതു്. പിന്നെ പബ്ലിക്ക റിലിജിയസു് ആൻഡു് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പ്രശ്നത്തിൽ ഇതു വരേണ്ട ആവശ്യമില്ല. കാരണം പേഴ്സൻ എന്നവാക്കു് അവിടെ വരുന്നില്ല; അൺമാരിയേഡു പേഴ്സൻ എന്നാണു വരുന്നതു്. അതുകൊണ്ടു് പേഴ്സൻ എന്ന വാക്കു കൂടാതെ, പബ്ലിക്ക റിലിജിയസു് ആൻഡു് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ എന്നതുകൂടി ഇതിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു് യാതൊരു നേട്ടവും വരാനില്ല. അതിനാൽ അതു എടുത്തുകളയണമെന്നാണു് ഭേദഗതി.

ഇതുകൊണ്ടു വേറെ ഒരു അപകടംകൂടി വരുന്നുണ്ടു്. പേഴ്സൻ എന്ന വാക്കു സ്വാമിഹോൾഡറുടെ നിർവചനത്തിൽ മാത്രമേ കാര്യമായി വരുന്നുള്ളു. സ്വാമിഹോൾഡർക്കു കൊടുത്തിട്ടുള്ള അവകാശം അനുസരിച്ചു് അവർക്കു ഒഴിപ്പിച്ചെടുക്കാൻ സാധിക്കും. പേഴ്സൻ എന്ന വാക്കിൽ മതസ്ഥാപനങ്ങളും അടങ്ങിയാൽ മതസ്ഥാപനങ്ങൾക്കും സ്വാമിഹോൾഡേഴ്സിന്റെ വ്യവസ്ഥയനുസരിച്ചു കുറെ ഒഴിപ്പിച്ചെടുക്കാനുള്ള സൗകര്യം കിട്ടും. അങ്ങനെ സൗകര്യം കൊടുക്കണമെന്നു് ഈ നിയമം കൊണ്ടു് ഉദ്ദേശിച്ചിട്ടില്ല. സ്വാമിഹോൾഡറുടെ ഭൂമിയിലുള്ള റൈറ്റു് തിരിയെ എടുക്കണമെന്നു് ഈ ബില്ലിൽ ആരും ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടു ഈ ഭാഗം എടുത്തുകളയണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ഭാഗം മാത്രം എടുത്തുകളയുന്നതുകൊണ്ടു കാര്യമായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : സ്ഥാനം ഹോൾഡറുടെ ഡെഫനിഷനിൽ ഇതെല്ലാം ഉൾപ്പെട്ടും. ആ നിലയ്ക്ക് "പേഴ്സൺ എന്നതിന്റെ ഡഫനിഷൻ എന്തായാലും ആവശ്യമില്ല. അതിൽ പല തകരാറുകളും ഉണ്ട്. സീലിംഗിനെ സംബന്ധിച്ചാണെങ്കിൽ അവിടെ എല്ലാം പ്രത്യേകം പ്രത്യേകം പറയുന്നുണ്ട്. ഈ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ് : പേഴ്സൺ എന്നതിന്റെ ഡഫനിഷൻ മുഴുവൻ എടുത്തുകളയണം. അല്ലാതെ ഇതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം കിട്ടുകയില്ല.

Shri T. A. Thomman: I wish to submit that there is no necessity of defining a "person" in this Bill. The definition in the General Clauses Act is sufficient. There it is defined as one " who is capable of holding property and a family". As my hon. friend Mr. Viswanathan says, the expression "person" is used in a different sense under Chapter III which deals with ceiling. I don't know what purpose will be served by this definition. In the ceiling provision there are definitions for family, unmarried person and institution specifically. So the definition in this sub-clause is not necessary. In clause 56 (3) also lands owned by company, co-operative society, etc. are separately mentioned. I do not know which provision of the law this definition is going to clarify. It will only create difficulty in practical implementation.

Mr. Speaker: Let me see whether anybody else wants to speak on this.

Shri R. Raghava Menon: Let the Minister speak, then we will speak.

Mr. Speaker: Those who wish to speak on Amendment No. 161 can speak. The Minister will be asked to reply to the debate in the end. Otherwise the debate will go on endlessly.

ശ്രീ. പി. ആർ. മാധവൻ പിള്ള : സീറ്റ് മാറിയിരുന്നാൽ രണ്ടാമതു പ്രസംഗിക്കാൻ സൗകര്യം കൊടുക്കുമോ ?

Mr. Speaker: I have allowed him to speak.

Shri R. Raghava Menon: The Speaker must not shut us out. We can change our places. We are given certain freedom in this House. We are not school boys here. The Speaker is here to regulate us. We must obey him when it is necessary.

Mr. Speaker: It is definitely the Rule that a Member can speak only from his seat. It is wrong for hon. Shri Raghava Menon to assert that a Member can speak from anywhere he likes.

Shri R. Raghava Menon: We have spoken from various places. It is only when poll is taken that we are expected to be in our seats. Though the rule is there it is commonsense, decency and convenience that should be taken into consideration. A member can remain in his seat or leave his seat and go away.

LIBRARY ARCHIVES Kerala Legislative Assembly

Mr Speaker: But Rule is Rule. Sub-rule (vii) of Rule 11 says—

"Whilst the Assembly is sitting, a member shall keep to his usual seat while addressing the Assembly;" The hon. Member's statement was wrong. Is there anybody to speak on the amendment.

ശ്രീമതി കെ. ആർ. ഗൗരി: പേഴ്സൺ എന്നുള്ളതിനു ഡഫനിഷൻ ആവശ്യമാണ്. പല ക്ലാസ്സിലും എവിടെയെല്ലാം ആവശ്യം വരുന്നുണ്ടോ അവിടെയെല്ലാം പേഴ്സൺ എന്നു ചേർത്തിട്ടുണ്ട്. ഇതു ഡിലീറ്റ് ചെയ്യുകയാണെങ്കിൽ പ്രൈവറ്റ് ട്രസ്റ്റ് വരെയുള്ളതു ഒഴിഞ്ഞുപോകും.

" any institution capable of holding properties " ഈ വിധത്തിൽ വരുമ്പോൾ ഇതിൽ ചേർക്കുന്നതിനാണ് ഇങ്ങനെ എഴുതി ചേർത്തിട്ടുള്ളതു്. അതുകൊണ്ടു് ഭേദഗതിയെ ഞാൻ എതിർക്കുകയാണു്.

Mr. Speaker: There was some suggestion about re-drafting the amendment of the Minister,

Shri M. Narayana Kurup: The suggestion was that it should be modified as " 'person' shall include a company, family, association or other body of individuals whether incorporated or not and any institution capable of holding property."

Mr. Speaker: It is only a verbal change.

Smt. K. R. Gouri: I have already moved the amended amendment.

Mr. Speaker: I will put that amendment to vote.

Shri P. T. Chacko: Sir, that cannot be put now. If that amendment is accepted my amendment will be ruled out.

Mr. Speaker: Yes. Your amendment will have to be given priority. I am sorry.

The amendment (No. 161) moved by Shri P. T. Chacko was put and lost.

The following amendment moved by Smt. K. R Gouri was put and carried :—

"Clause 2 (35) shall be re-cast as follows :—

"(35) 'person' shall include a company, family, association or other body of individuals whether incorporated or not and any institution capable of holding property."

The amendment was put and carried.

Shri P. T. Chacko: Sir, I move :

"In clause 2, sub-clause (36) the words "or such other kind of special crops as may be specified by the Government by notification in the Gazette' be deleted, and the words "lands reserved bona fide for the cultivation and" be inserted after the words "and includes".

Sir, the purpose of my amendment is very clear. The first part of the amendment deals with a power which the Government wants to take. Sir, it is, as was pointed out, very strange that this Government in almost every legislative measure they bring in should try to take arbitrary powers for themselves. This

LIBRARY ARCHIVES Kerala Legislative Assembly

is one such instance. Now, it is not difficult for this House to decide what crops should come within the definition of plantation. But the Government want to reserve some power so that they may include other crops afterwords according to their pleasure. Sir, from our experience, any such power given to Government is likely to be misused. Now, there have been very grave allegations that even the ordinary administrative machinery of Government is utilised for exploring means and ways for strengthening party funds. The Government was not prepared even when an occasion arose to go into the matter and enquire. It is true that in some of the legislations in other States power is usually taken by Government for the implementation of certain measures. Here it is quite different. In every legislative measure which is brought before this Assembly we find a large number of instances where the Government want to take more and more powers. There is also another distinction here. In all the other States in India there are Governments which are prepared to abide by democratic precedents, whereas we have a Government here which was bold enough to say in the Legislature that they do not consider the democratic precedents set up by other States should be followed here. According to the Minister for Finance the only precedents which should be followed are these which we create. Therefore, I venture to say that here is a Government which is not prepared to abide by any democratic precedents and that means, in essence; that here is a Government which is functioning within the four walls of the Constitution but at the same time trying to undermine the provisions of the Constitution. Here is a Government which is functioning within a democratic set up but which really wants to end democracy for all time.

Shri T. K. Krishnan : Sir, on a point of order. What the member is saying is quite irrelevant to the discussion before the House.

Mr. Speaker : What the Leader of the Opposition was saying was quite relevant. Honourable Shri Chacko wanted to delete this sub-clause arguing that Government cannot be given powers under this provision giving his reasons for it. There is nothing irrelevant in it. He is within his right to argue like that.

Shri P. T. Chacko : I was only saying that the Government are asking for powers which according to me may be very arbitrary and used for the benefit of certain persons or for the benefit of the ruling Party. Therefore, I must point out that even though certain Governments may be vested with such powers, this Government which has always been using such powers and the Government machinery itself for undermining the provisions of the Constitution and ending the democratic set up of the State should not be given such powers. And, I am afraid, to be clear, that this power may be used for enriching the party coffers. The declaration of a few crops as plantation is a matter which can be decided in the House itself. Why should the Government reserve the power to declare later that a

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

particular crop is a plantation. So, Sir, regarding the first part of my amendment I submit that it is not at all necessary that this power should be vested in the Government.

Regarding the second part of my amendment my purpose is very clear. When I made my observations during the general discussion of the Bill I endeavoured to show why there should be a provision which would enable the expansion of plantation in our State. The definition of 'plantation' practically rules out any expansion in our plantation industry. As I have pointed out the plantation industry in the State is a vital industry which is of very great importance to the State. Take for example the rubber industry. Raw rubber is deficit in our country and we are importing raw rubber to meet the requirements of our manufacturing industries. As I said, Kerala alone is producing about 96 per cent of the rubber and we have got lands which can be utilised for the expansion of the rubber industry. Just like that we have got first class tea lands which are rare in other States and we should use those lands for expanding tea plantation industry. Therefore I thought that lands bona fide reserved for the purpose of cultivating plantation crops should also be deemed as plantation. There is scope for this industry to grow. Therefore, I believe that the Government would consider this proposition. The Minister in charge said at the time of the general discussion for the consideration of the Bill that Government are alive to the necessity to provide for the expansion of the industry in the State. If really the Government feels the necessity, I submit that this amendment should be accepted or they should bring in some other amendment by which the scope of the expansion of the rubber plantation industry is not limited by the provisions of this Bill.

Mr. Speaker: There are a number of amendments on sub-clause (36). The members who have tabled amendments may move them and then we will have a general debate. Shri E. P. Poulose, may move his amendment.

Shri E. P. Poulose: Sir, I move the following amendment—

"In sub-clause (36), omit the words "or such other kind of special crops as may be specified by the Government by notification in the Gazette" after 'rubber or cardamom'; and after the words "by notification in the Gazette and includes lands used", insert "or bona fide reserved".

Smt. Rosamma Punoose: Sir, I move the following amendment:—

"In clause 2 (36), the words 'or such other kind special crops as may be specified by the Government by notification in the Gazette' be deleted, and after the words 'and includes' insert the following words:—

"lands reserved bona fide for the cultivation of rubber and lands"

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭേദഗതിയിൽ കാണുന്ന ആദ്യത്തെ ഭാഗം ഡിലീറ്റ് ചെയ്യണമെന്നു ഞാൻ പറയുമ്പോൾ ശ്രീമാൻ ചാക്കോ ഇവിടെ പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു എന്നർത്ഥമില്ല. ഈ വകുപ്പു ഗവണ്മെൻറ് ദുരുപയോഗപ്പെടുത്തുമെന്നു് എനിക്കു് അഭിപ്രായമില്ല. എന്നാൽ "പ്ലാൻറേഷൻ" ന്റെ നിർവചനത്തിൽ പെടുത്തേണ്ടതെല്ലാം ഇപ്പോൾ തന്നെ ഉൾപ്പെടുത്തുന്നതു കൂടുതൽ നന്നായിരിക്കും എന്നു് എനിക്കു അഭിപ്രായമുള്ളതുകൊണ്ടു മാത്രമാണു് ഈ ഭാഗം ഡിലീറ്റ് ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്.

ഭേദഗതിയുടെ രണ്ടാമത്തെ ഭാഗം റബ്ബർ പ്ലാൻറേഷനു വേണ്ടി ബോണഫയിഡ് ആയി റിസർവു ചെയ്തിട്ടുള്ള സ്ഥലം കൂടി പ്ലാൻറേഷന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതാണു്. റബ്ബർ വ്യവസായത്തിന്റെ പ്രാധാന്യത്തെ മുൻനിറുത്തിയാണു് ഞാൻ ഈ നിർദ്ദേശം വയ്ക്കുന്നതു്. ഇൻഡ്യയിലുണ്ടാകുന്ന റബ്ബറിന്റെ 96 ശതമാനവും കേരളത്തിലാണു് ഉൽപ്പാദിപ്പിക്കുന്നതു്. ഇൻഡ്യയിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 6 ശതമാനംമാത്രമാണു് മദ്രാസ്സിലും മൈസൂരിലും കൂടി ഉണ്ടാക്കുന്നതു്. റബ്ബർ ബോർഡിൽ നിന്നു് ഗവേഷണങ്ങളും നടത്തിയിട്ടു് മൈസൂരിലും മദ്രാസ്സിലും റബ്ബർ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു കൊള്ളാവുന്ന സ്ഥലം ഇല്ലെന്നാണു കാണുന്നതു്. 1958-59-ൽ ഇൻഡ്യയിലെ റബ്ബർ ഉൽപ്പാദനം 25,000 (ഇരുപത്തി അയ്യായിരം) ടൺ മാത്രമാണു്. 1958-ൽ ഇൻഡ്യയിലെ റബ്ബർ Consumption 39,000 (മുപ്പത്തി ഒൻപതിനായിരം) ടണ്ണാണു്. 1958-59-ൽ തന്നെ 14,000 (പതിനാലായിരം) ടൺ റബ്ബർ ഇൻഡ്യയിലെ ആവശ്യത്തിനായി ഇറക്കുമതി ചെയ്തിട്ടുണ്ടു്. 1970-ൽ ഇൻഡ്യയിൽ ഒരു ലക്ഷം ടൺ റബ്ബർ വേണ്ടിവരുമെന്നാണു് റബ്ബർബോർഡു കണക്കാക്കിയിരിക്കുന്നതു്. ഇന്നു് രണ്ടു ലക്ഷത്തിമുപ്പതിനായിരം ഏക്കർ മാത്രമാണു് കേരളത്തിലെ റബ്ബർ തോട്ടങ്ങളുടെ വിസ്തീർണ്ണം. ഈ രണ്ടു ലക്ഷത്തിമുപ്പതിനായിരം ഏക്കർ സ്ഥലത്തുനിന്നു് 25,000 ടൺ റബ്ബർ മാത്രമാണു് കഴിഞ്ഞവർഷം ഉൽപ്പാദിപ്പിച്ചിട്ടുള്ളതു്. അപ്പോൾ 1970-ൽ ഒരു ലക്ഷം ടൺ റബ്ബർ ഉൽപ്പാദിപ്പിക്കണമെങ്കിൽ ഇന്നുള്ള റബ്ബർ തോട്ടങ്ങളുടെ നാലിരിട്ടി അതായതു് എട്ടു ലക്ഷം ഏക്കറെങ്കിലും റബ്ബർ പ്ലാൻറേഷൻ ഉണ്ടായിരിക്കണമെന്നു കാണാവുന്നതാണു്.

സെക്ഷൻ 57-ൽ (2)-ൽ പ്ലാൻറേഷനോടു ചേർന്നു കിടക്കുന്നതിൽ നിന്നു പുതിയതായി പ്ലാൻറ് ചെയ്യുന്നതിനു് 20 ശതമാനം നീക്കിയിട്ടിട്ടുള്ളതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചതു്.

ഇന്നുള്ള രണ്ടുലക്ഷത്തിമുപ്പതിനായിരം ഏക്കർ റബ്ബർ തോട്ടം ഉള്ളതിന്റെ അറുപതു(60)ശതമാനവും അൻപതു(50)ഏക്കറിൽ താഴെയുള്ള തോട്ടങ്ങളാണു്. ചെറിയ തോട്ടങ്ങളിൽ കൂടുതൽ റബ്ബർ വച്ചുപിടിപ്പിക്കുന്നതിനുള്ള സ്ഥലം ഒട്ടും തന്നെ കാണുകയില്ല. ഇന്നുള്ള റബ്ബർ തോട്ടങ്ങളുടെ ആകെ വിസ്തീർണ്ണത്തിന്റെ 20 ശതമാനം റബ്ബർ വച്ചു പിടിപ്പിക്കുന്നതിനായി റിസർവ്വു ചെയ്തിരുന്നതന്നെയിരിക്കട്ടെ. എങ്കിൽ തന്നെ നാൽപത്തി ആറായിരം (46,000) ഏക്കർ മാത്രമാണു് ഉള്ളതു്. റബ്ബർ പുതിയതായി വച്ചു പിടിപ്പിക്കുന്നതിനു കിട്ടുന്ന 46,000 ഏക്കർ സ്ഥലത്തു കൂടുതലായി റബ്ബർ വച്ചു പിടിപ്പിച്ചാൽ തന്നെ 1970 ലേക്കു് ഇൻഡ്യയിലേക്കു് ആവശ്യമായ ഒരു ലക്ഷം ടൺ റബ്ബർ ഉല്പാദിപ്പിക്കാൻ സാധ്യമല്ല എന്നു കാണാവുന്നതാണു്. അതുകൊണ്ടു് ഇൻഡ്യയിലെ ആവശ്യങ്ങൾക്കു് അന്യ രാജ്യങ്ങളിൽ നിന്നു് റബ്ബർ ഇറക്കുമതി ചെയ്യാതെ ഇവിടെ റബ്ബർ കൂടുതൽ ഉൽപ്പാദിപ്പിക്കേണ്ടതു് റബ്ബർ വ്യവസായത്തിന്റെ പ്രാധാന്യം പരിഗണിക്കുമ്പോൾ അത്യാവശ്യമായതുകൊണ്ടു് പുതിയ റബ്ബർ പ്ലാൻറേഷനു വേണ്ടി വേണ്ടത്ര സ്ഥലം റിസർവു ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണു്. എന്നാൽ ഈ സത്കർമ്മം തോട്ടം ഉടമസ്ഥന്മാർ ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനുവേണ്ടി ഇങ്ങനെ റിസർവു ചെയ്യുന്ന സ്ഥലം ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുള്ളിൽ റബ്ബർ വച്ചുപിടിപ്പിച്ചിരിക്കണം എന്നുള്ള റസ്ട്രിക്ഷൻ ഗവണ്മെൻറ് ഏർപ്പെടുത്തുന്നതിനും എനിക്കു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി റോസമ്മ പുന്നൂസ്]

പുതിയ റബ്ബർ പ്ലാന്റേഷനുവേണ്ടി സ്ഥലം റിസർവ്വു ചെയ്യുന്നതുപോലെ തേയിലയ്ക്കു റിസർവ്വു ചെയ്യേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. കാരണം തേയില ഇന്നു് ആവശ്യത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടു തേയിലയ്ക്കു മാർക്കറ്റു കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടു്. മാത്രമല്ല ഇന്നു് കേരളത്തിലുള്ള പല തേയിലത്തോട്ട കമ്പനിക്കാരും വമ്പിച്ച മൂലധനം ആഫ്രിക്കയിലും കേരളത്തിനു വെളിയിലുള്ള മറ്റു സ്ഥലങ്ങളിലും മുടക്കി പുതിയ തേയിലത്തോട്ടങ്ങൾ ആരംഭിച്ചിരിക്കയാണു്. ഇന്നത്തെ തേയിലയുടെ ഉൽപ്പാദനവും ലോകത്തിൽ തേയിലയുടെ ആകെ കൺസംപ്ഷനും നോക്കിയിട്ടു് കൂടുതൽ തേയില പ്ലാന്റു ചെയ്യേണ്ട ആവശ്യമില്ലെന്നു ടീ ബോർഡ്ഡു് തന്നെ തീരുമാനപ്പെടുത്തിട്ടുണ്ടു്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കൂടുതൽ തേയില പ്ലാന്റു ചെയ്യാൻ ടീ ബോർഡ്ഡു് അനുവദിക്കുന്നുമില്ല. അതുകൊണ്ടു് തേയിലയ്ക്കുവേണ്ടി സ്ഥലം റിസർവ്വു ചെയ്യേണ്ട ആവശ്യമില്ലെന്നും, റബ്ബർ വ്യവസായത്തിന്റെ പ്രാധാന്യത്തെയും, റബ്ബർ കൂടുതൽ ഇവിടെ ഉൽപ്പാദിപ്പിക്കേണ്ട ആവശ്യത്തെയും പരിഗണിച്ചു് റബ്ബറിനുവേണ്ടി ഉത്തമവിശ്വാസത്തോടു കൂടി നിക്കിവച്ചിരിക്കുന്ന സ്ഥലം കൂടി പ്ലാന്റേഷന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തണമെന്നുമാണു് എന്റെ അഭിപ്രായം.

ശ്രീ. സി. കുഞ്ഞുകൃഷ്ണൻ നായർ: സർ, എന്റെ ഭേദഗതി ഇതാണു്. "In clause 2 (36) add after the word "rubber" "pepper".

ഇതിൽ കുരുമുളകുകൃഷികൂടി ഉൾപ്പെടുത്തണമെന്നുള്ളതാണു് എന്റെ ഭേദഗതി. കാപ്പി, ചായ, ഏലം, റബ്ബർ എന്നീ ഇനങ്ങൾ എണ്ണ പ്രത്യേകം പരിഗണന വച്ചുകൊണ്ടോണോ തോട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്, അതേ പരിഗണനയിൽത്തന്നെ കുരുമുളകിനെയും ഉൾപ്പെടുത്തേണ്ടതാണു്. കാപ്പിയുടെയും, ചായയുടെയും, ഏലത്തിന്റെയും മറ്റും ഉൽപ്പാദനവർദ്ധനവിന്റെ കണക്കിലെടുത്തുകൊണ്ടു് അങ്ങനെയുള്ള തോട്ടങ്ങൾ വെട്ടി വെട്ടിമുറിച്ചാൽ അവയുടെ ഉൽപ്പാദനം കുറഞ്ഞുപോകുമെന്ന ഭയപ്പെട്ടാണു് അവയെ പ്ലാന്റേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ കുരുമുളകുകൃഷി വടക്കെ മലബാറിൽ പ്ലാന്റേഷന്റെ അടിസ്ഥാനത്തിൽ ഇന്നു് ധാരാളമായി നടക്കുന്നുണ്ടു്. വലിയ തോട്ടങ്ങളായി അവ നടത്തുന്നതുകൊണ്ടാണു് അതിന്റെ ഉടമകൾ അതു കൃഷി ഒരു വിധത്തിൽ നടത്തിക്കൊണ്ടു പോകുന്നതു്. ചെറിയ തോട്ടങ്ങൾ ആയിരുന്നാൽ അത്രത്തോളം ആദായകരമായി കൃഷിചെയ്യാൻ സാധ്യമല്ല. അവിടെ തോട്ടം വയ്ക്കുവാൻ ഭൂമി ഉടമകൾ അളുകൾക്കു് സ്ഥലം കൊടുക്കുന്നുണ്ടു്. എന്നാൽ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അളുകൾ കുരുമുളകു തോട്ടങ്ങൾ ഉണ്ടാക്കുവാൻ മുമ്പോട്ടുവരുന്നില്ല. അളുകൾ മലമ്പ്രദേശങ്ങളിൽ പോയി വൻതോതിലുള്ള കൃഷിനടത്തിയാൽ ആദായകരമാകും എന്നല്ലാതെ ചെറിയ തോതിലുള്ള കൃഷി നടത്തുന്നതു് ആദായകരമല്ലാത്തതുകൊണ്ടാണു് അളുകൾ അതിനു് അത്ര ഉത്സാഹം ഇപ്പോൾ കാണിക്കാത്തതു്. കുരുമുളകുകൃഷി ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഡോളർ ഉൽപ്പാദിപ്പിക്കുന്ന ഒരു കൃഷിയാണു്. ഏകദേശം 12 കോടി രൂപ കുരുമുളകു കൃഷിയിൽ നിന്നും കിട്ടിവരുന്നുണ്ടെന്നാണു് കണക്കു കൊണ്ടു കാണുന്നതു്. ഇതുകയിൽ ഒരു നല്ല സംഖ്യ മലബാറിൽ നിന്നാണു് കിട്ടുന്നതു്. കുരുമുളകുകൃഷി പ്ലാന്റേഷന്റെ നിർവചനത്തിൽ ഉൾപ്പെടുത്താതെയിരുന്നാൽ നിശ്ചയമായും കുരുമുളകുകൃഷി നശിച്ചു പോകും. എന്റെ ഈ ഭേദഗതി സ്വീകരിക്കാതെയിരുന്നാൽ കുരുമുളകു കൃഷി വളരെയധികം വിഷമത്തിലാകും.

കുരുമുളകു തന്നെ രണ്ടു തരത്തിലുണ്ടു്, നാടൻ കുരുമുളകും വയനാടൻ കുരുമുളകും. വയനാടൻ കുരുമുളകിനു വില കൂടുതൽ ഉണ്ടു്. വയനാടൻ കുരുമുളകാണു് വടക്കെ മലബാറിൽ മലയോരപ്രദേശങ്ങളിൽ ധാരാളമായി കൃഷി ചെയ്തുവരുന്നതു്. ആ കുരുമുളകിനു് അമേരിക്കയിലും മറ്റും നല്ല കമ്പോളമുണ്ടു്. ആ കൃഷിക്കു് എന്തെങ്കിലും നാശം സംഭവിച്ചാൽ അതു രാജ്യത്തെയും കൃഷിക്കാരേയും ഒരു പോലെ ബാധിക്കുമെന്നുള്ളതിനു് സംശയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. മാധവൻപിള്ള : തോട്ടം തൊഴിലാളികൾക്ക് കൊടുക്കുന്ന മിനിമം വേജസ് വ്യവസ്ഥയും ബോണസ് വ്യവസ്ഥയും മറ്റ വ്യവസ്ഥകളും കുരുമുളകുതോട്ടങ്ങളിൽ ഏർപ്പെടുത്തുന്നതു് ബഹുമാനപ്പെട്ട മെംബർക്ക് സമ്മതമാണോ ?

ശ്രീ. സി. കുഞ്ഞുകൃഷ്ണൻ നായർ : എനിക്ക പരിപൂർണ്ണ സമ്മതമാണു്. പ്ലാന്റേഷൻ ഒബ്ലിഗേഷനിൽ ഈ കൃഷി നടത്തിയില്ലെങ്കിൽ ഇതു് ആദായകരമായി നടത്താൻ ഒരിക്കലും സാധിക്കുകയില്ല. അതുകൊണ്ടു് എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

Shri P. M. Kunhiraman Nambiar: Sir, I move: In clause 2 (36), add after the word 'rubber' and before the words "or cardamom" the words 'cashew, arecanut'.

സർ, ഈ വകുപ്പിൽ 'Plantation' means any land used principally for growing tea, coffee. rubber or cardamom or such other kind of special crops as may be specified by Government, by notification in the Gazette". എന്നുകൂടി പറഞ്ഞിട്ടുണ്ടു്. അപ്പോൾ ഇതിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ ഗവണ്മെന്റ് ആ അധികാരം ഉത്തമ വിശ്വാസത്തോടു കൂടിയും ആവശ്യത്തെ മുൻനിർത്തിയും ഉപയോഗിക്കുകയാണെങ്കിൽ മറ്റ വ്യവസായ സാദ്ധ്യതകളും ഉള്ള കൃഷികളും കൂടി ഉൾപ്പെടുത്തേണ്ടിവരും. അങ്ങനെ ഉൾപ്പെടുത്തേണ്ടി വരുന്നതിൽ ഏതെല്ലാം വ്യവസായികോൽപ്പന്നങ്ങളാണു് എന്നു് വ്യക്തമാക്കുവാൻ വേണ്ടിമാത്രമാണു് ഞാൻ ഈ രണ്ടു ഇനങ്ങളും കൂടി എന്റെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതു് കുരുമുളകു്, അരകു്നട്ടു്, ഇവ രണ്ടുമാണു് അവ. കുരുമുളകു് ഇവിടെ വേണ്ടിടത്തോളം കിട്ടുന്നില്ല. മറ്റ രാജ്യങ്ങളെ നാം ആശ്രയിക്കുന്നുണ്ടു്. എന്നിട്ടതന്നെ ആവശ്യത്തിനു മതിയാകുന്നില്ല. തന്നിമിത്തം അനവധി തൊഴിലാളികളും ബുദ്ധിമുട്ടില്ലാതെ കഷ്ടപ്പെടുകയും ചെയ്യുവരുന്നുണ്ടു്. ഇന്നത്തെ വ്യവസ്ഥ പ്രകാരം കുരുമുളകു തോട്ടങ്ങളും ഭാഗിച്ചു ഭാഗിച്ചുപോകുകയാണെങ്കിൽ ഉൽപ്പന്നങ്ങളും വളരെ കുറഞ്ഞുപോകും. നേരെമറിച്ചു് പ്ലാന്റേഷന്റെ അടിസ്ഥാനത്തിൽ അതു കൃഷി ചെയ്യാൻ അനുവദിക്കപ്പെടുന്നുണ്ടെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക നിലവാരം ഉയർത്താൻ സാധിക്കുമെന്നു മാത്രമല്ല, കുരുമുളകു് ഫാക്ടറിയിൽ ധാരാളം പേർക്കു് തൊഴിൽ കൊടുക്കാനും സാധിക്കും.

മറ്റൊന്നു്, അരകുനട്ടാണു്. ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു് വയലിന്റെ കരയിലൊ തോട്ടിന്റെ കരയിലൊ കൃഷി ചെയ്യുന്ന അരകുനട്ടിന്റെ കാര്യമല്ല. മലമ്പ്രദേശങ്ങളിൽ പ്ലാന്റേഷന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവരുന്ന ധാരാളം കമുകിൻ തോട്ടങ്ങളും ഉണ്ടു്. വേനൽക്കാലത്തു് മിഷ്യൻ കൊണ്ടുവന്നു് വെള്ളം നനച്ചും മറ്റും കൃഷി ചെയ്യുവരുന്ന തോട്ടങ്ങളാണു്. ഈ തോട്ടങ്ങളും വെട്ടിമുറിച്ചു് ഭാഗിക്കപ്പെടുകയാണെങ്കിൽ ഇവയിൽ കൂടുതൽ ഉൽപ്പന്നങ്ങളും ഉണ്ടാക്കുവാൻ ആളുകളും ശ്രമിക്കുകയില്ല. ശ്രമിക്കണമെങ്കിൽ ഇവയെ കൂടി പ്ലാന്റേഷനിൽ ഉൾപ്പെടുത്തണം.

ഈ രാജ്യത്തെ ഏറ്റവും പ്രധാനകൃഷികളായ തെങ്ങു്, നെല്ലു് മുതലായവ കൃഷിചെയ്യുന്ന സ്ഥലങ്ങൾക്കു് പരിധി നിർണ്ണയിക്കുന്നതിൽ യാതൊരു അപാകതയുമില്ല. അതോടൊപ്പം ഈ രാജ്യത്തെ സാമ്പത്തിക നിലവാരം ഉയർത്തുവാൻ പര്യാപ്തമായ ഇത്തരം വ്യവസായോൽപ്പന്നങ്ങളും കൃഷിചെയ്യുന്ന സ്ഥലങ്ങളെ പരിധിയിൽ പെടുത്തരുതെന്നാണു് എനിക്ക പറയുവാനുള്ളതു്.

ശ്രീ. സി. സി. അബ്ദുള്ള : അരകുനട്ട എന്നതിന്റെ ക്രമത്തെ കോക്കനട്ടു് എന്നുകൂടി ചേർക്കുന്നതിൽ എന്താണു് വിഷമം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഞാൻ അതിനെപ്പറ്റി മുമ്പേ പറഞ്ഞു കഴിഞ്ഞു. നിത്യോപയോഗമുള്ള നെല്ലു്, തെങ്ങു് മുതലായ സാധനങ്ങളും ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളെ പരിധിയിൽ നിന്നു ഒഴിവാക്കേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Poulose: Sir, you said the amendments will be moved and then the speeches will be made.

Mr. Speaker: I can assure Shri E. P. Poulose that he will get a chance to speak on this sub-clause. Mr. Raghava Menon's amendment is the same as the Amendment just now moved by Shri C. Kunhikrishnan Nair.

Shri R. Raghava Menon: Yes. It has already been formally moved.

Shri M. Umesh Rao: Sir, I move: In clause 2 (36) add the words 'or areca in Kasaragod taluk' after the word 'cardamom'

In moving this amendment I wish to submit that it is not my intention to have this concession given only to the Kasaragod taluk. Of-course, there are other amendments which suggest that it should be extended to the entire State. But, in view of the fact that the nature of areca cultivation in my taluk is entirely different from the rest of the State, I have suggested this amendment. The cultivation of areca in the Kasaragod taluk, as I submitted on a prior occasion, is limited to certain areas and there it is concentrated. In the other areas, we see areca trees along with other trees like, mango, jack, etc. Of-course, I admit that in some particular areas outside the Kasaragod taluk, there may be intensive cultivation of areca; but in the Kasaragod taluk it is done on such a large scale that I submit it deserves to be considered, in the interests of production, whether it should not be included among 'plantation'.

Mr. Speaker: Mr. Rahim, your amendment (No. 176) is already covered by the amendment moved by Shri Kunhiraman Nambiar.

Shri M. Narayana Kurup, Amendment No. 176 wants to add "cashew" alone whereas the other amendment covers two things cashew and arecanut. So, if Government is willing to accept the addition of 'cashew', but they are not willing to accept the other amendment, difficulty will crop up. In putting the amendments, we are not splitting that amendment by putting 'cashew' and arecanut' separately.

Mr. Speaker: If Government are prepared to accept one and reject the other, then it can easily be done by anoral suggestion; so there cannot be any difficulty on that score. Mr. Kunhiraman Nambiar, are you moving your amendment (No. 177) ?

Shri P. M. Kunhiraman Nambiar: Yes, Sir. I move: In clause 2 (36) add the words 'or prepared to be used' after the word 'used' in line 1.

LIBRARY ARCHIVES Kerala Legislative Assembly

ഈ ആവശ്യത്തിനായിട്ട് തയ്യാറാക്കിയിട്ടുള്ള ചില സ്ഥലങ്ങളും ഉണ്ടായിരിക്കും. ആ സ്ഥലംകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നേ എനിക്കു പറയാനുള്ളൂ.

Mr. Speaker: Shri Kunjukrishnan Nair, the first part of your amendment is covered by Shri Chacko's amendment. Only the second part remains to be moved. Any way, you may move it fully.

Shri N. K. Kunhikrishnan Nair: Sir, I move (No. 180) In clause 2 (36), between the phrase 'and includes lands' and the word 'used' in this sub-clause, insert the following:-

"reserved bona fide for cultivation and lands" and at the end of the sub-clause after the word 'market' add the following:

"as also area which may be lying within the limits or boundaries of such lands" ഇന്നു പ്ലാന്റേഷൻ നടത്തി വരുന്നതു് കുറെ സ്ഥലങ്ങളും പ്ലാന്റേഷനും തിരഞ്ഞെടുത്തു കുറേയായി കാടു വെട്ടിത്തെളിച്ചു് പ്ലാന്റേഷൻ നടത്തിക്കൊണ്ടുവരികയാണു്. അങ്ങിനെ നടത്തിവരുന്ന പ്ലാന്റേഷന്റെ ബൌണ്ടറിയിൽ തന്നെ കുറെ തരിശുസ്ഥലങ്ങളും ഇന്നു് കാണാൻ കഴിയും. അങ്ങനെയുള്ള സ്ഥലങ്ങളും കൂടി പ്ലാന്റേഷനിൽ ഉൾപ്പെടുത്തണം എന്നാണു് എന്റെ അഭിപ്രായം. വയനാടുപോലെയുള്ള സ്ഥലങ്ങളിൽ കാപ്പിത്തോട്ടങ്ങളും ധാരാളമുണ്ടു്. ആ വക തോട്ടങ്ങളുടെ മദ്ധ്യത്തിലും, അതിർത്തിയിലും കുറെ തരിശുസ്ഥലങ്ങളുണ്ടാവും. മിക്കവാറും സ്ഥലങ്ങളും തോട്ടങ്ങളും ഉണ്ടാക്കുവാനായി തയ്യാറാക്കപ്പെട്ടതുകയും ചില സ്ഥലങ്ങളും കാപ്പി, റബ്ബർ മുതലായ തൈകളും വച്ചുപിടിപ്പിക്കുകയും ചെയ്തുവരുന്നുണ്ടു്. തോട്ടം കൃഷിയുടെ തുടർച്ചയായുള്ള അഭിവൃദ്ധിയ്ക്കു് ഇത്തരം പുതിയ സ്ഥലങ്ങളും പുതിയതായി തോട്ടങ്ങളാക്കിക്കൊണ്ടുവരേണ്ട ആവശ്യമുണ്ടു്. ഈ വക ഉൽപ്പന്നങ്ങളാണു് നമുക്കു വിദേശനാണ്യം നേടിത്തരുന്നതു്. അങ്ങനെയുള്ള സ്ഥലങ്ങളും തോട്ടങ്ങളിൽ നിന്നു് ഒഴിവാക്കുകയാണെങ്കിൽ ഇന്നു് നിലവിലുള്ള പ്ലാന്റേഷൻ കുറെയൊക്കെ വെട്ടിനശിപ്പിക്കാൻ ഇടയാകുന്നതാണു്. കാരണം ഇന്നു പ്ലാന്റേഷന്നിടയിൽ കിടക്കുന്ന തരിശുസ്ഥലം മറ്റൊരാൾക്കു കൊടുത്താൽ ആ സ്ഥലത്തേയ്ക്കു് പോകുവാൻ വഴി വേണ്ടിവരും. വഴിക്കു വേണ്ടി പ്ലാന്റേഷൻ നശിപ്പിച്ചാൽ മാത്രമേ കിട്ടുകയുള്ളൂ. ഈ സ്ഥലത്തു് മറ്റൊരാവശ്യം കൂടിയുണ്ടു്. ഇന്നു നിലവിലുള്ള തേയില, റബ്ബർ, കാപ്പി മുതലായ തോട്ടങ്ങൾക്കു വളത്തിനുവേണ്ടി അടുത്തു് പച്ചില ആവശ്യമാണു്. പ്ലാന്റേഷന്റെ രക്ഷയ്ക്കു വേലി ആവശ്യമാണു്. അതിനുള്ള സാമഗ്രികളും തരിശിൽനിന്നു കിട്ടും. തോട്ടങ്ങളുടെ ബൌണ്ടറിയിലും മദ്ധ്യത്തിലും ഉള്ള സ്ഥലങ്ങളും കൂടി പ്ലാന്റേഷനിൽ ഉൾപ്പെടുത്തണം. അങ്ങനെ ഉൾപ്പെടുത്താതെപോയാൽ ചെറുകിട തോട്ടക്കാർക്കു വളരെ വിഷമങ്ങളും നേരിടുന്നതാണു്. വയനാട്ടിൽ കൂടുതലും ചെറുകിട കാപ്പിത്തോട്ടങ്ങളാണുള്ളതു്. അതുകൊണ്ടു് എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

Mr. Speaker: Mr. K. T. Thomas need not formally move his amendment, because it is similar to the one moved by Shri Kunjukrishnan Nair. The Amendments of Shri K. M. George and Shri P. C. Cheriyan also need not be formally moved.

Shri Joseph Chazhikkat's amendment is the same as the one moved by Shri N. K. Kunhikrishnan Nair. The Amendment of Shri Alexander Parambithara is also similar.

Now all the amendments in respect of sub-clause 2 (36), I believe, have been moved. Shri K. M. George will now speak.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഞാൻ നോട്ടീസ് കൊടുത്തിട്ടുള്ള ഭേദഗതി ഇതാണ്:

"In clause 2(36) between the phrase 'and includes lands' and the word 'used' in this sub-clause, insert the following:— "reserved bona fide for the cultivation and lands".

and at the end of the sub-clause after the word 'market' add the following 'as also areas which may be lying within the limits or boundaries of such lands.

ഞാൻ ഈ ഭേദഗതിക്കൊണ്ട് ഉദ്ദേശിച്ചത് എന്റെ നേതാവ് പറഞ്ഞ കാര്യങ്ങൾതന്നെയാണ്. ഈ രാജ്യത്തെസംബന്ധിച്ചു മാത്രമല്ല, ഇൻഡ്യയെ സംബന്ധിച്ചും തോട്ടംവ്യവസായത്തെ നശിപ്പിക്കുന്നത് ബുദ്ധിപൂർവ്വമല്ലെന്ന കരുതിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്. ഇതേ അഭിപ്രായം ഉൾക്കൊള്ളുന്ന മറ്റൊരു ഭേദഗതി ശ്രീമതി റോസമ്മപുന്നൂസ് ഇവിടെ അവതരിപ്പിച്ചുകണ്ടു. വളരെ അധികം ചാരിതാർത്ഥ്യജനകമാണ്. കരുമുളക്, കാപ്പി, അടയ്ക്ക മുതലായവ കൃഷിചെയ്യുന്ന തോട്ടങ്ങൾക്കുകൂടി പ്ലാന്റേഷനിൽ ഉൾപ്പെടുത്തണമെന്ന ഇവിടെ ചിലർ അഭിപ്രായപ്പെടുകയുണ്ടായി. ഇവയെല്ലാം പ്ലാന്റേഷനിൽ ഉൾപ്പെടുത്തിയാൽ നമുക്ക് മിച്ചഭൂമി കിട്ടുമോ എന്നൊരു മനോവൈകല്യം ചിലരിൽ കാണുന്നുണ്ട്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ ക്രമേയനിയമംകൊണ്ട് നാം ഉദ്ദേശിക്കുന്നതെന്ത്, നമ്മുടെ ചക്ഷുസ്സെന്ത് എന്നു പലപ്പോഴും നാം മറന്നുപോകുന്നില്ലേ എന്നു ഞാൻ ഭയപ്പെടുകയാണ്. ഈ നിയമനിർമ്മാണംമൂലം നമ്മുടെ രാജ്യത്തെ സാമ്പത്തിക നിലവാരം എത്രത്തോളം മെച്ചപ്പെടുത്താൻ സാധിക്കും എന്നുകൂടി നാം ചിന്തിക്കേണ്ടതായി ഉണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കേഷ്യസ്വയം പര്യാപ്തത ഏറ്റവും ഒരു ദിവാസ്വപ്നമാണെന്നും നമുക്കറിയാം. ക്രമേയപരിഷ്കാരം വരുത്തുന്നതുകൊണ്ടുമാത്രം വളരെ സാമ്പത്തികശക്തിയുള്ള ഒരു കേരള സംസ്ഥാനം നമുക്കുണ്ടാക്കുവാൻ സാധിക്കുമോ എന്നാലോചിക്കേണ്ടതാണ്. അങ്ങനെ ആലോചിക്കുമ്പോഴാണ് ഇൻഡ്യയുടെതന്നെ സാമ്പത്തികനിലയെത്തന്നെ മെച്ചമാക്കിത്തീർക്കുന്ന നമ്മുടെ തോട്ടങ്ങളെ നശിപ്പിക്കുന്ന യാതൊന്നും ചെയ്യരുതെന്നും പറയേണ്ടിവരുന്നത്. റബ്ബർ, കാപ്പി, തേയില, ഏലം മുതലായ തോട്ടങ്ങൾക്ക് എത്ര കൂടുതൽ സ്ഥലം ഉപയോഗപ്പെടുത്തി എടുക്കുവാൻ നമുക്ക സാധിക്കുമോ അത്ര മുഴുവൻ കിട്ടാനും കൃഷിചെയ്യുവാനും ഉള്ള സാഹചര്യം ഭൂമിയിൽനിന്നും നാം സൃഷ്ടിക്കേണ്ടതാണ്. പ്രായേണ മറ്റു കൃഷികൾക്ക് കൊള്ളാത്ത ഈ സ്ഥലങ്ങൾ പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണ്. ക്ലോസ് 57 (2)ൽ കൊടുത്തിരിക്കുന്ന വ്യവസ്ഥ 20 ശതമാനം ഭൂമികൂടി ഇത്തരം തോട്ടങ്ങളുടെകൂടെ ഉപയോഗപ്പെടുത്താമെന്നാണ്. ശ്രീമതി റോസമ്മ പുന്നൂസ് റബ്ബർതോട്ടത്തിന്റെ കാര്യമാണിവിടെ പറഞ്ഞത്. ആ ശ്രീമതി വരുന്നതു റബ്ബർകൃഷിക്ക വളരെ പ്രശസ്തിയുള്ള ഒരു സ്ഥലത്തുനിന്നാണ്. അതുകൊണ്ട് അവർ പറയുന്ന അഭിപ്രായം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. റബ്ബർകൃഷിക്ക് പലവിധത്തിലുള്ള കോട്ടകളും സംഭവിക്കുന്നുണ്ട്. റബ്ബർകൃഷിക്ക അതായുകാലത്തുണ്ടാകുന്ന കോട്ടകൊണ്ട് ഉൽപ്പാദനം കുറഞ്ഞുപോകുന്നതിനു ഇടയുള്ളതിനാൽ കൃഷി നശിച്ചുപോകാതെ അതു നിലനിർത്തി കൊണ്ടുപോകുന്നതിനു പുതിയ കൃഷി തോട്ടങ്ങളുണ്ടാക്കുന്നതു അവശ്യമാണ്. ആ നിലക്ക 20 ശതമാനമെന്ന പരിധിയിൽ റബ്ബർതോട്ടങ്ങളെ പെടുത്തുന്നതു വലിയ അബദ്ധമായിരിക്കും. അതുകൊണ്ട് 57(2) വകുപ്പു വരുന്നതിനുമുമ്പുതന്നെ ഇവിടെത്തന്നെ ഈ ഭേദഗതി ചെയ്യണം, അതിനുവേണ്ടി ഇപ്പോൾതന്നെ സെറ്റപ്പാർട്ട് ചെയ്തിട്ടുള്ള മുഴുവൻ സ്ഥലങ്ങളിലും റബ്ബർകൃഷി നടത്തുന്നതിനു സൗകര്യം കൊടുക്കേണ്ടതുമാണ്.

സർ, ഈ അവസരത്തിൽ എന്റെ സ്നേഹിതൻ ശ്രീമാൻ കുഞ്ഞുരാമൻ നമ്പ്യാർ സൂചിപ്പിച്ച കുരുമുളകിന്റെ കൃഷിയുടെ കാര്യത്തിലും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുരുമുളകിന്റെ വ്യവസ്ഥയെക്കുറിച്ചു ഇതിനുമുമ്പുള്ള അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറയുകയുണ്ടായി. അതു് നാം അനുകരിക്കേണ്ട അഭിപ്രായമാണു്. ബാംബെ സംസ്ഥാനത്തു 50,000 ഏക്കർ സ്ഥലത്തു കശുമാവിൻകൃഷിചെയ്യത്തക്ക വിധത്തിൽ അതു കൃഷി ഇതയിടെ വികസിപ്പിച്ചിട്ടുണ്ടു്. ഏറക്കുറെ അതിനോടു തുല്യമായവിധത്തിൽ അതു കൃഷി കേരളത്തിലും വികസിപ്പിക്കാവുന്നതാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അതു് ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ ഒരു കമ്മിപ്രദേശമാണു്. ഒരു കമ്മിപ്രദേശമായ നമ്മുടെ സംസ്ഥാനത്തു ഇങ്ങനെയുള്ള, കൂടുതൽ വിദേശനാണ്യങ്ങളും സമ്പാദിച്ചുവരുന്ന കാർഷികവിഭവങ്ങളും വർദ്ധിപ്പിച്ചാൽ മാത്രമെ ഭക്ഷ്യകമ്മി നികത്തുവാൻ സാധിക്കുകയുള്ളു എന്നാണു കാണുന്നതു്. കശുമാവിൻ കൃഷിയുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളും നമ്മോടു മത്സരിക്കുകയാണു്. കശുമാവിൻ കൃഷിക്കു പറ്റിയ സ്ഥലം വേറെ ഒരു കൃഷിക്കുപയോഗിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു് നമ്മുടെ മുതലെടുപ്പിനെയും, പ്രത്യേകിച്ചും ഇൻഡ്യയുടെ വിദേശനാണ്യസമ്പാദ്യത്തെയും കണക്കിലെടുത്തുകൊണ്ടു് ഈ വ്യവസായത്തെ ഇവിടെ അഭിവൃദ്ധിപ്പെടുത്തുവാൻ നോക്കേണ്ടതാണു്.

ശ്രീ. ഉമേശറാവു കാസർകോട്ടേ അടയ്ക്കാകൃഷിയുടെ കാര്യം ഇവിടെ പറഞ്ഞു. കാസർകോട്ടു മാത്രമല്ല, കൊച്ചിയിലും അടയ്ക്കാകൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കും. ഇൻഡ്യയിൽ ഇന്നു നാലുകോടി രൂപയ്ക്കുള്ള അടയ്ക്കാ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണു്. നമ്മുടെ നദീതടങ്ങളിലും മലഞ്ചരിവുകളിലും അടയ്ക്കാകൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് ആ കാര്യത്തിൽ നാം പ്രത്യേകം ശ്രദ്ധചെലുത്തുന്നതു നന്നായിരിക്കും.

പിന്നെ വിദേശനാണ്യം സമ്പാദിച്ചുവരുന്ന മറ്റൊരു വ്യവസായത്തെപ്പറ്റി, തേയിലവ്യവസായത്തെപ്പറ്റി ശ്രീമതി റോസമ്മപുന്നൂസ് പറയുകയുണ്ടായി. കണ്ണൻദേവൻ കമ്പനിയോ മറ്റോ ഇവിടെ വന്നതുകൊണ്ടു് തേയിലവ്യവസായം ഇവിടെ തുടങ്ങിയതല്ല. അടുത്തകാലത്തു ചൈനയിൽനിന്നു വന്ന ചില ആളുകളും ഇവിടത്തെ തേയിലത്തോട്ടത്തെപ്പറ്റി ചില അഭിപ്രായങ്ങളും പറയുകയുണ്ടായിട്ടുണ്ടു്. അവർ കണ്ടിട്ടുള്ളതിൽ ഏറ്റവും നല്ലതും വലിയതുമായ തേയിലത്തോട്ടങ്ങളാണു കേരളത്തിലുള്ളതെന്നു അവർ അഭിപ്രായപ്പെടുകയുണ്ടായി. തേയിലത്തോട്ടങ്ങളുടെ ഉടമകളെ നാം തോട്ടങ്ങളിൽനിന്നും പുറംതള്ളുന്നുണ്ടു്. അവർ പോകണമോ, പോകണ്ടയോ എന്നുള്ളതല്ല നമ്മുടെ പ്രശ്നം. ഈ വ്യവസായം കേരളത്തിലെ പല ഭാഗങ്ങളിലും ഇന്നു നടക്കുന്നുണ്ടു്. ഇൻഡ്യയുടെ വിദേശനാണ്യം സമ്പാദിച്ചുതരുന്ന മറ്റൊരു വ്യവസായമാണു ഇതു്. ആ നിലയ്ക്കു ഈ വ്യവസായത്തെ പോഷിപ്പിക്കേണ്ടതു കേരളത്തിന്റെ നിലയ്ക്കും, ഇൻഡ്യയുടെ നിലയ്ക്കും അത്യാവശ്യമാണു്. ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതിനു നാം ശ്രമിക്കേണ്ടതാണു്. ക്ലാസു് 57(2)ൽ പറയുന്നതുപോലെ 20 ശതമാനം സ്ഥലം ഇതിനുവേണ്ടി നീക്കിവച്ചാൽ പോരാ. ഈ വക കാര്യങ്ങളും മനസ്സിലാക്കി നമ്മുടെ രാജ്യത്തിന്റെയും, ഇൻഡ്യയുടെയും കാര്യങ്ങളും മൊത്തത്തിൽ കണക്കിലെടുത്തുകൊണ്ടു്, പരിമിതമായ നിലയിലെടുക്കാതെ എത്രകണ്ടു് ഈ വ്യവസായം വികസിപ്പിക്കാമോ, അത്രകണ്ടു് വികസിപ്പിക്കുവാനുള്ള പരിപാടികളും നാം അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങനെയുള്ള ഒരു മനോഭാവം ഒരുപോലെ എല്ലാ ഭാഗത്തുനിന്നും വൻകാണുന്നതു സ്വാഗതാർഹമാണു്. ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും ആ മനോഭാവം സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

Shri K. Chandrasekharan: I fully endorse the apprehensions expressed by the Leader of Opposition. But it is likely that Government may think that the sub-clause, as it stands must be there. If Government insist that such a provision must be there, I may state that a sort of check must be there in exercising that power. At least this House and the public of

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

the State must know the circumstances in which such a notification has to be issued and whether such a notification has to be issued at all. I would suggest that if Government are not prepared to accept the first part of the amendment of the Leader of Opposition at least a provision as in sub-clause (3) to clause 55 should be included, so that a draft of the notification proposed to be issued under this sub-clause 36 of clause 2 shall be allowed to be published and that it shall come into force only after the approval of this House. Of course, it is possible that the thing will be passed. But the check would be a safeguard to a certain extent and the arbitrary nature of the provision at least can be exposed by a discussion on the floor of this House. I would therefore suggest that in any case the draft notification should be placed before this House and approved by this House. Undoubtedly it would be better that we discuss and decide what are plantations now and here itself, what are the plantations to be included for the purpose of sub-clause 36. If this is not possible the alternative suggested by me may be accepted.

Then in regard to the suggestion that not only plantations which exist today but plantations of the future also, that is lands which are now reserved for the purpose of tea, coffee, rubber etc. should also be treated as plantations, my Honourable friend Mr. P. M. Kunjhiraman Nambiar has brought in an amendment that lands which are prepared to be used for the purpose of plantations enunciated in the sub-clause should also be considered as plantations. I would certainly ask the Hon. mover of the Bill that at least that amendment be accepted. Lands which have been prepared but which have not become plantations must be considered as plantations. Then it has been brought to the notice of this House by certain members that not only the type of plantations now actually referred to but also pepper, the intensive irrigated type of areca cultivation in Kasaragod, cashew and in one amendment cocoanut also, though it was not moved, should be included. With respect to pepper cultivation in Kasargode,Hosdurg, and North Malabar it is cultivated at an altitude of 2000 to 2500 feet. Cashew cultivation is state-wide and I would suggest that these things be considered not for the purpose of sub clause 36 now. Honourable Shri Madhavan Pillai put a question to the mover of the amendment whether the member was prepared to consider pepper cultivation as a plantation. If that was done it would sound the deathknell of the industry in Kasargod. These are defined as Plantations for the purpose of exemption from ceiling and not with reference to the Plantation Act and Factories Act. If they are treated as a plantation instead of being a fortune it would be a misfortune. The pepper garden which exists only for 20 or 25 years which is the maximum life in Malabar, would be at a great disadvantage because it would not be able to hold in every kind of land because pepper is not really a plantation. These are not real plantations but crops which may be grown in particular areas

LIBRARY ARCHIVES Kerala Legislative Assembly

some of them deserving exemption from the ceiling rule. Therefore I fully endorse the reasons made out by the Hon'ble Members for the inclusion of areca cultivation in Kasargod or pepper and cashew in the private forest areas in Malabar.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, പ്രതിപക്ഷനേതാവിന്റെ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗം കേട്ടിട്ട് ഈ ഭേദഗതിയെ എതിർക്കുവാനാണ് ഞാൻ വിചാരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഗവണ്മെന്റിനു ഈ വിധം നോട്ടിഫൈ ചെയ്യുവാൻ അധികാരം നൽകുന്ന നിയമങ്ങളും മറ്റു പല സംസ്ഥാനങ്ങളിലും ഉണ്ടെന്നു സമ്മതിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ നിഗമനം മറ്റുസംസ്ഥാനങ്ങളിൽ അതാകാം, ഇവിടെ അതു പാടില്ലെന്നാണ്. അദ്ദേഹം പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ഗവണ്മെന്റു വരികയാണെങ്കിൽ ആ ഗവണ്മെന്റിനും ഈ അധികാരം ആകാം. ഈ ഗവണ്മെന്റു അധികാരത്തിലിരിക്കുന്നിടത്തോളം കാലം മാത്രം അതു പാടില്ല. ഈ വകുപ്പു ഇങ്ങനെയിരിക്കുന്നതു സേച്ഛാധികാരത്തിനു കാരണമാകുമെന്നുമൊക്കെ അദ്ദേഹം പറയുകയുണ്ടായി. ഒരു കാര്യം ഇതിൽ നിന്നു വ്യക്തമാണ്. ജനാധിപത്യമെന്നുപറഞ്ഞാൽ, ഇതുമാതിരി അധികാരം കൊടുക്കുന്നു എന്നു പറഞ്ഞാൽ, അതൊക്കെ ഒറ്റ കക്ഷിയെപ്പറ്റി മാത്രമെ പാടുള്ളൂ. ആസ്ട്രായിൽ കാണ്ഗ്രസ് പാർട്ടിയാണ് ഭരിക്കുന്നതെങ്കിൽ അവിടത്തെ ഗവണ്മെന്റിനു ഈ അധികാരം കൊടുക്കാം. മദ്ധ്യപ്രദേശത്താണെങ്കിൽ അവിടെ ഈ അധികാരം കൊടുക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇവിടെ ഇരിക്കുന്നതു കമ്മ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്ന ഒരു കമ്മ്യൂണിസ്റ്റു ഗവണ്മെന്റാണെന്നറിയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതു മെമ്പർക്കും അറിയാമല്ലോ ? ഞങ്ങളും സത്യസന്ധന്മാരാണ്, ഞങ്ങളും കേമന്മാരാണ്, ഞങ്ങളും ഭരിക്കുകയാണെങ്കിൽ കുഴപ്പമില്ല, ഞങ്ങളും ഭരിച്ചാൽ മാത്രമെ ജനാധിപത്യം പുലരുകയുള്ളൂ എന്നുള്ള രൂപത്തിൽ ജനാധിപത്യത്തെപ്പറ്റി പറയുന്നതിൽ എനിക്കു ഖേദമുണ്ട്. ഒരു ഫാസിസത്തിന്റെ ലക്ഷണങ്ങളും ഇങ്ങനെ പറയുന്നതിന്റെ അടിയിൽ കാണുന്നുണ്ട്.

സർ, അതോടൊപ്പം അദ്ദേഹം ഇങ്ങനെ ഒരു ജനാധിപത്യതത്വത്തിനും ചേരാത്ത തരം ബാലിശമായ, ആ പദം ഉപയോഗിക്കുന്നതു ശരിയാണ്, വാദം കൊണ്ടുവരുന്നതിൽ ഞാൻ അതിശയിക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ ഗവണ്മെന്റു ഭരിക്കലും മാറുകില്ല എന്നുള്ള അഷ്വറൻസ് കൂടിയല്ലേ അതു ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : Lands prepared for cultivation എന്നുകൂടിചേർക്കണമെന്നു പറയുന്നു. അതുപോലെതന്നെ കുരുമുളകു കൂടുവേഷൻ പ്ലാന്റേഷന്റെ കൂട്ടത്തിൽ പരിഗണിക്കപ്പെടണം എന്നു പറയുന്നു. അതുപോലെതന്നെ റബ്ബർകൃഷിയും, കുരുമുളകും, കാർഡമം പ്ലാന്റേഷനും വർദ്ധിപ്പിക്കണം എന്നു പറയുന്നു. അതു മാത്രമല്ല കശുഅണ്ടി, കുരു, തെങ്ങ് ഇവയും കൂട്ടത്തിൽ ഉണ്ടാക്കണം എന്നു പറയുന്നു.

Shri K. Chandrasekharan : I would like to make that point clear. I never said that cocoanut garden should be exempted. I only said that in one amendment, it was stated that cocoanut garden should be exempted but that was not moved. Such false statements should not be made on the floor of the House.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാനും അതേ പറയുന്നുള്ളൂ.

ശ്രീ. ടി. എ. തോമ്മൻ : ശ്രീ. സി. സി. അയ്യപ്പനും ഇതുപോലെ അഭിപ്രായമുള്ളതുകൊണ്ടു അതും കൂട്ടത്തിൽപ്പെടുത്തിക്കൂടെ എന്നാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചന്ദ്രശേഖരൻ നാളികേരത്തിന്റെ കാര്യത്തിൽ അമെൻറ്മെൻറ് വന്നിട്ടുണ്ടെന്നു പറഞ്ഞു. പിന്നെ നാളികേരത്തിനും അയിക്കുടെ ?

ശ്രീ. എ. എ. റഹീം: അതു ശ്രീ. സി. സി. അയ്യപ്പൻ പറഞ്ഞതാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഇങ്ങനെ എല്ലാ കൃഷി ക്രോപ്പുകളുടേയും കാര്യം എടുക്കണമെന്നു പറഞ്ഞാൽ പിന്നെ സീലിംഗ് എവിടെയാണു്. ഇവിടത്തെ വിളവുകളൊക്കെ വർദ്ധിപ്പിക്കണമെന്നും നമുക്കു വരുമാനം വർദ്ധിപ്പിക്കണമെന്നും ഇവിടത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനു നമുക്കു സാമ്പത്തികശേഷിയുണ്ടാകണം എന്നും പറയുന്നതിന്റെ വികാരങ്ങളും മാനിക്കാൻ തയ്യാറാണു്. പക്ഷേ, നമ്മുടെ കേരളത്തെസംബന്ധിച്ചിടത്തോളം നാം ഒരു നിയമമുണ്ടാക്കുമ്പോൾ നമ്മുടെ ഭൂമിക്കു ഒരു സീലിംഗ് വയ്ക്കണം എന്നു പറയുമ്പോൾ അതിനുവേണ്ടി ചില ഉപാധികളും നിശ്ചയിക്കണ്ടേ ? കുറ്റമറ്റ എക്സ്റേറൻസീവായിട്ടു കൃഷിചെയ്തു വരുന്നുണ്ടാകും. എല്ലാ പുരയിടങ്ങളിലും നാലോ അഞ്ചോ പറങ്കിമാവോ നാലോ അഞ്ചോ കശുകോ കാണും. അങ്ങനെ ഇവയൊക്കെ പ്ലാൻറേഷനായിക്കഴിഞ്ഞാൽ പിന്നെ നെൽപ്പാടങ്ങളാണുള്ളതു്. അവിടേയും കശുകം മറ്റും നല്ല പോലെ കൃഷിചെയ്തുവരുന്നതാണു്. അങ്ങനെ വരുമ്പോൾ സീലിംഗിന്റെ പരിധിയിൽ കവിഞ്ഞു ഒരേറ്റവുമധികം ഭൂമിപോലും എടുക്കാൻ കാരണമായില്ല. നാളികേരം, അടക്കാ, ഇവ കൃഷിചെയ്യുന്നതിനു തൊഴിലാളികൾ വേണമെന്നില്ല. നമുക്കെല്ലാവർക്കുമുള്ള ഭൂമി രണ്ടേക്കറായാലും, രണ്ടരേക്കറായാലും നേരെകൃഷിചെയ്യുകയാണെങ്കിൽ അടക്കാനല്ലതുപോലെയുണ്ടാകും. കുറ്റമറ്റവാണെങ്കിൽ അതു വളരെ വേഗത്തിൽ ഉണ്ടാകുന്നതാണു്. ഇത്തരം കൃഷികൾക്കു റബ്ബർ പ്ലാൻറേഷൻപോലെ സ്റ്റ്രിക്ട് അവശ്യമില്ല. നമ്മുടെ രാജ്യത്തെ കൃഷിവികസനത്തിനു ഇവയൊന്നും തടസ്സമാകയില്ല. അടക്കാ ഉണ്ടാകുന്നതിനും കുറ്റമറ്റവുണ്ടാകുന്നതിനും കൂടുതൽ ഏരിയ അവശ്യമില്ല പല സ്ഥലങ്ങളിലും ചെറിയചെറിയ തോട്ടങ്ങളിലാണു് ഇവ കൃഷി ചെയ്തിരിക്കുന്നതു്. അപൂർവ്വം ചില അളുകൾ മാത്രമേ വൻതോതിൽ കൃഷിചെയ്യുന്നുള്ളു.

[Shri K. M. George in the Chair]

അതുപോലെ കശുമുതലിന്റെ കാര്യത്തിൽ തിരുവിതാംകൂറിന്റെ പടക്കോശത്തു ചെറിയചെറിയ പുരയിടങ്ങളിൽ പാഴ്വൃക്ഷങ്ങളുടെ ഇടയിൽ കശുമുതലുകൃഷിചെയ്തിരിക്കും. അയ്യായിരവും, രണ്ടായിരവും പ്ലാൻറർ സ്ഥലത്തുകൃഷി ചെയ്തെങ്കിൽ മാത്രമേ ഈ സാധനങ്ങൾ ശരിയായി ഉൽപ്പാദിപ്പിക്കപ്പെടുകയുള്ളു എന്നു പറഞ്ഞാൽ അതു ശരിയായിരിക്കുകയില്ല. ചെറിയ കർഷകർ തീർച്ചയായും ഈ കൃഷി വർദ്ധിപ്പിക്കുന്നതിനു തയാറാകുന്നുണ്ടു്. അതുകൊണ്ടു് ഈ തരത്തിൽ എല്ലാത്തരം കൃഷിയും ക്യാഷ്ക്രോപ്പായിട്ടു പരിഗണിച്ചു ഒഴിവാക്കുകയാണെങ്കിൽ അതു ഈ നിയമത്തെത്തന്നെ പരാജയപ്പെടുത്തുകയായിരിക്കും എന്നാണെനിക്കു പറയുവാനുള്ളതു്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ഏതെങ്കിലുമൊരെണ്ണം ഗവണ്മെൻറിനു നോട്ടിഫൈചെയ്യുവാനുള്ള ഈ സഭയുടെ മുമ്പിൽവക്കാൻ സാധിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സിങ്കോണ.

ശ്രീ. ടി. എ. തോമ്മൻ: സർ, അതിനെ പ്ലാൻറേഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്താമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഞാൻ സസ്യശാസ്ത്രത്തിൽ വിദഗ്ദ്ധനായ ഒരാളല്ല. ഈ ബില്ലിന്റെ പ്രവർത്തനം ഇന്നോ നാളെയോ തീർന്നുപോകുന്നതല്ല. ഭാവിയിലേക്കുകൂടി നാം കണ്ണോടിക്കേണ്ടതായിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ പ്രാതിനിധ്യമുള്ള ഗവണ്മെന്റ് ഭൂവിയിൽ കൺഗ്രസ്സായിരിക്കാം, പി. എസ്സ്. പി. ആയിരിക്കാം. അന്നും ഗവണ്മെന്റിനു നോട്ടിഫൈ ചെയ്യാനുള്ള അവകാശം വേണമെന്നാണു് ഇതു കൊണ്ടുദ്ദേശിക്കുന്നതു്. അതുപോലെ തന്നെ .....

ശ്രീ. ടി. എ. തൊമ്മൻ : സിങ്കോണ ചെറിയതരത്തിൽ കൃഷി ചെയ്യുന്നതായറിയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : റബ്ബറും അടക്കയും കൊക്കോയുമൊക്കെ നല്ലവണ്ണം കൃഷി ചെയ്യുന്നുണ്ടു്. പിന്നെ വലിയ എസ്റ്റേറ്റായിട്ടു കൃഷി ചെയ്താൽ കൂടുതൽ ലാഭമുണ്ടാക്കാം. അതുപോലെ തന്നെ സിങ്കോണയും.

ശ്രീ. ടി. എ. തൊമ്മൻ : ശ്രീമതി റോസമ്മയുടെ ഭേദഗതി മെമ്പർ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഞാൻ അനുകൂലിക്കുന്നില്ല. പക്ഷേ, 55-ാം വകുപ്പിൽ ചില മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞാൽ മതി. ഈ വകുപ്പിൽ ഭേദഗതി ആവശ്യമില്ല.

Shri E. P. Poulose : In my amendment I have included the two points covered by the amendment moved by the Leader of the Opposition. The two points relate to (i) the deletion of the special powers vested in Government for exempting certain special crops as may be specified by Government by notification in the Gazette and (ii) the inclusion of lands reserved for bonafide cultivation in the definition for 'plantation'.

Sir, our objection in regard to the first point is that we have practically covered every conceivable form of cultivation or plantation either in the Select Committee stage or during the debate on the floor of the House. Mr. Chandrasekharan Nair has very cleverly pointed out that cinchona is one of the probable plantations which would come within the scope of this sub-clause. We have absolutely no objection to include cinchona, eucalyptus or any other cultivation which is not likely to affect the provisions relating to ceiling. So we can include any kind of plantation cultivated in Africa or North America which will not be affected substantially. I do not know how many cinchona estates there are in this State. There may be one or two such estates. Then, what is our objection in including this special right under this clause? Immediately after this bill is passed into law, Government will have to frame rules under section 86.

"56 (2) "In particular and without prejudice to the generality of the foregoing power such rules may provide for the following matters:—"

Now this power to notify certain crops as plantations is not even included in the rule-making powers under Clause 86. If Government have to frame rules under Clause 86 and place them before the House within 14 days there would have been no objection. Here the right is to reserve unlimited powers to declare any crop to come within the definition of plantations.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

The sections are to be implemented after a considerable length of time. After the law has come into force a person as defined in this Bill will have in this possession either 15 acres or 30 acres or a maximum of 37½ acres. Government will then implement the provision in regard to the land and declare them as special crops coming within the definition of plantation. It is not possible because within, say one or two years of the coming into force of the provisions of section 55, there is not going to be any extra land with any person. Or that power has to be exercised before the rules come into operation or before the provisions of this Act are implemented, that is to say, within a short interval after the passing of this Act. Government have been given unlimited powers to exempt any category of crops. That is why we contend that these extraordinary powers may be misused. It is argued that in other States such provisions have been included in similar bills. It has been stated that this particular provision has been enforced in Bombay, Hydrabad and Mysore. A multitude of sins might have been committed elsewhere by Governments by enacting pernicious and bad legislations. That is no reason why we should copy them. It is not a good tendency to copy things by including provisions of legislations passed in other States and say that we are only following other States in this matter. Is it not an extraordinary power for the Government to claim that they will preserve the right of declaring certain categories of crops within a short time after the passing of this Act. I could even understand if such provisions are reserved to Government within the rule making powers to be exercised under Clause 86. That is not done. At any time the Government may, by notification in the Gazette say that all lands under the Japanese method of cultivation will be exempted from ceiling. It is not proper and necessary to arm the Executive with such extraordinary powers. Now apart from the very clever argument of Mr. Chandrasekharan Nair that cinchona may be a probable crop to be exempted, is there any other genuine case which came up for consideration either before the Select Committee or this House. We have considered every crop cultivated in Kerala from tapioca to coffee. After the Assembly has considered all the various crops of plantations, for the Government to reserve this power is tantamount to over-ruling this Assembly in this particular matter. This point may also be considered.

ശ്രീ. പി. ആർ. മാധവൻപിള്ള : മലമ്പാമ്പിൽ, അത്തരക്കണ്ണി എന്ന സ്ഥലത്തു് ഒരുതരം സ്പെഷ്യൽക്രോപ്പ് കൃഷിനടത്തുന്ന കറപ്പത്തോട്ടക്കാര്യം അറിയാമോ?

ശ്രീ. ഇ. പി. പൗലോസ് : കറപ്പത്തോട്ടം ഉണ്ടെന്നു കേട്ടിട്ടുണ്ടു്. അതും വേണമെങ്കിൽ ഇതിൽ ചേർക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, ചോദ്യവും ഉത്തരവും രണ്ടും കേട്ടില്ല; 'സർപ്പക്കാവ്' എന്നോ മറ്റോ പറയുന്നതു കേട്ടു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Chairman: I could not understand correctly. Hon. Mr. Poulose did reply to the hon'ble questioner who was satisfied by the reply.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മി പൗലോസിനമാത്രം മനസ്സിലാക്കാനണൊ റൈയ്സ്സിൽ ചോദ്യം ചോദിക്കുന്നതു ?

ശ്രീ. ഇ. പി. പൗലോസ് : അതിനെപ്പറ്റി മി. മാധവൻപിള്ളതന്നെ വിശദീകരണം നൽകും.

Mr. Chairman: What I said was that the House has understood it.

Shri E. P. Poulose: So, it will be the Officers of the Executive who will have to decide this point. It may not be the Minister who will ascertain what particular crop should be exempted. The Officers of the Agriculture Department and the Plannnig and Development Departments, they may practically make recommendations in regard to this matter because primarily it concerns the Development of Agriculture. And it is very likely that these officers may have certain inclinations in favour of some special crops. That certainly is no point for the Government claiming reservation of power to be exercised by the officers of the Executive. My suggestion, therefore, is that it is not necessary to leave this power to the officers. The reservation of this power is, as has been characterised by the Lord Chief Justice, a new despotism. It is virtually authorising the over-ruling of the provisions which were considered at length in the Select Committee. It gives us some consolation to know that some members on the other side find that there is sufficient justification in applying exemptions to lands bona fide reserved for cultivation for plantations. One of the eminent members on the other side, Smt. Rosamma Punnoose has conceded this principle. She is familiar with the cultivation of rubber. I do not know why she is against granting it for lands for cultivation of tea. There is no basis for the contention that this exemption need not be extended to tea cultivators. Tea is a very important export commodity in this State. Last year the export of tea from this State reached its peak figure and sufficient quantity was left for internal consumption also. Tea can be cultivated only at an elevation of between 5,000 to 6,000 feet. In such areas no other cultivation can be had.

Shri C. Achutha Menon: Is there such lands under private ownership?

Shri E. P. Poulose: Many large tracts of lands under tea cultivation are mainly situated on the slopes of high hills. On the level ground below paddy or some other crops may be cultivated. All hon. Members of this House know that tea is cultivated on the sheer slopes of high hills. By exempting bona fide reserves of such lands for tea cultivation we will be giving an impetus for the expansion of tea cultivation and thus increase the dollar resources of our country by its export. That is in regard to tea.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

In other matters, recently Government have been encouraging the expansion of rubber cultivation in the State. Most people who have taken up liberal grants from the Rubber Board have utilised them for the extension of rubber cultivation. For the first year they take 5 to 10 acres for cutivation. The next year another 5 or 10 acres are added until they complete 50 or 100 acres in 4 or 5 years. In such circumstances it is very easy to see whether such lands are used for bona fide cultivation. There may be other evidences also of the bona fide intention of the parties to extent this cultivation. When it is an ascertainable fact if land has been bona fide reserved for the plantation of rubber, coffee or cardamom it is only justice that they are allowed the benefit of this exemption to all such areas. To deny them this right will be placing unnecessary check upon this valuable plantation in our State. It will cut at the root of the economy of our State which depends to a very large extent upon the plantation. It is possible to give better working condition higher wages and afford greater facilities than in the case of isolated tracts cultivated by small holders. Considering this,s aspect of the question from every point of view, it is necessary to include lands reserved bona fide for cultivation within the exemption provided for plantation. Leaving the powers to the Government has to be abandoned and we have to provide for expansion of cultivation by bringing within the exemption lands bona fide reserved for plantation.

ശ്രീ. കെ. കെ. വിശ്വനാഥൻ : ശ്രീ. ചാക്കോയുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്, ആ ഭേദഗതിയിൽ രണ്ടു കാര്യങ്ങളാണു് പറഞ്ഞിട്ടുള്ളതു്. ഒന്നു് ബില്ലിൽ പറഞ്ഞിരിക്കുന്ന പ്ലാന്റേഷൻ ക്രൂടാതെ ഭാവിയിൽ ഏതെങ്കിലും തരം ക്രാപ്പു് ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളെ പ്ലാന്റേഷനായി നോട്ടിഫൈ ചെയ്യുന്നതിനുള്ള ഗവണ്മെന്റിന്റെ അധികാരം എടുത്തുകളയണമെന്നാണു്. രണ്ടു് ബില്ലിൽ പറഞ്ഞിട്ടുള്ള പ്ലാന്റേഷന്റെ ആവശ്യത്തിനു വേണ്ടി ഉത്തമവിശ്വാസത്തോടുകൂടി റിസർവുചെയ്തിട്ടുള്ള സ്ഥലവും പ്ലാന്റേഷന്റെ നിർവചനത്തിൽ പെടുത്തണമെന്നാണു്. ഒന്നു് ബില്ലിൽ പറഞ്ഞിട്ടുള്ളതിനു് പുറമേ പുതുതായി ഏതെങ്കിലും ക്രാപ്പു് പ്ലാന്റേഷനാക്കിത്തീർക്കാമോ എന്നുള്ള കാര്യത്തെപ്പറ്റി ഈ നിയമസഭയിൽവച്ചുതന്നെ തീരുമാനിക്കേണ്ടതാണു്. ബില്ലിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾക്കു പുറമേ പുതുതായി ഏതെങ്കിലും ഇനം പ്ലാന്റേഷനായി പറയാൻ കഴിയുമെന്നു് വിശ്വസിക്കാൻ ന്യായമില്ല. കാരണം പ്ലാന്റേഷനായി കണക്കാക്കി ഈ ബില്ലിന്റെ പരിധിയിൽനിന്നു് ചിലതിനെ ഒഴിവാക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഈ രാജ്യത്തെ ഓരോ യിനം ഭൂമിയുടേയും ആൾക്കാർ അല്ലെങ്കിൽ തൽപ്പര കക്ഷികൾ സെലക്ടു കമ്മിറ്റിയുടെ മുമ്പിൽ കാര്യമായി വാദിച്ചിട്ടുണ്ടു്. അതു വാദങ്ങളെല്ലാം കേട്ടശേഷമാണു് ഇതിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ മാത്രമേ പ്ലാന്റേഷനായി കണക്കാക്കാൻ പാടുള്ളുവെന്നും പുതുതായി ഒന്നും കണക്കാക്കേണ്ടതില്ലെന്നുമുള്ള തീരുമാനം സെലക്ടു കമ്മിറ്റി സ്വീകരിച്ചതു്. ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞു ഇങ്ങനെ രേ എനേബ്ലിംഗ് പ്രൊവിഷൻ വയ്ക്കുന്നതുകൊണ്ടു് തരക്കേടൊന്നുമില്ല, മറിച്ചു് പല സ്റ്റോറുകളിലും ഉണ്ടെന്നു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മറിച്ചു സ്റ്റോറുകളിൽ ഉണ്ടെന്നു പ്രതിപക്ഷനേതാവുതന്നെയാണു് പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ . ഏതെല്ലാം സ്റ്റോറിലുണ്ടെന്നു് ശ്രീ. നായർ വ്യക്തമാക്കിയില്ല. അങ്ങനെ ഒരധികാരം കൊടുത്തിട്ടുള്ളതായി ഞാൻ നോക്കിയ നിയമങ്ങളിലൊന്നും കാണുന്നില്ല. ഇങ്ങനെ ഏതെങ്കിലും പുതിയ ക്ലാപ്പു് കണ്ടുപിടിച്ചു് ഒഴിവാക്കണമെങ്കിൽ അതിനുള്ള കാലാവധി ഈ നിയമത്തിലെ സീലിംഗ് പ്രൊവിഷൻ നടപ്പിലാക്കുന്നതുവരെയാണു്. ഒന്നൊന്നര ക്കൊല്ലം അതിനെടുക്കുമെന്നു വയ്ക്കുക. ആ സമയത്തിനിടയ്ക്കു് പുതുതായി ഒഴിവാക്കേണ്ട പ്ലാന്റേഷൻ ഏതാണെന്നു കണ്ടുപിടിച്ചാലോ എന്നാണു് സംശയിക്കുന്നതു്. അങ്ങനെ ഒന്നരക്കൊല്ലത്തിനകം കണ്ടുപിടിക്കത്തക്ക പ്ലാന്റേഷൻ എന്തെങ്കിലും കാണുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ശ്രീ. ചന്ദ്രശേഖരൻ നായർ പറഞ്ഞ സിങ്കോണയും, ശ്രീ. മാധവൻപിള്ള പറഞ്ഞ കറപ്പത്തോട്ടവും ഇന്നതന്നെ ദൃഷ്ടിൽപ്പെട്ടിട്ടുള്ളതാണു്. അതൊഴിവാക്കണമെങ്കിൽ ഇന്നതന്നെ ചെയ്യാം. എന്നാൽ അതൊഴിവാക്കേണ്ടെന്നു തീരുമാനിച്ചു. ഈ നിയമസഭയുടെ ദൃഷ്ടിയിൽപ്പെടാത്ത ഒരു ക്രാപ്പും ഈ രാജ്യത്തില്ല. അങ്ങനെ ഏതെങ്കിലും ഒഴിവാക്കണമെങ്കിൽ അതു് ഈ ബില്ലിൽതന്നെ വരുത്തേണ്ടതാണു്. ഇതുപോലെയുള്ള ഒരു നിയമനിർമ്മാണത്തിൽ നിയമസഭയിലെ മെമ്പറന്മാർ തീരുമാനിക്കേണ്ട അതിപ്രധാനമായ ഒരു വിഷയമാണിതു്. ഗവണ്മെൻറിനു ചിലകാര്യങ്ങളിൽ നോട്ടിഫിക്കേഷൻ കൊടുക്കുന്നതിനു അനുവദിക്കേണ്ടന്നല്ല ഞങ്ങളും പറയുന്നതു്. ചില സന്ദർഭങ്ങളിൽ അതാവശ്യമായിവരും. അങ്ങനെ ഒരധികാരം ഗവണ്മെൻറിനു കൊടുക്കുന്നതു് ചിലപ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതു് തരണം ചെയ്യാൻവേണ്ടിയാണു്. നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അപ്രതീക്ഷിതമായ ബുദ്ധിമുട്ടുകൾ തരണം ചെയ്യാൻ അടിയന്തിരമായി ഗവണ്മെൻറിനു് എന്തെങ്കിലും ചെയ്യണമെങ്കിൽ അതിനുള്ള അധികാരമാണു് ഗവണ്മെൻറിനു കൊടുക്കുന്നതു്. അതല്ലാതെ നിയമസഭതന്നെ തീരുമാനിക്കേണ്ട അതിപ്രധാനമായ ഒരു വിഷയം ഗവണ്മെൻറിനു വിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ നിയമസഭയ്ക്കു് നിയമമുണ്ടാക്കാനുള്ള അധികാരം ഗവണ്മെൻറിനു വിട്ടുകൊടുക്കണമെന്നു് പറയുന്നതുപോലെയാണു്. അതിനോടു യോജിക്കാൻ നിവൃത്തിയില്ല. ആ നിലയിൽ ഈ അധികാരം ആവശ്യമില്ലാത്തതാണു്. ആ അധികാരം ഈ ഗവണ്മെൻറിരിക്കുമ്പോൾ ദുരുപയോഗം ചെയ്യും, മറെറാരു ഗവണ്മെൻറിരിക്കുമ്പോൾ ദുരുപയോഗം ചെയ്യുകയില്ല എന്നു പറയുന്നതിനോടും ഞാൻ യോജിക്കുന്നില്ല. ശ്രീ. ഇ. പി. പൗലോസ് പറഞ്ഞതുപോലെ ഗവണ്മെൻറു ദുരുപയോഗം ചെയ്യുമെന്നു പറയുന്നതു് ഉദ്യോഗസ്ഥന്മാർ ദുരുപയോഗം ചെയ്യുന്നതിനെയാണു്. അതുകൊണ്ടു് ഏതെങ്കിലും പ്ലാന്റേഷൻ പുതിയതായി കണക്കാക്കണമെന്നു വരികിൽ അതു് ഈ നിയമസഭയിൽവച്ചതന്നെ തീരുമാനം ചെയ്യുകയല്ലാതെ അതിനുള്ള അധികാരം ഗവണ്മെൻറിനു കൊടുക്കരുതെന്നാണു് പറയുന്നതു്.

മറെറാന്നു് ഉത്തമവിശ്വാസത്തോടുകൂടി ഇതിൽ പറഞ്ഞിട്ടുള്ള പ്ലാന്റേഷന്റെ ആവശ്യത്തിലേക്കു് റിസർവു ചെയ്തിട്ടുള്ള സ്ഥലംകൂടി പ്ലാന്റേഷനായി കണക്കാക്കണമെന്നുള്ളതാണു്. ആ അഭിപ്രായത്തോടു് ആ ഭാഗത്തുള്ള വരും യോജിച്ചിട്ടുള്ളതായി കാണുന്നുണ്ടു്. ശ്രീമതി റോസമ്മ പുന്നൂസിന്റെ ഭേദഗതി റബ്ബർതോട്ടങ്ങളെ സംബന്ധിച്ചുള്ളതാണു്. അതിനു് ഉത്തമവിശ്വാസത്തോടുകൂടി റിസർവു ചെയ്തിട്ടുള്ള സ്ഥലം റബ്ബർപ്ലാന്റേഷനായി കണക്കാക്കണമെന്നാണു് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. അവരുടെ ഭേദഗതി കമ്മ്യൂണിസ്റ്റു പാർട്ടി അംഗീകരിച്ച ഭേദഗതിയാണെന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞിട്ടുണ്ടു്, ഞങ്ങളുടെ ഭാഗത്തുനിന്നും ഭേദഗതികൾ അവതരിപ്പിക്കുകയാണെങ്കിൽ അതു് പാർട്ടിയുടെ ഭേദഗതികളായിരിക്കുമെന്നു്. അങ്ങനെയല്ലെങ്കിൽ ആ ഭേദഗതികൾ സഭയിൽ അവതരിപ്പിക്കയില്ലെന്നും പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി റോസമ്മ പുന്നൂസിന്റെ ഭേദഗതി പാർട്ടി അംഗീകരിച്ചു് ഇവിടെ അവതരിപ്പിക്കുന്ന ഭേദഗതിയാണു്. അതു് ന്യായമാണെന്നു തോന്നുന്നുണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണു് ഇതിൽ പറഞ്ഞിട്ടുള്ള മറെറ പ്ലാന്റേഷനേയും അക്കൂട്ടത്തിൽ പെടുത്താത്തതെന്നാണു് ഞാൻ ചോദിക്കുന്നതു്. റബ്ബറിനു് ഒരു പ്രത്യേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ കെ. കെ. വിശ്വനാഥൻ]

കുതയുണ്ടെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. പ്ലാന്റേഷനെന്നു പറഞ്ഞു് ഒരു പ്രത്യേകത നൽകുന്നതു് ഇൻഡസ്ട്രി എന്നുള്ള നിലയിലാണു്. ഇൻഡസ്ട്രിക്കു് അതിന്റെ ഉൽപ്പാദനത്തിനുള്ള സൗകര്യം വേണം. ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ പ്രോസസ്സ് ചെയ്തു കൊണ്ടുപോകാനുള്ള ഫാക്ടറിസൗകര്യവും വേണം. ആ അടിസ്ഥാനത്തിലാണു് പ്ലാന്റേഷനെ ഒഴിവാക്കുന്നതു്. അങ്ങനെ നോക്കുമ്പോൾ റബ്ബർ പ്ലാന്റേഷനുമാത്രം ഒരു പ്രത്യേക പരിഗണന നൽകുന്നതു് തെറ്റാണു്. റബ്ബർപോലെയാണു് ചായയും, ഏലവും, കാപ്പിയുമെല്ലാം. അതുമെല്ലാം വിദേശനാണയം നമുക്കുണ്ടാക്കിത്തരുന്ന വ്യവസായങ്ങളാണു്. അതുകൊണ്ടു് ആ നിലയിൽ റബ്ബർ പ്ലാന്റേഷനെ പ്രോത്സാഹിപ്പിക്കുന്നതുപോലെ മേൽപ്പറഞ്ഞവയേയും പ്രോത്സാഹിപ്പിക്കേണ്ടതു് ആവശ്യമാണു്.

ശ്രീ. സി. അച്യുതമേനോൻ : റബ്ബർ ഉൽപ്പാദനം വികസിപ്പിക്കാനുള്ള സാധ്യതപോലെ തേയിലയുടെ ഉൽപ്പാദനം വികസിപ്പിക്കാനുള്ള സാധ്യത ഉണ്ടെന്നാണോ ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നതു് ?

ശ്രീ. കെ. കെ. വിശ്വനാഥൻ : കൂടുതൽ സാധ്യത ഉണ്ടെന്നല്ല പറയുന്നതു്. ഈ ഉൽപ്പാദനത്തിനു ഇവിടെ സാധ്യതയുള്ളതു് ഉപേക്ഷിക്കരുതെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : ഇനിയും കൂടുതൽ തേയിലയുടെ ഉൽപ്പാദനം വർധിക്കുകയാണെങ്കിൽ അതു് നമ്മുടെ രാജ്യതാൽപ്പര്യത്തിനു യോജിച്ചതല്ല ഹാനികരമായിട്ടു വരുമെന്നാണു് അറിയുന്നതു്. ഓവർ പ്രൊഡക്ഷൻ വരും.

ശ്രീ. കെ. കെ. വിശ്വനാഥൻ : അതൊരുപക്ഷേ റബ്ബറിനും വരാം. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴേ ചിന്തിക്കുന്നതു ശരിയല്ല. പല കാപ്പികളും നമ്മുടെ രാജ്യത്തു് ആവശ്യത്തിനില്ല. ചിലപ്പോൾ കൂടുതൽവരും. അതിന്റെ അടിസ്ഥാനത്തിൽ നിയമം നിർമ്മിക്കണമെന്നാണു് നാം പറയുന്നതു ശരിയല്ല. അതുകൊണ്ടു് വ്യവസായമെന്ന നിലയിൽ പരിഗണിക്കുമ്പോൾ റബ്ബറിനെ കാണുന്നതുപോലെതന്നെ മറ്റുവ്യവസായങ്ങളേയും കാണണം. ഒരേ രീതിയിലുള്ള സമീപനം എല്ലാ വ്യവസായങ്ങളോടും ആവശ്യമാണു്. അതിൽ വ്യത്യസ്ത പരിഗണന പാടില്ലെന്നാണു് ഞാൻ പറയുന്നതു് അതുകൊണ്ടു് ശ്രീമതി റോസമ്മ പുന്നൂസ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയുടെ പിന്നിലുള്ള സ്പിരിറും സഹകരിച്ചുകൊണ്ടു് എല്ലാ പ്ലാന്റേഷനുവേണ്ടിയും ഉത്തമവിശ്വാസത്തോടുകൂടി റിസർവു ചെയ്തിട്ടുള്ള സ്ഥലം അതിൽ പെടുത്തണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. സി. എ. മാത്യു : സർ, ഈ പ്ലാന്റേഷന്റെ നിർവചനത്തിൽ ഉൾപ്പെടുത്തേണ്ട കാപ്പികളെ സംബന്ധിച്ചും, അതുപോലെതന്നെ പുതിയതായി കാപ്പികൃഷി നശിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിനുണ്ടായിരിക്കണം എന്നു പറയുന്ന അധികാരത്തെ സംബന്ധിച്ചും, കുറെയേറെ ചർച്ചകൾ ഇവിടെ നടന്നുകഴിഞ്ഞു. ഈ ബില്ലിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നതു് തേയില, കാപ്പി, റബ്ബർ, ഏലം എന്നീ നാലു ഇനങ്ങളെ സംബന്ധിച്ചാണു്. പ്രധാനമായി രണ്ടുകാരണങ്ങളെ മുൻനിറുത്തിയായിരിക്കണം ഈ നാലിനം കാപ്പികളെ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു് ഞാൻ വിശ്വസിക്കുന്നു. ഒന്നാമത്തേതു്, ഈ രാജ്യത്തെ സാമ്പത്തിക നിലനോക്കുമ്പോൾ ഇവിടെ വിദേശനാണ്യം സമ്പാദിക്കുന്നതിനു വേണ്ടിയുള്ള എന്ന നിലയ്ക്കു് ഈ നാലിനം കാപ്പികൾക്കു പ്രത്യേകമായിട്ടുള്ള ചില പരിഗണനകൾ ആവശ്യമാണു്. രണ്ടാമത്തേതു് ഈ വിദേശങ്ങൾക്കു വേണ്ടിടത്തോളം ഉൽപ്പാദനവർധനവിനു്, വിസ്തീർണ്ണം കൂടുതൽ ഉണ്ടായിരിക്കുന്നതു സഹായകമായിരിക്കും. ഈ രണ്ടു കാരണങ്ങൾകൊണ്ടാണു് പ്രത്യേകിച്ചു് ഇവയെ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. ഈ കാപ്പികളെ ഇതിൽ ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടായെന്നു് ഈ സഭ വേണ്ടതരത്തിൽ പരിഗണിക്കേണ്ടതാണു് എന്നുള്ള അഭിപ്രായക്കാര

LIBRARY ARCHIVES Kerala Legislative Assembly

നാണ്. ഞാൻ. ഇന്നത്തെ സാഹചര്യം നോക്കിയാൽ ശ്രീ. വിശ്വനാഥൻ സൂചിപ്പിച്ചതുപോലെ, ഈ നാലിനം ക്രാപ്പുകളെയും സംരക്ഷിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനും കൂടുതൽ പരിഗണന ആവശ്യമായിട്ടാണിരിക്കുന്നത്. കൂടുതൽ വിളവെങ്ങളെ ഇതിൽ ഉൾപ്പെടുത്തേണ്ടതിന്റെയാവശ്യം ഇന്നത്തെ നിലയിലില്ലെന്നു അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ചന്ദ്രശേഖരപ്പിള്ള പറഞ്ഞതുപോലെ നാം ഇതുപോലെ പരിധിനിർണ്ണയം എഴുതിയുണ്ടാക്കുമ്പോൾ, അതു കുറെക്കൂടി ഫലപ്രദമാകണമെങ്കിൽ, കൃഷി പുരോഗമിക്കുന്ന വിധത്തിലും, വിപുലമാക്കുന്ന വിധത്തിലും അടിസ്ഥാനപരമായ നിയമ ഭേദഗതികൾ അതിനുണ്ടായിരിക്കണം. നമ്മുടെ രാജ്യത്തു് ഉല്പന്നങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സൗകര്യവും കുഴിവും നോക്കുമ്പോൾ നാലിൽ കൂടുതൽ ക്രാപ്പുകൾക്കുകൂടി ബില്ലിൽ ഉൾപ്പെടുത്തണം. എന്നാൽ ഇന്നത്തെ സാഹചര്യത്തെ നോക്കുകയാണെങ്കിൽ ഈ നാലിൽ കൂടുതൽ ഉൾപ്പെടുത്തേണ്ടതായ ആവശ്യമുണ്ടെന്നതോന്നുന്നില്ല. തെങ്ങും, കമുകും ഇതിലുൾപ്പെടുത്തേണ്ടതാണെന്നു പറയാമെങ്കിലും ഈ നിയമത്തിന്റെ ഉദ്ദേശത്തെക്കൂടി നാം പരിഗണിക്കേണ്ടതാകയാൽ നാലു ക്രാപ്പുകളുടെ ആവശ്യമേ കാണുന്നുള്ളൂ.

കൂടുതൽ ക്രാപ്പുകൾ ഉൾപ്പെടുത്തുന്നതിനു് ഇപ്പോൾ ഗവണ്മെന്റിനു് പ്രത്യേകമായ എന്തെങ്കിലും അധികാരം വയ്ക്കണമോ എന്നകാര്യംകൂടി ഇതിയവസരത്തിൽ ചിന്തിക്കേണ്ടതായുണ്ടു്. ഈ ബിൽ നടപ്പിൽ വരുമ്പോൾ അതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഗുണങ്ങൾ അനുഭവപ്പെടുമാറു്, കൂടുതൽ ക്രാപ്പുകൾ ഉൾപ്പെടുത്തരുതെന്നുള്ള അഭിപ്രായഗതിയെ മാനിച്ചുകൊണ്ടുതന്നെ, ഞാൻ പറയുന്നതു്, കൂടുതൽ അധികാരം എന്തെങ്കിലും ഗവണ്മെന്റിനു കൊടുത്താൽ ഈ ബില്ലിന്റെ പ്രവർത്തനത്തെ അതു് സ്തംഭിപ്പിക്കുകയും, പരാജയപ്പെടുത്തുകയും ചെയ്യുന്നതിനു് വഴി തെളിയിക്കുകയേ ഉള്ളൂ എന്നാണു്. ഗവണ്മെന്റിനു അങ്ങനെ എന്തെങ്കിലും അധികാരം കൊടുത്താൽ ബില്ലിന്റെ പ്രയോജനം നഷ്ടപ്പെടുത്തുന്നതിനും, പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനും വഴിതെളിക്കുമെന്നുള്ളതിനു സംശയമില്ല. അങ്ങനെയൊരധികാരം ഗവണ്മെന്റിനു് കൊടുക്കേണ്ട ആവശ്യമെന്താണു്? ഈ നിയമസഭയ്ക്കു് ഇതിനെ സംബന്ധിച്ചു് ചില അധികാരങ്ങളുണ്ടു്. ആവശ്യം വന്നുകണ്ടാൽ ഇതിൽ കൂടുതൽ ക്രാപ്പുകളെക്കൂടി ഉൾപ്പെടുത്തുവാൻ നിയമസഭ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതു ചെയ്യുവാൻ ഈ നിയമസഭയ്ക്കു കഴിയും. പിന്നെ, ഗവണ്മെന്റിനു് എന്തെങ്കിലും ഒരു അവശിഷ്ടാധികാരം നിലനിറുത്തണമെന്നുള്ള വ്യഗ്രത ഏതെങ്കിലും ഗവണ്മെന്റു കാണിച്ചാൽ, അതിന്റെ ആത്മാർത്ഥതയെപ്പറ്റി ഏതെങ്കിലും മെമ്പർ ചോദ്യം ചോദിക്കുന്നുവെങ്കിൽ അയാളോടു പരിഭവിച്ചിട്ടു് കാര്യമില്ല.

ഈ അധികാരം ഇങ്ങനെ നിലനിറുത്തിയാൽ വേറെ ഒരു ദുഷ്യവും ഉണ്ടാകാനിടയുണ്ടു്. സിലക്ടു കമ്മിറ്റി സ്റ്റേജിലും, അതിനു മുമ്പുമൊക്കെ ഈ രാജ്യത്തെ ഭൂനയത്തെ സംബന്ധിച്ചിടത്തോളമുള്ള ചില നിബന്ധനകൾ ഇതിൽ ഉൾപ്പെടുത്തിക്കൊണ്ടുവരുന്നതിനു് വളരെയധികം പരിശ്രമങ്ങൾ നടത്തിയതായി അറിയാം. ഗവണ്മെന്റിനു് ഇങ്ങനെയധികാരം കൊടുക്കുന്നപക്ഷം, ആ അധികാരം ഉപയോഗിക്കുവാൻ കുറെക്കൂടി വ്യഗ്രത കൂടുവാൻ എളുപ്പമുണ്ടു്. ചിലപ്പോഴൊക്കെ അത്തരം വ്യഗ്രതകൾക്കു് ഗവണ്മെന്റു് വഴങ്ങിക്കൊടുക്കുവാനും ഇടയുണ്ടു്. അങ്ങനെയൊരു സാഹചര്യം ഇല്ലാതാക്കുകയല്ലേ, ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം നല്ലതു്? ആവശ്യമില്ലാത്തതും നിയമസഭയുടെ അധികാരപരിധിയെ അതിലംഘിക്കുന്നതും ആയ ഒരധികാരം, ആ അധികാരം വച്ചുകൊണ്ടിരുന്നാൽ ഒരു പക്ഷെ, ഗവണ്മെന്റു് ഒരുപായം പ്രയോഗിക്കുവാൻ ഇടയുള്ള ഒരധികാരം എന്തിനു ഈ ബില്ലിൽ നിലനിറുത്തണമെന്നു് ഞാൻ ചോദിക്കുന്നു. അങ്ങനെ ഒരു അധികാരം കൂടിയേതീരൂ എങ്കിൽത്തന്നെ, ഈ നിയമസഭയിൽ അതിനുള്ള ഭേദഗതി കൊണ്ടുവരുന്നതിനും, ഈ നിയമത്തിൽ ആ വ്യവസ്ഥകൂടി ഉൾപ്പെടുത്തുന്നതിനും നമുക്കു സാധിക്കും. ആ വഴികൾ നാം അടച്ചിട്ടില്ല. അങ്ങനെ നിയമസഭയുടെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഒരധികാരം എന്തിനു് ഗവണ്മെന്റു് വയ്ക്കുണം?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

രണ്ടാമതു് ഞങ്ങളുടെ പാർട്ടിയിതിനിന്നും അവതരിപ്പിച്ച പ്ലാന്റേഷന്റെ നിർവചനത്തെപ്പറ്റിയുള്ള ഒരാശയമാണു്. ആ ആശയംകൂടി നിർവചനത്തിൽ ഉൾപ്പെടട്ടെ. റബ്ബറിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പരിശോധന ആവശ്യമാണെന്നു പറയുന്നതിലല്ല് റബ്ബറിനെപ്പോലെതന്നെ മുഖ്യപ്രാധാന്യമുള്ള മറ്റു മൂന്നു ഇനം കൃഷികൾകൂടി ആ പരിശോധന ആവശ്യമാണു്. ഇതുംകൂടി പറഞ്ഞുകൊണ്ടു് ശ്രീ. പി. ടി. ചാക്കോ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

Mr. Speaker: Shri Raghava Menon, you wanted to speak on this sub-clause. You can speak now.

Shri R. Raghava Menon: I may be permitted to come to the front seat, so that I may be heard.

Mr. Speaker: Even in your present seat, you are sufficiently audible.

Shri R. Raghava Menon: When you speak, Sir, sometime I cannot hear you.

Shri C. Achutha Menon: The hon. Member is suffering from a complex that he was not being heard.

Shri R. Raghava Menon: Not that. Sometimes I can hear clearly Members speaking from a distance. At other times, I cannot hear the nearest Member. I think the mistake is in the arrangements here.

Now, Sir, my submission is, this legislation is a very old one the Bill has been pending from 1957. We must have got some idea by this time what ought to be exempted from ceiling and what ought to be included in the ceiling, and definitions will have to be framed according to that.

The Select Committee went to the various places in the State; it went to the paddy yielding areas, the arecanut yielding areas, the pepper yielding areas—North Malabar, Kasaragod and other places. So, what I submit is, when we pass a legislation, it must be a fair legislation. The Government must be in a position to know what ought to be taken as plantations and *bona fide* requirements of those plantations must be exempted. That must be and ought to be the idea of Government. Lands which are used for plantation of such crops as tea, coffee, rubber, cardamom, arecanut and pepper may be treated as plantations and exempted from ceiling. Some other things which may come hereafter, you may add in the schedule; that is being done in some legislations; possible crops that the Government will have to recognise as plantations can be added there. What are already plantation crops can be included in this clause now.

Sir, I have put as an amendment the inclusion of 'pepper' under plantations; pepper cultivation in North Malabar may be treated as plantations. It is true that in our households sometimes we grow pepper; but that is not on a plantation scale. We will have one or two pepper vines; sometimes they may

LIBRARY ARCHIVES Kerala Legislative Assembly

thrive and sometimes they may not thrive. In Palghat, in certain areas pepper thrives fairly. Althou h I tried to grow pepper in my compound, I never succeeded. What I meant to say is that pepper as a plantation exists only in North Malabar. Why not we include it under plantations? There will be no harm in including pepper as one of the plantations So too, arecanut. In the Kasaragod area arecanut is cultivated intensively in certain areas, as evidence collected by the Committee there would show.

ശ്രീ. കെ. ചന്ദ്രശേഖരൻ : വടക്കേ മലബാറിലെ പാവപ്പെട്ട ആളുകൾക്ക് ഈ പ്ലാന്റേഷനായിട്ട് സ്വീകരിച്ചാൽ രക്ഷയുണ്ടോ ?

Shri R. Raghava Menon: I know that; that is why I say it may be taken as plantation. If these are not included, these will perish. So, what I may say is, pepper must be taken as a plantation, and area in Kasaragod must be taken as a plantation too. We are pleading only for recognising things *bona fide*. Here also if people want things to be done for economic advantages over others, we should not allow that. But existing facts may be fully recognised. That is the reason why I have brought in my amendment to include pepper also as one of the plantation crops. So also arecanut in Kasaragod must be included under plantations. These crops have got true characteristics of plantation; both these commodities are essential and valuable. They are money crops After all, a frag may swell and swell up to the bursting point; however much it stretches it cannot stretch to the size of a bull. So, when we have ceiling provisions, people can hold only until the ceiling limit. So far as paddy is concerned, let us reserve it for some other areas. Let us put convenient things in the hands of our cultivators and thus intensify our cultivation. Just like other States in India want our articles, or the Government of India want our articles to earn foreign exchange, let us obtain our food requirements from those States. So what I say is we can very well afford to cultivate these very good dollar-earning commodities—I want Government must allow them to develop. Here I do not want to question the *bona fides* of Government to notify in future any crops which they consider to be treated as plantations. But at the same time, existing facts must be recognised and openly allowed also. Pepper and arecanut are not now included among plantations. Why should these plantations be kept in suspense *i. e*, for the cultivators to know whether Government, in their rule-making power, would include them or not. At least we should have time enough to consider about this before the passing of this Act; we are asking for an interval for that, which I am sure, the Leader of the House will allow us.

Regarding the attacks made that the Government are reserving this power to further party ends, I cannot subscribe to that view, because it is a result of party government which we cannot avoid. So whether those charges are real or substantial, we need not take them into consideration.

[Mr. Speaker in the chair]

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

Whatever provisions we make now, let us make them correctly. Good legislation must not leave things in suspense, and things which we can decide now should be decided. We should remember that this is a fundamental legislation, a serious legislation which we are undertaking.

So let us seriously consider the thing to the farthest extent and include all the plantations which we think are really plantations which have peculiar characteristics. Ours is a big country and we have to cultivate large tracts of land. Yesterday, I was travelling along Kottayam where I saw not an inch of land is left uncultivated. Our legislation should not be to get as much land as possible for distribution. We can say that land should not be left uncultivated; but we cannot provide land. After-all we have only 30 cents of land per head. How can we give land to everybody. We are forgetting the essential facts and we are going on with certain ideas of our own. So I would say that arecanut and pepper must also be taken as plantations and reasonable advice and assistance must be given for the development of these plantations. One or two good articles are mentioned in the schedule. It is very good to have power, but it is equally bad to take power when it is not necessary. Therefore the amendment may be reasonably treated and accepted.

ശ്രീ. ജോസഫ് ചാഴിക്കാട്ടൻ: ശ്രീ. കുഞ്ഞുകൃഷ്ണൻനായർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ പിൻതാങ്ങുന്നു.

ഭേദഗതിയെപ്പറ്റി പറയുന്നതിനുമുമ്പായി ഒരു സംഗതി ബഹുമാനപ്പെട്ട സഭയേയും സഭാനായകനായരേയും ധരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ബില്ല്നെപ്പറ്റി ഏകദേശം രണ്ടായിരത്തോളം ഭേദഗതികളും ഇവിടെ ഹാജരാക്കിയിട്ടുണ്ട്. അതിൽ ക്ലാസ്സ് I-ൽ ഉള്ള 15 ഭേദഗതികളും തൊഴാതെയാണ് ഡിസ്കഷൻ ഇടുവിയിട്ടുള്ളത്. ഇപ്പോൾ ചർച്ച ആരംഭിച്ചിട്ട് മൂന്നാഴ്ചയോളം ആയി. ഇടയ്ക്കുള്ള ചർച്ച രണ്ടാഴ്ചത്തെ വിശ്രമത്തിനുശേഷം രണ്ടോ മൂന്നോ ആഴ്ചകൂടി അസംബ്ലി വച്ചിട്ട് ഇടയ്ക്കൊടുക്കുന്നതു് നന്നായിരിക്കും രണ്ടാഴ്ചത്തെ വിശ്രമം ഞങ്ങൾക്കാവശ്യമാണ്. ഞങ്ങൾക്കും കുറേശ്ശ പ്ലാന്റേഷൻ ഉണ്ട്. അതൊക്കെ ഒന്നു ചെന്നു നോക്കി വേണ്ട സംരക്ഷണങ്ങളെല്ലാം ചെയ്തിട്ട് തിരിച്ചുവന്നു് അസംബ്ലി കൂടാം. പ്ലാന്റേഷനെ സംരക്ഷിക്കണമെന്നുള്ളതാണെല്ലാ ഗവണ്മെന്റിനേയും ഉദ്ദേശം. അക്കാര്യം ഗവണ്മെന്റ് ഭാഗത്തുള്ളവർ ഒന്നാലോചിച്ചാൽ കൊള്ളാം.

അവർ അതാലോചിച്ചില്ലെങ്കിൽ, വേറൊരു കാര്യം പറയാം. ഫ്രാൻസിൽ ആളുകളെ നേരെ നിന്നു് ഓരോ ആളെ വെടിവച്ചുകൊല്ലുന്ന ഏർപ്പാടു പണ്ടുണ്ടായിരുന്നു. ഒരാളെ വെടിവച്ചുവീഴ്ത്തി അയാളെ എടുത്തുകൊണ്ടുപോയി മറവു ചെയ്തതിനുശേഷം മറ്റൊരാളെ വെടിവയ്ക്കുക. ഇതായിരുന്നു ഏർപ്പാടു്. ഇതിനു് കുറെ ഏറെ സമയമെടുക്കുമെന്നുകണ്ടു് ഗില്ലറിൻ എന്നൊരു യന്ത്രം കണ്ടുപിടിച്ചു് അതുമുഖേന ആളുകളെ കൊല്ലാൻ തുടങ്ങി. ഫ്രഞ്ചു റെവല്യൂഷന്റെ കാലത്താണു് ഇതുണ്ടായതു്. അനേകമാളുകളെ കുറച്ചുസമയംകൊണ്ടു് കൊല്ലാൻ സാധിക്കും. അതുപോലെ നിയമനിർമ്മാണത്തിലും ഗില്ലറിൻ എന്ന ഒരു യാന്ത്രിക ഏർപ്പാടുണ്ടു്. ബില്ലിനെപ്പറ്റിയുള്ള ഡിസ്കഷൻ എല്ലാം കഴിഞ്ഞു എല്ലാ ഭേദഗതികളും കൂടിച്ചിട്ടു് ഒറ്റവോട്ടെടുപ്പു്. ഒടുവിൽ ബില്ലിനു പാസ്സാക്കുക. അങ്ങനെ വരാതിരിക്കത്തക്കവണ്ണം പ്രത്യേകം ശ്രദ്ധിക്കുന്നതു് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മുഖ്യമന്ത്രി അടുത്തൊരു ദിവസം പറഞ്ഞതായിട്ട് കേട്ടു, 6-ാം തീയതിക്കുമുമ്പേ ഈ ബിൽ എങ്ങനെയെങ്കിലും പാസ്സാക്കുമെന്നു്. നമ്പൂതിരിമാർക്കു് സ്വതേയുള്ള ശുദ്ധഗതികൊണ്ടു് അങ്ങനെ പറഞ്ഞുവെന്നുവേണം വിചാരിക്കുവാൻ. അദ്ദേഹം മിനിഞ്ഞാന്നുചെയ്ത ഒരു പ്രസംഗത്തിൽ, ഈ ബില്ലിനെ പ്രതിപക്ഷങ്ങളും അനാവശ്യമായി എതിർക്കുന്നു എന്നു പറയുകയുണ്ടായി. അതു പോക്കു് അത്ര നല്ലതല്ല. കാള വാല പൊക്കുന്നതു കണ്ടാൽ എന്തിനാണെന്നറിയാം. ഇതുയും മുഖവുരയായിട്ടു പറഞ്ഞുകൊണ്ടു് ഭേദഗതിയെപ്പറ്റി സംസാരിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിരുണ്ടേ വക്കാലത്തു് ഹാജരാക്കിക്കൊണ്ടു് ഇവിടെ രണ്ടുകാര്യം പറയുകയുണ്ടായി ; പൊതുജനങ്ങളുടെ ഭൂരിപക്ഷത്തോടുകൂടി ഭരിക്കുന്ന ഒരു പാർട്ടിക്കു് പൊതുജനങ്ങളുടെ ഇഷ്ടമുള്ള ഒരു നിയമം പാസ്സാക്കിയെടുക്കേണ്ട ബാധ്യതയുണ്ടെന്നും, ഇവിടെ അനവധി കാലത്തേക്കു് നീണ്ടുനിൽക്കുന്ന ഒരു നിയമമാണു് പാസ്സാക്കിയെടുക്കേണ്ടതെന്നും ഇങ്ങനെ രണ്ടു ഭാഗങ്ങളും ആ പ്രസ്താവനയിലുണ്ടു്. ഇതിലാദ്യത്തെ ഭാഗത്തെ ഞാൻ നിഷേധിക്കുന്നു. ഈ രാജ്യത്തെ പൊതുജനങ്ങളുടെ ഭൂരിപക്ഷം സമ്പാദിച്ചുകൊണ്ടല്ല ഇന്നിവിടെ കമ്മ്യൂണിസ്റ്റുകാർ ഭരിക്കുന്നതു്. ചില പ്രത്യേക സാഹചര്യങ്ങൾനിമിത്തം രണ്ടോരം അവരുടെ കയ്യിൽവന്നുചേർന്നു എന്നേയുള്ളു. അവർക്കു് ലഭിച്ചിരിക്കുന്നതു് ആകെയുള്ളതിന്റെ 35 ശതമാനം വോട്ടുമാത്രമാണു്. അതു് ഭൂരിപക്ഷമല്ല. നിങ്ങൾക്കു് രാജ്യത്തിന്റെ ഭൂരിപക്ഷം വേണമെന്നാഗ്രഹമുണ്ടെങ്കിൽ, പൊതുജനങ്ങളുടെ ഭൂരിപക്ഷ പാർട്ടിയാണു് തങ്ങളുടെ പാർട്ടി എന്നു് യഥാർത്ഥത്തിൽ നിങ്ങൾക്കഭിമാനം കൊള്ളണമെന്നുണ്ടെങ്കിൽ, നിങ്ങൾ മറ്റൊരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണു വേണ്ടതു്. അതുവരെ തൽക്കാലം നിത്യനിദാനകാര്യങ്ങളൊക്കെ നടത്തിയാൽമതി എന്നു വയ്ക്കുണം. നിങ്ങൾക്കു് ഭൂരിപക്ഷം കിട്ടുമ്പോൾമാത്രമേ ഇതുയും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന പരിപാടികളിൽ തലയിടാവൂ. ഇതു് അഞ്ചോ ആറോ മാസത്തേക്കുള്ള ഒരു നിയമമല്ല. വളരെ ദീർഘകാലത്തേക്കുള്ള ഒരു നിയമമാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം ഒരു പ്ലേറ്റിൽ എടുപ്പിച്ചു് എല്ലാ പ്രസംഗങ്ങളുടേയും അവസാനത്തിൽ അതു് ആവർത്തിച്ചു പ്രയോഗിക്കുന്നതു് ഇതിനെക്കാൾ നന്നായിരുന്നേനെ.

ശ്രീ. മോസഹ് ചാഴിക്കാടൻ: എന്റെ പ്രസംഗം പ്ലേറ്റിലെടുത്തുവച്ചതുകൊണ്ടുമാത്രമായില്ല. ഇവർ അതു് കേൾക്കുകയുംകൂടിവേണം. എങ്കിൽ നന്നുകൂടി നന്നായിരുന്നേനെ. എന്തുചെയ്യാം? അവർ സമ്മതിക്കുകയില്ല.

ക്ലാസ്സു് 2-ൽ ഈ ഉപവകുപ്പു് വളരെ പ്രധാനമായ ഒന്നാണു്. ക്ലാസ്സു് 2 (36)-ൽ പറയുന്ന വ്യവസ്ഥ നടപ്പിൽ വരുത്തുമ്പോൾ കോടിക്കണക്കിനുള്ള ജനങ്ങളുടെ ക്രയവിക്രയം വരുന്നതാണു്. അതുകൊണ്ടു് നാം അതിനെപ്പറ്റി കാര്യമായി ചിന്തിക്കണം. കേരളത്തിൽ കൃഷ്യുസമ്പ്രദായപരിവർത്തന ഇല്ലെന്നു് നമുക്കെല്ലാം അറിയാം. ഇവിടെ അധികമാളുകൾക്കും ഭൂമിയില്ല. അതുകൊണ്ടു് ഉള്ള ഭൂമിയിൽനിന്നും അരി മേടിക്കാനുള്ള കാശുണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. പത്തുകൊടി വയ്ക്കുക, അല്ലെങ്കിൽ റബ്ബർ നടുക, ഇഞ്ചി നടുക, മുതലായവ ചെയ്തു് അതിൽനിന്നും കാശുണ്ടാക്കുവാൻ നോക്കുന്നു. ഈ രാജ്യത്തെ ജനങ്ങൾക്കു് അത്യാവശ്യത്തിനുള്ള അരി പുറത്തുനിന്നും പൈസകൊടുത്തു് വാങ്ങേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ചക്കുണ്ടാക്കുന്ന സകല കൃഷികളേയും നാം പ്രോത്സാഹിപ്പിക്കേണ്ടതുണ്ടു്. അക്കൂട്ടത്തിൽ തെങ്ങു്, കമുകു്, പെപ്പർ, സിങ്കോണ മുതലായ എല്ലാ കൃഷികളേയും പ്രോത്സാഹിപ്പിക്കേണ്ടതാണു്.

പ്ലാന്റേഷനെപ്പറ്റി പറയുമ്പോൾ,

"Plantation" means any land used principally for growing tea, coffee, rubber or cardamom or such other kind of special crops as may be specified by Government by notification in the Gazette.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

എന്നുകൂടി പറയുന്നുണ്ട്. ഈ ഒടുവിൽ പറഞ്ഞതിനെയാണ് ഭയപ്പെടേണ്ടത്. അതിന്റെ കാരണമുണ്ട്. കേരളത്തിലെ കൃഷിപോലും സാമുദായികാടിസ്ഥാനത്തിലുള്ളതാണ്. സമുദായത്തെ ബന്ധിക്കുന്ന കൃഷികളും തോട്ടങ്ങളും തെങ്ങിൻപുരയിടങ്ങളും കേരളത്തിലുണ്ട്, ഇന്നത്തെ ഭരണകക്ഷിക്ക് സമുദായവും വർഗ്ഗവും ഒന്നും ഇല്ലെന്നു പറയുന്നുണ്ട്. സമുദായവ്യത്യാസം ഇല്ലാത്ത ഇന്നത്തെ ശവങ്ങൾറിന്റെ കൃാബിനറ്റുമാത്രം ഒന്നു പരിശോധിച്ചാൽ മതി. ദശാംശംവരെ കൃത്യമുള്ള സമുദായപരിഗണന അവിടെ ദീക്ഷിച്ചിട്ടുണ്ട്. ഇത്രത്തോളം സമുദായബോധമുള്ള ഒരു പാർട്ടിയും ഇതുവരെ കേരളത്തിലുണ്ടായിട്ടില്ല. അതറിയണമെന്നുണ്ടെങ്കിൽ അങ്ങോട്ടൊന്നു നോക്കുക. ഒരു മലയാളബ്രാഹ്മണനുണ്ട്, ഒരു തമിഴ് ബ്രാഹ്മണനുണ്ട്, പിന്നെ ഒരു നായർ, പിന്നെ ക്രിസ്ത്യാനികളായിരുന്ന ഒന്നരണ്ടു പേർ, ഈഴവർ, ഹരിജനവർഗ്ഗത്തിലെ ഒരാൾ, ഒരു മുസ്ലീം, ഇങ്ങനെ സമുദായത്തിന്റെ ശതമാനക്കണക്കു നോക്കിയും, ദശാംശക്കണക്കു നോക്കിയുമാണ് കൃാബിനറ്റ് രൂപീകരിച്ചിരിക്കുന്നത്.

ശ്രീ. സി സി. അബ്ദുള്ള: ഈ ദേശത്തിയിൽ എങ്ങിനെയാണ് ക്രിസ്ത്യാനികളുടെ കാര്യവും മുസ്ലീങ്ങളുടെ കാര്യവും ഉൾപ്പെടുന്നത്?

ശ്രീ. ജോസഫ് ചാടിക്കാട്ട്: അതിനു സംഗതികൾ കൂടെക്കൂടി പറിക്കണം.

സമുദായമൊട്ടുമില്ലെന്നു പറയുന്ന ശവങ്ങൾറിന്റെ കൃാബിനറ്റിൽ ക്രിസ്ത്യാനിക്കു ക്രിസ്ത്യാനി, മുസ്ലീമിനു മുസ്ലീം, നായർക്കു നായർ ഇങ്ങനെ പോകുന്ന സമുദായത്തിന്റെ കണക്ക്. ക്രിസ്ത്യാനികളായിരുന്ന മൂന്നുപേർ ഇപ്പോൾ കൃാബിനറ്റിലുണ്ട്. ക്രിസ്ത്യാനിയുടെ ഭാര്യയെക്കൂടി ഒരു ക്രിസ്ത്യാനിയായി കണക്കാക്കുന്നപക്ഷം നാലുപേരുണ്ട്. അങ്ങനെ ഒരു രാജ്യമാണ് നമ്മുടേത്. ഇന്നും സമുദായവും വർഗ്ഗവും മനുഷ്യരുടെ ഇടയിലുണ്ട്. അതു തുടരുകളഞ്ഞിട്ടു നാം മുമ്പോട്ടു പോകാനൊക്കുകയില്ല. ഈ ബില്ലിലെ ചില വകുപ്പുകൾ, ചില സമുദായങ്ങളെ നേരിട്ടു പിടിക്കുന്ന വകുപ്പുകളാണ്. ബില്ലു പാസ്സാകുന്നപക്ഷം, അതു വടയേയെ ബാധിക്കുന്നതു നായർസമുദായത്തെയാണ്. നായർസമുദായത്തിനു കുറെയൊക്കെ വസ്തു ഇടമയുണ്ടെങ്കിലും, ഭൂമിയുടെ കൈവശാവകാശം വളരെ കുറവാണ്. കൈവശാവകാശം ഇപ്പോഴുള്ളവർക്കു സ്ഥിരാവകാശം കൊടുക്കുകയുണ്ടെങ്കിൽ, നായർ നശിക്കാൻപോവുകയാണ്. നായന്മാരുടെ ഭൂരിപക്ഷം വസ്തുക്കളും അന്യകൈവശത്തിലും കുടിയിരുപ്പിലും ഇരിക്കുകയാണ്. അതുകൊണ്ടു നായർ സമുദായം ഇപ്പോൾ പരിഭ്രാന്തരാകുന്നുണ്ട്.

നായർസമുദായം മുമ്പു വാളുംകൊണ്ടു കുറെനാൾ നടന്നിരുന്നു. അന്നു നായർപട്ടാളവും മറ്റും ഉണ്ടായിരുന്നു. അതിനുശേഷം രാജസേവകന്മാരായി അവർ ഉദ്യോഗത്തിനു പ്രവേശിച്ചു. ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം അവരുടെ കൈയിലുണ്ടായിരുന്ന വാൾപോയി. ശ്രീകൃഷ്ണന്റെ ജോഷ്വൻ എപ്പോഴും കലപ്പയും കൊണ്ടുനടന്നിരുന്നു. അതുപോലെ നായന്മാരും ഒരുകാലത്തു കലപ്പയുംകൊണ്ടു നടന്നിരുന്നു. ഉദ്യോഗത്തിനു നായന്മാർ പോയതിന്റെ ഫലമായിട്ടു അവരുടെ കൃഷി നശിക്കുകയും, വാൾ കൈയിലുണ്ടായിരുന്നു പോകുകയും ചെയ്തു. ഉദ്യോഗത്തിനു പോയതോടു കൂടി അവരുടെ ഭൂമി മുഴുവൻ പാട്ടത്തിനും മറ്റും കൊടുത്തിരിക്കുകയാണ്. ഇപ്പോൾ അവരുടെ ഭൂമി തിരിച്ചെടുക്കുവാൻ പാടില്ലെന്നു പറയുകയാണെങ്കിൽ.....

ശ്രീ. ടി. കൃഷ്ണൻ: ബഹുമാനപ്പെട്ടമെമ്പർ ഇടയിടെ നായരായി എന്നു കേൾക്കുന്നതു ശരിയാണോ? (ചിരി)

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നായരെപ്പറ്റി ഒന്നുമറിയാൻ പാടില്ലാത്തയാണ് ഈ ചോദ്യം ചോദിച്ചതു. ഈ ചോദ്യം കേട്ടപ്പോൾ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണു് എനിക്കു തോന്നിയതു്. ചാഴിക്കാടൻ നായരായി എന്നു പറഞ്ഞാൽ അതു വിശ്വസിക്കും? ഞാൻ നായരാവുകയില്ല. നായരാകാൻ ഉദ്ദേശിക്കുന്നുമില്ല. നായരാകാൻ ഒക്കുകയുമില്ല.

ശ്രീ. പി. ടി. ചാക്കോ: ബഹുമാനപ്പെട്ട മെമ്പർ എഴുതിയ ഒരു പുസ്തകത്തിൽ മെമ്പറുടെ ജാതി യേശുക്രിസ്തുവിന്റെ പെങ്ങളുടെ മക്കളാണെന്നു് പറഞ്ഞിട്ടില്ലേ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഞങ്ങളും, സുറിയാനിക്കാർ ഇസ്രായേലിൽ നിന്നു വന്ന ക്രിസ്ത്യാനികളുടെ വംശത്തിൽപ്പെട്ട ആളുകളാണെന്നു് ഞാൻ വിശ്വസിക്കുന്നു. അതാണു് ഞാൻ എഴുതിയിരിക്കുന്നതു്. 345-ഏ. ഡി. യിൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ ക്രിസ്ത്യാനികളുടെ വംശത്തിൽപ്പെട്ടവരാണു് ഞങ്ങളും. ഇസ്രായേലിലെ ക്രിസ്ത്യാനികളും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ആളുകളാണു്.

ശ്രീ. ഏ. ഏ. റഹീം: ഇവിടെ നടക്കുന്നതു് സുവിശേഷ പ്രസംഗമാണോ ബില്ലിനെക്കുറിച്ചുള്ള ഡിസ്കഷനാണോ? (ചിരി)

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: അതു് മി. റഹീമിന്റെ നേതാവിനോടു് ചോദിച്ചുകൊള്ളുക. (ചിരി) ക്രിസ്ത്യാനിക്കും ഈ ബില്ലുകൊണ്ടു വളരെ ദോഷം ചെയ്യുന്നുണ്ടു്. റബ്ബർതോട്ടവും തേയിലതോട്ടവും ക്രിസ്ത്യാനിക്കാണുള്ളതു്. അല്ലെങ്കിൽ റബ്ബർതോട്ടത്തിലെ അദ്ധ്വായം കൊണ്ടു ജീവിക്കുന്നവർ ക്രിസ്ത്യാനികളാണു്. ക്രിസ്ത്യാനികളുടെ ശത്രുക്കളായിരിക്കുന്ന ഈ കമ്മ്യൂണിസ്റ്റുകാരുടെ ശവമെടുപ്പുകാരായ ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ വേണ്ടിയല്ലേ ഈ വകുപ്പു ബില്ലിൽ ചേർത്തിരിക്കുന്നതു് എന്നു് ക്രിസ്ത്യാനികളും സംശയിക്കുകയാണു്. അല്ലെങ്കിൽ ഞാൻ സംശയിക്കുന്നു. 2 (36)-ൽ പറയുന്നു, തോട്ടങ്ങളെ ശവമെടുപ്പുകാരുടെ ഇഷ്ടംപോലെ നോട്ടിഫൈ ചെയ്തു ഒഴിവാക്കാമെന്നു്. അതുകൊണ്ടു് ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ വേണ്ടിയല്ലേ ഈ വകുപ്പു് ചേർത്തിരിക്കുന്നതു് എന്നു് ഞങ്ങളും ഭയപ്പെടുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: പട്ടികജാതിക്കാരുടെ കൈവശമുള്ള തോട്ടത്തിനു് ഈ വകുപ്പുമൂലം എന്തെങ്കിലും ഹാനി സംഭവിക്കുമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: പട്ടികജാതിക്കാർക്കു് കോഴിത്തോട്ടം അനുവദിച്ചിട്ടുണ്ടു്. (ചിരി) കോഴിത്തോട്ടം എന്നൊരു സ്ഥലമുണ്ടു്. വേറെ തോട്ടങ്ങളൊന്നും പട്ടികജാതിക്കാർക്കില്ല.

ശ്രീ. സി. സി. അയ്യപ്പൻ: അങ്ങനെയാണെങ്കിൽ തോട്ടക്കാരായ ക്രിസ്ത്യാനികൾ എത്രപേരുണ്ടെന്നു പറയാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: അതിനു് വേറെ ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം. (ചിരി)

ശ്രീ. സി. സി. അയ്യപ്പൻ: വേറെ ചോദ്യം ചോദിച്ചാൽ മറുപടി പറയാം എന്നു പറഞ്ഞതുകൊണ്ടു് വേറെ ഒരു ചോദ്യം ഞാൻ ചോദിക്കുകയാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: നാം കാലത്തു മുതൽ വേറെ ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാമെന്നു ഇവിടെ കേഴുക്കുകയാണു്. അതുകൊണ്ടു് ഞാനും അങ്ങനെ പറഞ്ഞതാണു്. കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നു ഒരു ക്രിസ്ത്യാനിയായിരുന്ന ശ്രീമതി റോസമ്മ പുന്നൂസ് ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. ക്രിസ്ത്യാനിയായിരുന്നു എന്നു പറഞ്ഞതിനു് കാരണം പറയാം. ക്രിസ്ത്യാനി കമ്മ്യൂണിസ്റ്റുകാരനായാൽ അയാളെ മതമേലധികാരികൾ ചൊല്ലി സമുദായത്തിൽനിന്നു് പുറത്തയയ്ക്കുകയാണു് പതിവു്. അതുകൊണ്ടു് തോമസും,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

റോസമ്മാപുന്നൂസും, ജാഫ്രിയും, മുണ്ടോത്തുമറിയും എല്ലാം ഇപ്പോൾ ക്രിസ്ത്യാനികളല്ല. അങ്ങനെ ക്രിസ്ത്യാനിയല്ലാതായിത്തീർന്നിരിക്കുന്ന റോസമ്മാപുന്നൂസ് പോലും ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നതിനെപ്പറ്റി നിങ്ങൾ പ്രത്യേകം ആലോചിക്കണം. റോസമ്മാപുന്നൂസിന് റബ്ബർതോട്ടം ഉണ്ട്. അവർക്ക് അവർ ക്രിസ്ത്യാനിയായിരുന്നതുകൊണ്ട് റബ്ബർതോട്ടത്തെപ്പറ്റി അറിയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കമ്മ്യൂണിസ്റ്റുകാരായ ക്രിസ്ത്യാനികൾ, ക്രിസ്ത്യാനികൾ അല്ലെന്നു പറഞ്ഞുവല്ലോ ? റോസാമ്മാപുന്നൂസിന്റെ കല്യാണം എറണാകുളത്തു പള്ളിയിൽവച്ചാണ നടത്തിയതെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അവർ കല്യാണം കഴിച്ച സമയത്തു കമ്മ്യൂണിസ്റ്റുകാരിയായിരുന്നോ എന്നു നോക്കേണ്ടതുണ്ട്.

Mr. Speaker : There is already sufficient scope for Shri Chazhikat Joseph to go out of the scope of the discussion and he exercises that to the maximum of his ability. I wonder this has been copied by the other side of the House also.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ പറയുന്നതിന്റെ അർത്ഥം മറ്റൊന്നുമല്ല. ഗൗരവതരമായ കാര്യത്തെപ്പറ്റി പറയുന്നതിനിടയ്ക്കു നാമെല്ലാം കേട്ടുകൊണ്ടിരിക്കുന്നതുകൊണ്ട് ആ ഗൗരവം ഇല്ലാതാകുന്നതിനുവേണ്ടി ഇങ്ങനെ നേരംപോക്കു പറയുകയാണ്.

ശ്രീ പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഒരു മെമ്പർ ഇവിടെ പറയുന്നതു ഗൗരവതരമല്ലെന്നു മറ്റൊരു മെമ്പർക്കു പറയാമോ ?

Mr. Speaker : That is only his opinion.

ശ്രീ. സി. സി. അയ്യപ്പൻ : സർ, a point of explanation. പ്രസംഗം ഇങ്ങനെ തുടരുകയാണെങ്കിൽ ഈ ഭാഗത്തുള്ള അംഗങ്ങളും ചാഴിക്കാടന്മാരായിത്തീരും.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : റോസമ്മാ പുന്നൂസിന്റെ കല്യാണം വാസ്തവത്തിൽ അവർ കമ്മ്യൂണിസ്റ്റായിരുന്നെങ്കിൽ മെത്രാൻ അതിൽ സഹകരിക്കുകയില്ലായിരുന്നു. മെത്രാൻ അതിനു സഹകരിച്ചതുകൊണ്ട് കല്യാണം കഴിച്ച അവസരത്തിൽ അവർ കമ്മ്യൂണിസ്റ്റുകാരിയല്ലായിരിക്കും. കല്യാണം കഴിച്ചതിനുശേഷമാണ് അവർ കമ്മ്യൂണിസ്റ്റായതെന്നു മെമ്പർ ഇനിയെങ്കിലും അറിഞ്ഞുകൊള്ളുക.

അപ്പോൾ 2 (36)–ാംവകുപ്പ് ക്രിസ്ത്യാനികളെയും സാരമായി ബാധിക്കുന്നതാണ്. ഈ വകുപ്പുമൂലം ഈ രാജ്യത്തു ചരിത്രമുള്ളവരായിട്ടുള്ള ക്രിസ്ത്യാനികൾക്കു വരുന്നതിനെക്കാൾ കൂടുതൽ ദോഷം ക്രിസ്ത്യാനികൾക്കു വരുന്നുണ്ടെന്നു അവർ ഭയപ്പെടുന്നുണ്ട്. ഇതു നിങ്ങൾ ഓർത്തിരിക്കണം. അതുപോലെ ഈ രാജ്യത്തു നായന്മാർക്കും ഇതു വലുതായ ദോഷം ചെയ്യുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാർക്ക് ഒന്നും പോകുവാനില്ല. അവർക്കു വല്ലതും കിട്ടാനേയുള്ളൂ തൊഴുന്നപോയാൽ തൊപ്പിപ്പാള എന്നൊരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണ് കമ്മ്യൂണിസ്റ്റുകാരുടെ സ്ഥിതി. അവർക്ക് ഒന്നും പോകുവാനില്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള : തൊപ്പിപ്പാളയുള്ള തൊമ്മൻ ക്രിസ്ത്യാനിയല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അല്ല. കുഞ്ഞൻനമ്പ്യാരുടെ പദ്യത്തിൽ ഒരു തൊമ്മനെപ്പറ്റി പറയുന്നുണ്ട്. 'വീട്ടിലെങ്ങാൻ വരുന്നോരെ കടിക്കുട നമ്മുടെ തൊമ്മൻ' എന്നും കുഞ്ഞൻനമ്പ്യാർ പറയുന്നുണ്ട്. അതിനു കാരണം ഉണ്ട്. ഒരിക്കൽ ഒരു ക്രിസ്ത്യാനി ഒരു പട്ടിക്കുട്ടിയെ കൊണ്ടുവന്നു. ശങ്കു എന്നു പേരിട്ടുവളർത്തി. ശങ്കു എന്നപേരുള്ള ഒരു നായർ ക്രിസ്ത്യാനിയുടെ അടുത്തു താമസിക്കുന്നുണ്ടായിരുന്നു. ക്രിസ്ത്യാനി രാവിലെ എഴുന്നേറ്റ ശങ്കു, ശങ്കു എന്നു വിളിക്കും. അതിനുശേഷം കാലുപൊക്കെടാ, കൈപൊക്കടാ എന്നു പറയും. ഇങ്ങനെ വിളിക്കുന്നതു് നാണക്കേടായിട്ട നായർക്കു തോന്നി. അയ്യാൾ ഒരു പട്ടിക്കുട്ടിയെ കൊണ്ടുവന്നു് തൊമ്മൻ എന്നു പേരിട്ടുവളർത്തി. തൊമ്മൻ എന്നാണു് ക്രിസ്ത്യാനിയുടെ പേരു്. നായർ രാവിലെ എഴുന്നേറ്റ തൊമ്മ തൊമ്മാ എന്നു വിളിക്കും. കൈ പൊക്ക തൊമ്മാ, കാലുപൊക്ക തൊമ്മാ എന്നു് വിളിച്ചുപറയും.

മി. സ്പീക്കർ : ഈ കഥാപ്രസംഗം നിർത്താറായില്ലേ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പന്തളത്തുകാരനോടു ചോദിച്ചിട്ടു് ആയില്ലെന്നാണു് പറഞ്ഞതു്. കമ്മ്യൂണിസ്റ്റുകാരിൽ ഭൂരിപക്ഷവും ഞാൻ ഈ പറഞ്ഞപോലെയാണു്. അവർക്കു തൊപ്പിപാളയേയുള്ളു. മനം അവർക്കു പോകാനില്ല. കിട്ടുകയാണെങ്കിൽ വല്ലതും കിട്ടുകയും ചെയ്യും. "ഒരവസരമെങ്ങനെ കിടച്ചാൽ ചവറപ്പാവുക്കും ഇരിക്കട്ടെ" എന്നു കരുതുന്ന ആളുകളാണു് അവർ. അധികാരത്തിൽ ഇരിക്കുന്ന പാർട്ടി ഈ നിയമം എങ്ങനെ ഈ രാജ്യത്തെ ആളുകളെ ബാധിക്കുന്നു എന്നു് ആലോചിക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റുകാർ ആദ്യം രാജ്യം മുഴുവൻ നടന്നു പറഞ്ഞു പതിമൂന്നര സെന്റു കൊടുക്കാമെന്നു്. മിച്ചം വരുന്ന ഭൂമി എടുത്തു വീതിച്ചാൽ പതിമൂന്നു സെന്റു കൊടുക്കാനുണ്ടാകുമെന്നു അവർ ആദ്യം വിചാരിച്ചു. അതുമല്ല ഭൂമി മിച്ചം കിട്ടുകയില്ലെന്നു വന്നപ്പോൾ കൂടുതൽ ഭൂമി പിരിക്കുവാനായി ചില ഭേദഗതികളും കൊണ്ടുവരികയാണു് ചെയ്തിരിക്കുന്നതു്. ചില സമുദായങ്ങളെ ഉദ്ദേശിച്ചു് ചില വകുപ്പുകളും ഇതിൽ ചേർത്തിട്ടുണ്ടു്. ഇതു് അറിയാത്ത ആളുകളും അതോടുകൂടുണ്ടു്. ഡെമോക്രാറ്റിക് പൊളിറ്റിഷ്യനെപ്പറ്റി വാൾട്ടർ ലിപ്മൻ ഇങ്ങനെ പറഞ്ഞിട്ടുണ്ടു് :

"democratic politicians have not the privilege of enjoying the luxury of speaking the whole truth"

എട്ടുമണ്ടുബക്കും അതിനെപ്പറ്റി പറഞ്ഞിട്ടുണ്ടു് എട്ടുമണ്ടുഫക്കു ലെസ്റ്റർ നിയോജകമണ്ഡലത്തിൽനിന്നു ജയിച്ച അവസരത്തിൽ അദ്ദേഹം പറഞ്ഞതു് "നിങ്ങളുടെ വോട്ടുകൊണ്ടാണു് എനിക്കു പാർലമെന്റിൽ സ്ഥാനം കിട്ടിയതു്, ഈ സ്ഥാനംകൊണ്ടു് ഈ രാജ്യത്തെ ആളുകളുടെ നന്മയ്ക്കു വേണ്ടി ഞാൻ പ്രവർത്തിക്കും; പക്ഷേ എനിക്കുള്ള മനസ്സാക്ഷി എന്റെ നിയോജകമണ്ഡലം തന്നതല്ല, അതു ദൈവദത്തമാണു്" എന്നാണു്. ഞാൻ ആ അഭിപ്രായത്തെ വിശ്വസിക്കുന്ന ആളാണു്. നമുക്കു് സത്യം വിസ്മരിച്ചുകൊണ്ടു മുന്നോട്ടു പോകുക സാധ്യമല്ല. അതുകൂടി കണക്കിലെടുത്തുകൊണ്ടു വേണം നാം മുമ്പോട്ടു പോകുന്നതിനു. സബ്ജക്ട് ക്ലാസ് 36-നെ കുറിച്ചാണു് ഞാൻ പറയുന്നതു് അതിൽ " 'plantation' means any land used principally for growing tea, coffee, rubber or cardamom or such other kind of special crops as may be specified by the Government, ..." എന്നു പറയുന്നു. അവിടെയാണു് മുഴുവൻ തെറ്റും. പിന്നെ ഇവിടെ മി. പി.ടി. ചാക്കോ, പി.എസ്.പി. യുടെ സ്ഥാനത്തുനിന്നുകൊണ്ടു് ശ്രീമാൻ രാഘവമേനോൻ, ഇവർ ചെയ്ത പ്രസംഗത്തിന്റെ തത്വത്തോടു ഞാൻ വളരെ യോജിക്കുന്നുണ്ടു്. ഈ വകുപ്പിൽ പറയുന്ന "or such other special crops as may be specified by the Government notification"

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

അങ്ങനെ specify ചെയ്യാനുള്ള അവകാശം ഗവണ്മെൻറിനു് ഒരുതരം ബ്ലാങ്ക് ചെക്കുപോലെ കൊടുക്കുന്നതായാൽ അതുകൊണ്ടു ഗവണ്മെൻറു വളരെ ദോഷം ചെയ്യുമെന്നാണു്. പ്രതിപക്ഷനേതാവു പറഞ്ഞു ഗവണ്മെൻറിനിഷ്ടപ്പെട്ട ആളുകൾക്കു് അവരുടെ സൗകര്യം നോക്കി ഈ പ്ലാൻറേഷനും മറ്റും അനുവദിച്ചു് കൊടുക്കുന്നതിനുള്ള ഒരു ദുർവാസന വന്നേക്കാം എന്നു വളരെ സ്പഷ്ടമായിത്തന്നെ പറഞ്ഞു. അങ്ങനെയുള്ള അധികാരം ഗവണ്മെൻറിനു കൊടുത്താൽ ഞാൻ പറഞ്ഞ ആ പൊൻമുഖാറായുടെ പെട്ടിയിലുള്ള സകല അപകടങ്ങളും ഉണ്ടാകും. അതുകൊണ്ടു് ആ ഭാഗം എടുത്തുകളഞ്ഞു് ആശയങ്ങളെല്ലാം ദുരീകരിക്കാം.

ശ്രീ. രാഘവമേനോൻ പറയുന്നതു പെപ്പർകൂടി ചേർക്കണമെന്നാണു്. ആ അഭിപ്രായവും ശ്രീ. ഉമേശ്റാവു പറഞ്ഞ അരക്കനട്ടു് പ്ലാൻറേഷൻ എസ്റ്റേറ്റൻസിവായിട്ടുള്ളതു ചേർത്താൽ എന്തെന്നുകൂടി ആലോചിക്കേണ്ടതാണു്.

ശ്രീ. ടി. ഏ. കതാമ്മദിൻറെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന ആശയത്തോടു് അനുകൂലിക്കുവാൻ തയാറാണു്. 200 ഏക്കർ റബ്ബർതോട്ടം ഒരാൾ എടുത്തു കൃഷിചെയ്യുകയാണെന്നു വയ്ക്കുക. അതിൻറെ കേട്ടു തീർന്നുവരുമ്പോൾ അതിനടുത്തു റബ്ബർകൃഷി ചെയ്തുവരുന്നതിനു ഭൂമി തയ്യാറാക്കി അതിനു കയ്യാലകളും, കോട്ടകൊത്തളങ്ങളും എപ്പോഴും ഉണ്ടാക്കി എടുത്തിട്ടിരിക്കുന്ന തോട്ടങ്ങളുണ്ടാകാം. അപ്പോൾ അതോടു ചേർന്നതായിട്ടുള്ള ഈ ഭൂമികൂടി റബ്ബർ പ്ലാൻറേഷനായി ക്ലാസിഫൈ ചെയ്യേണ്ടതാണു്. തേയില, കാർഡമം മുതലായ കൃഷിക്കുവേണ്ടിയുള്ള ഭൂമി മറ്റു കൃഷികൾക്കു കൊള്ളുകയില്ല. തേയില കൃഷിക്കു് ഭൂമി സമുദ്രനിരപ്പിൽനിന്നും ഇത്ര ഉയർന്നതായിരിക്കണം. തേയിലയും കാർഡമവും ഉണ്ടാകുന്ന ഭൂമി അതിനു മാത്രമേ കൊള്ളുകയുള്ളു. ആ ഭൂമി വീതിച്ചു് കൊടുക്കുക എന്നു പറഞ്ഞാൽ അതുകൊണ്ടു് അധികം ഗുണമുണ്ടാകുന്നതല്ല. തേയിലകൃഷിയും കാർഡമം കൃഷിയും നശിച്ചുപോകുമെന്നുമാത്രം. ഇന്നു പത്തും നൂറും അഞ്ഞൂറും ഏക്കർ കൃഷി നടത്തിവരുന്ന തോട്ടങ്ങളുണ്ടു്. അതിൻറെ കിടപ്പനുസരിച്ചു് അങ്ങനെതന്നെ കൊടുത്തു പണം വാങ്ങിക്കുന്ന കർഷകരുണ്ടു്. തേയിലകൃഷി നന്നായിട്ടു നടത്തണമെങ്കിൽ ഒരു ഫാക്ടറികൂടി നടത്തണം. അങ്ങനെ ഫാക്ടറി ശരിയായി നടത്തണമെങ്കിൽ ഇത്ര ഏക്കർ തേയില കിട്ടണമെന്നുണ്ടു്. അപ്പോഴും ഫാക്ടറി നടത്താൻ പാടില്ലാതെവരും. പിന്നെ ഈ കുന്നുള്ളിക്കൊടുക്കുന്നതുകൊണ്ടു് നമുടെ തേയിലകൃഷിയും അധഃപതിച്ചുപോകാനിടയുണ്ടു്. അപ്പോഴും തേയിലകൃഷിക്കു് ശരിയായ ഭൂമി റിസർവ്വു് ചെയ്തു ബാക്കിവരുന്നതു് അതും അവർക്കു് വിട്ടുകൊടുക്കുന്നതിനായിട്ടു നാം തീരുമാനിക്കേണ്ടതാണു്. നമുടെ നാട്ടിൽ കൃഷിസാധനവും പണവും ഒരുപോലെയാണു്. രണ്ടും ഇല്ലാത്ത ഒരു നാട്ടിൽ കൃഷിസാധനങ്ങളും ഇല്ലാത്ത നിലയ്ക്കു് പണം അത്യാവശ്യമാണു്. പണം ഉണ്ടാക്കുന്നതിനു് സഹായിക്കേണ്ടതാണു്.

ശ്രീമതി റോസമ്മാ പുന്നൂസ് പറഞ്ഞു ഇന്നിവിടെ ഉണ്ടാകുന്ന റബ്ബറിൻറെ അഞ്ചോ പത്തോ ഇരട്ടി ഉണ്ടായി എങ്കിൽ മാത്രമേ ഇൻഡ്യയുടെ ആവശ്യത്തിനു മതിയാകയുള്ളു എന്നു്. അങ്ങനെ നാം റബ്ബർ ഉൽപ്പാദനം വർദ്ധിപ്പിച്ചില്ലെങ്കിൽ നമുക്കു പുറത്തുനിന്നും ഇറക്കുമതി ചെയ്യേണ്ടതായിവരും. അങ്ങനെ വരുമ്പോൾ നാം വളരെ പണം കൊടുക്കേണ്ടതായിവരും. എന്നാൽ റബ്ബറിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ നമുടെ രാജ്യം കൂടുതൽ പണം ഉണ്ടാക്കുന്നുണ്ടു്. കേരളമാണു് ഇന്നു് ഇൻഡ്യഗവർമെൻറിനു ഡാളർ സമ്പാദിച്ചു് കൊടുക്കുന്നതു് എന്ന അഭിമാനം നമുക്കുണ്ടു്. ഇന്നു ഡാളർ സമ്പാദിക്കുന്നതു നമുടെ റബ്ബർ, തേയില, പെപ്പർ, കാർഡമം മുതലായ കുറെ സാധനങ്ങളാണെന്നു നാം മനസിലാക്കി അവയ്ക്കുവേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണം. സബ്ജക്ട്സ് 36 ഭേദഗതി ചെയ്യണമെന്ന അഭിപ്രായം സമർപ്പിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : നോട്ടിഫിക്കേഷൻ മുഖാന്തിരം ചട്ടങ്ങൾ ഉണ്ടാക്കുവാൻ ഉള്ള നിയമനിർമ്മാണാധികാരം എക്സിക്യൂട്ടീവിനു കൊടുക്കുന്നതു കുഴിയുന്നതും പരിമിതപ്പെടുത്തേണ്ടതാവശ്യമാണു്. പ്രധാനമായിട്ടുള്ള സംഗതികളിൽ സഭാകർത്തിനുവേണ്ടി അങ്ങനെയുള്ള അധികാരങ്ങൾ വിട്ടു കൊടുക്കുന്ന വ്യവസ്ഥകൾ ചില നിയമങ്ങളിൽ കാണും. എങ്കിലും അങ്ങനെയുള്ള ആ ഉപയോഗം നിയമസഭയിൽത്തന്നെ പരിശോധിക്കുന്നതിനുള്ള വ്യവസ്ഥകളും അതിലുണ്ടായിരിക്കേണ്ടതാണു്. ഒരു കൃഷി പ്ലാന്റേഷൻ ആണോ അല്ലയോ എന്നു കൽപ്പനമൂലം തീരുമാനിക്കാനുള്ള ഗവണ്മെന്റിന്റെ അവകാശം നിയമസഭയുടെ അഭിപ്രായത്തിനു വിധേയമല്ല. ഇന്നിവിടെ പല ഭേദഗതികളും അവതരിപ്പിച്ചിട്ടുണ്ടു്. പ്ലാന്റേഷൻ എന്നതിൽ കുരുമുളകു്, കശുവണ്ടി, കവുങ്ങു് ഇതൊക്കെ ഉൾപ്പെടുത്തണമെന്നു് ഭേദഗതികൾ ഉണ്ടു്. ഈ സഭ അതൊക്കെ തള്ളിക്കളയുന്നു എന്നിരിക്കട്ടെ. ഈ ബിൽ നിയമമായി കഴിഞ്ഞതിനുശേഷം ഗവണ്മെന്റിനു് വേണമെങ്കിൽ ഈ സഭയുടെ പ്രഖ്യാപിതമായിട്ടുള്ള അഭിപ്രായത്തിനെതിരായി ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു് അതിൽ ഏതെങ്കിലുമൊരു കൃഷിയെ പ്ലാന്റേഷനിൽ ഉൾപ്പെടുത്താൻ കഴിയും. അങ്ങനെ സ്വേച്ഛപോലെ പ്രവർത്തിക്കാനുള്ള അധികാരം തടയേണ്ടതോ അല്ലെങ്കിൽ പരിമിതികൾ നിശ്ചയിക്കേണ്ടതോ ആവശ്യമാണു്. ആ നിലയിൽ ഇങ്ങനെ ഈ അധികാരം വേണമെന്നു നിർബ്ബന്ധമാണെങ്കിൽ കൂടിയും ആ അധികാരം നിയമസഭയുടെ പരിശോധനയ്ക്കു വിധേയമാക്കാനുള്ള വകുപ്പുകൾ ഉണ്ടാക്കണമെന്നാണു് എനിക്കാദ്യമായി പറയാനുള്ളതു്.

മറെറാരു സംഗതി, ഇങ്ങനെ അവ്യക്തമായി അല്ലെങ്കിൽ പൊതുവിൽ അധികാരം വിട്ടുകൊടുക്കുന്നതു് അനിവാര്യങ്ങളായ കാര്യങ്ങളിൽ മാത്രമേ പാടുള്ളു. നാം ഇതിൽ 75-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് കാസർകോടിന്റെ പ്രത്യേകതയെ പരിഗണിച്ചാണു്. അവിടത്തെ കുടിയായ്മകളുടെ സ്വഭാവം നമുക്കു മനസിലാക്കാൻ സാധ്യമല്ലാത്തതുകൊണ്ടു ഈ നിയമത്തിൽ അങ്ങനെ ഒരു വകുപ്പു് അവശ്യമാണു്. പക്ഷെ അതുപോലെയല്ല ഈ ഉപവകുപ്പിന്റെ കാര്യം. നോട്ടിഫിക്കേഷൻവഴിയായി നടപ്പിലാക്കേണ്ടതായ വല്ല വിട്ടുകൊടുക്കലും ഉണ്ടാകും എന്നു ആരും ഇവിടെ പറഞ്ഞിട്ടുണ്ടില്ല. ആ നിലയിൽ ഇന്നു ഈ അധികാരം ഗവണ്മെന്റിനു കൊടുക്കേണ്ട ആവശ്യമില്ല. അഥവാ വേണമെങ്കിൽത്തന്നെ മി. രാഘവമേനോൻ പറഞ്ഞിട്ടുള്ളതുപോലെ ഇന്നതിന്നതിനെ എങ്കിലും പ്ലാന്റേഷനായിട്ടു പ്രഖ്യാപിക്കാം എന്നു പറഞ്ഞുകൂടെ? അല്ലെങ്കിൽ അതിനൊരുപട്ടിക ഉണ്ടായിരുന്നാൽമതി. അതു് ഈ അധികാരം ദുരുപയോഗപ്പെടുത്തുന്നതിനെ തടയുന്നതിനുള്ളമാർഗ്ഗമായിരിക്കും. അങ്ങനെ ഒന്നും സമ്മതിക്കാത്ത സ്ഥിതിക്കു് സഭക്കു് മാത്രമേ ഈ അധികാരം വേണ്ടതുള്ളു എന്നാണു് എന്റെ അഭിപ്രായം.

മറെറാരു സംഗതി, തോട്ടങ്ങൾ എന്നുള്ളനിലയിൽ ഈ ബില്ലിലുള്ള മിക്ക വ്യവസ്ഥകളും നോക്കിയാൽ റബ്ബറിനെ സംബന്ധിച്ചു് പ്രത്യേകം ചില ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളതായി കാണാം എന്നുള്ളതാണു്. ഈ ആനുകൂല്യം റബ്ബറിനുമാത്രം മതിയോ, അതോ മറെറല്ലാ ഉൽപ്പാദനങ്ങളെ സംബന്ധിച്ചും വേണമോ എന്നുള്ളതു് ആലോചിക്കേണ്ട സംഗതിയാണു്. ചായയെപ്പററി ഒരു ചോദ്യം ധനകാര്യമന്ത്രി ചോദിക്കുകയുണ്ടായി. അതു് ഇന്നു് ഇൻഡ്യയിൽ ആവശ്യമുള്ളിടത്തോളം ഉണ്ടു് എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. അതിൽനിന്നു തോട്ടങ്ങൾ എന്നുള്ള പ്രത്യേക പരിഗണന റബ്ബറിനു മാത്രമേ കൊടുക്കുവാൻ ഗവണ്മെന്റു വിചാരിക്കുന്നുള്ളു എന്നു വ്യക്തമാകുന്നുണ്ടു്. അതു ശരിയാണെന്നു എനിക്കഭിപ്രായമില്ല. റബ്ബറിനെ സംബന്ധിച്ചിടത്തോളമുള്ള ചിലആനുകൂല്യങ്ങൾ മറെറ ഉൽപ്പന്നങ്ങൾക്കും അനുവദിക്കേണ്ടതാണു് എന്നാണു് എന്റെ അഭിപ്രായം. റബ്ബറിനുമാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളുവെങ്കിൽ ഭാവിയിൽ അതു തെററായിപ്പോയി എന്നു തോന്നുകയാണെങ്കിൽ അതു് തിരുത്തണമെന്നു് ഗവണ്മെന്റിനു് അഭിപ്രായമുണ്ടെങ്കിൽപോലും ഒരു നോട്ടിഫിക്കേഷൻ മുഖാന്തിരം അതു ചെയ്യുവാൻ സാധ്യമല്ലാതെ വരുന്നതാണു്. അതിനു പ്രത്യേകം ഒരു നിയമനിർമ്മാണംതന്നെവേണ്ടിവരും. അതുകൊണ്ടു് ഏതെല്ലാം ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തണമോ അതു് ഇപ്പോൾത്തന്നെ ഉൾപ്പെടുത്തേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : സർ, നമ്മുടെ സമ്പദ്‌വ്യവസ്ഥയെ സംബന്ധമായി ബാധിക്കുന്ന ഒരു വിഷയത്തെപ്പറ്റിയാണ് ഈ സഭ ഇപ്പോൾ ചർച്ച ചെയ്യുന്നത്. അതിനെ സംബന്ധിച്ച് ഈ ഭാഗത്തുനിന്നും പലതും സംസാരിച്ചതിനു് എതിരായിട്ട് ആ ഭാഗത്തുനിന്നും പറയുന്നതു് അങ്ങനെ ചില ഭൂമികയും റിസർവ്വ് ചെയ്യാൻ തുടങ്ങിയാൽ പിന്നെ വിതരണം ചെയ്യാൻ ആവശ്യമുള്ള ഭൂമി കിട്ടുകയില്ലെന്നാണ്. വാദത്തിനുവേണ്ടി അതു സമ്മതിച്ചാൽത്തന്നെയും അധികമുണ്ടെന്നു തോന്നുന്നില്ല. കാരണം, ഇന്നു് ഒരാൾക്കു് പുതുതായി ഏറക്കർ ഭൂമി കൊടുത്താലും, അതുകൊണ്ടു് അയാൾക്കു് ഒരു കുടുംബം പുലർത്തുന്നതിനുള്ള സാധ്യതയുണ്ടോ എന്നു നാം പരിശോധിക്കണം. തീർച്ചയായും വ്യവസായങ്ങൾക്കു് കൂടുതൽ സാധ്യതയുണ്ടാക്കിയാൽ അതുകൊണ്ടുള്ള വരുമാനം അധികമായിരിക്കുമെന്നും, അതുകൊണ്ടു് നമ്മുടെ നാട്ടിൽ വ്യവസായപരമായ സാധ്യതകളും വളർത്തുകയാണെങ്കിൽ കൂടുതൽ അഭിവൃദ്ധിയുണ്ടാകുമെന്നും തെളിയുന്നതാണ്. ഇന്നു് ഒരു കർഷകന്റെ വരുമാനവും, ഒരു വ്യവസായത്തൊഴിലാളിയുടെ വരുമാനവും തമ്മിൽ തട്ടിച്ചുനോക്കിയാൽ, ഒരു വ്യവസായത്തൊഴിലാളിയുടെ ജീവിതമാണ് കൂടുതൽ ക്ഷേമകരമെന്നു മനസ്സിലാക്കാൻ കഴിയും. ഒരു കർഷകനെക്കാളും, സുഖമായി ജീവിക്കാൻ ഒരു വ്യവസായപ്രവർത്തകനു തീർച്ചയായും കഴിയും. അങ്ങനെ നോക്കുമ്പോൾ നമ്മുടെ രാജ്യത്തെ വ്യവസായസാധ്യതകളും വളർത്തുന്നതിനാണ് നാം മുഖ്യമായും ശ്രമിക്കേണ്ടതു്. നമ്മുടെ നാട്ടിലെ റബ്ബർ വ്യവസായത്തിനു് നല്ല ഭാവിയുണ്ടു്. പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം അനുസരിച്ചാണെങ്കിൽ 1970 ആകുന്നതോടുകൂടി ഏതാണ്ടു് ഒന്നരലക്ഷം ടൺ റബ്ബർ ഉൽപാദിപ്പിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ ഉൽപാദിപ്പിക്കുകയാണെങ്കിൽ, അതിനെ ആശ്രയിച്ചു മറ്റു പല വ്യവസായങ്ങളും ഇവിടെ നടത്താൻ സാധിക്കും. അങ്ങനെ തീർച്ചയായും ഒന്നരലക്ഷത്തോളം ജനങ്ങൾക്കു ഇവിടെ കൃത്യമായി തൊഴിൽ നൽകുന്നതിനും, ആദായകരമായി ജോലി ചെയ്യുന്നതിനുമുള്ള അവസരവും കിട്ടുന്നതാണ്. ഇന്നു് കേരളത്തിൽ അതിനു വലുതായ സാധ്യതയുണ്ടു്. ആ നിലയിൽ റബ്ബർ പ്ലാന്റേഷൻ വികസനപ്രവർത്തനത്തിനായി ആവശ്യമുള്ള ഭൂമി വിട്ടുകൊടുക്കാനുള്ള ഒരു വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ്. റബ്ബർ മുതലായ കൃഷി അഭിവൃദ്ധിപ്പെടുത്തിയാൽ മറ്റു തരം കൃഷിയേക്കാൾ ആദായകരമായി നടത്താനും സാധിക്കുന്നതാണ്. ഉദാഹരണമായി ഇന്നു മിനിമം വേജസ് കർഷകനു് കിട്ടാണ്ടു് ഒന്നരയ്ക്കാൽ രൂപ വരെയുണ്ടു്. ഒരു റബ്ബർതോട്ടത്തിലെ ജോലിക്കാരനു് ആണ്ടിൽ 250 ദിവസം ജോലി കിട്ടും. അങ്ങനെയാണെങ്കിൽ കിട്ടാണ്ടു് 400 രൂപവരെ വരുമാനം കിട്ടുന്നതാണ്. റവന്യൂമന്ത്രി ഇവിടെ പറയുകയുണ്ടായി; ഏറക്കർ ഭൂമിയിൽ കപ്പക്കൃഷി ചെയ്താൽ ആണ്ടിൽ നൂറു രൂപവീതം ആദായം കിട്ടുമെന്നു്. അതു ശരിയായിരിക്കാം. എന്നാൽ റബ്ബർതോട്ടം ജോലിക്കാൾക്കു് അതിനെക്കാൾ ആദായകരമായി അവരുടെ ജോലിയിൽനിന്നും വരുമാനമുണ്ടാക്കാൻ സാധിക്കും. അതുകൊണ്ടു് ഏതു തരത്തിലായാലും ഈ നാട്ടിലെ സാമ്പത്തികനിലയെ സാരമായി സഹായിക്കുന്ന തരത്തിലായിരിക്കണം നാം ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതു്. ഇന്നത്തേതിൽ കൂടുതലായി നമുക്കു ആദായം വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ടെങ്കിൽ അതു് പരിപൂർണ്ണമായി വികസിപ്പിക്കണമെന്നാണ് ഈ ഭേദഗതിയുടെ ഉദ്ദേശം. ഈ ഭാഗത്തുനിന്നും അഭിപ്രായപ്പെട്ടിട്ടുള്ളതിനോടെല്ലാം യോജിച്ചുകൊണ്ടു് അതു് സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, ഇതിനെ സംബന്ധിച്ച ചർച്ച അവസാനിപ്പിക്കണമെന്നു് ഒരു ക്ലോഷർമോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ടി. തോമസ് : സർ, ശ്രീ. കുഞ്ഞുകൃഷ്ണൻനായർ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു് ഒന്നോരണ്ടു കാര്യം പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതുപോലെ തന്നെ ഒരു ഭേദഗതിക്കു് ഞാനും നോട്ടീസു കൊടുത്തിട്ടുണ്ടു്. പ്ലാന്റേഷൻ വ്യവസായം പുരോഗമിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെപ്പറ്റി പലരും ഇവിടെ സംസാരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. അവർ പറഞ്ഞിട്ടില്ലാത്ത ചില കാര്യങ്ങൾ ഇതു സംബന്ധിച്ചു പറയാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. പ്രതിപക്ഷത്തുള്ളവർ റബ്ബർ പ്ലാന്റേഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു പറഞ്ഞു. പണ്ടുകൊല്ലത്തിനകത്തു് ഇന്നത്തേതിന്റെ നാലിരട്ടി ഉൽപാദനം വർദ്ധിപ്പിക്കണമെങ്കിൽ ഇനിയും റബ്ബർ കൃഷി ചെയ്യുന്നതിനു ക്രമി ആവശ്യമാണു്. ഇൻഡ്യയിൽ കേരളത്തിൽ മാത്രമേ റബ്ബർ കാര്യമായി ഉൽപാദിപ്പിക്കാനുള്ള സാദ്ധ്യതയുള്ളു. കേരളത്തിൽ മാത്രമാണു് അതിനു പറ്റിയ സ്ഥലം ഉള്ളതു്. റബ്ബർ നമ്മുടെ ഒരു ദേശീയസമ്പത്താണെന്നു കണക്കിലെടുത്തുകൊണ്ടു്, അതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹനനടപടികളും സ്വീകരിക്കണമെന്നും ഞാൻ ഈ ഗവണ്മെന്റിനെ ഉദ്ബോധിപ്പിക്കുകയാണു്. തൊഴിൽപരമായി നോക്കിയാലും ഇതുമൂലം എത്രയോ അധികം തൊഴിലാളികൾക്കു ജീവിതസൗകര്യം നൽകാൻ സാധിക്കുന്നതാണു്. ഈ ഗവണ്മെന്റു് വ്യവസായങ്ങൾ കൂടുതൽ തുടങ്ങിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, തൊഴിലാളികൾക്കു് കഴിയുന്നിടത്തോളം തൊഴിൽസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ആഗ്രഹിക്കുന്നുണ്ടെങ്കിലും ഇതുവരെ ആ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഇത്തരത്തിൽ റബ്ബർ പ്ലാന്റേഷൻ സൗകര്യം വർദ്ധിപ്പിക്കാൻ നോക്കിയാൽ എത്രയോ ആളുകൾക്കു ജോലി നൽകാനും, കൂടുതൽ ദേശീയവരുമാനം ഉണ്ടാക്കാനും കഴിയുന്നതാണു്. ഈ വക കാര്യങ്ങൾ വേണ്ടപോലെ മനസ്സിലാക്കി നാം ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണു്.

സർ, ഭേദഗതിയുടെ രണ്ടാമത്തെ ഭാഗത്തെപ്പറ്റി ഒരു വാക്കു പറയാൻ ആഗ്രഹിക്കുന്നു. ഇന്നുള്ള പ്ലാന്റേഷനിൽത്തന്നെ റബ്ബറും, തേയിലയും പ്ലാന്റേഷനിൽത്തന്നെ സ്ഥലം വേസ്റ്റായി കിടക്കുന്നുണ്ടു്. സ്ഥലം വേസ്റ്റ് ചെയ്തിട്ടുണ്ടു്. അതു് തോട്ടം ജീവനക്കാരുടെ മേച്ചിൽ സ്ഥലങ്ങളായി ഉപയോഗിക്കാനാണു്. അതുപോലെതന്നെ ഫയർ വുഡ്സ്, ആവശ്യത്തിനായിട്ടും കുറെ സ്ഥലം ഒഴിച്ചിടാറുണ്ടു്. അതിന്റെ ആവശ്യം വളരെയുണ്ടെന്നു തോട്ടങ്ങളെ സംബന്ധിച്ചു് അറിയാവുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരോടു പ്രത്യേകിച്ചു പറയണമെന്നില്ല. ഫയർ വുഡ്സിനുവേണ്ടി പ്രത്യേകതരം മരങ്ങൾ വച്ചുപിടിപ്പിക്കുകയും, വെട്ടുന്നതിനു പകരം മറ്റു സ്ഥലത്തു് വേറെ നട്ടുവളർത്തുകയും ചെയ്യുന്ന ഒരു രീതിവരണമെന്നു് അവിടെയുള്ളതു്. അങ്ങനെയുള്ള സ്ഥലംകൂടി പ്രത്യേകം ഒഴിവാക്കേണ്ടതാണു്. ഏതായാലും നമ്മുടെ വ്യവസായങ്ങളുടെ പുരോഗതിക്കു് പ്രതിബന്ധമായി വരാവുന്ന യാതൊന്നും ഇതിൽ വരാതെ പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സർ, എന്റെ ക്ലോഷർമോഷൻ .....

Mr. Speaker: I also belive that there has been sufficient discussion. But I do not want to exercise that power which is inherent in me.

ശ്രീ. കെ. കുഞ്ചുകുട്ടൻ : സർ, കോൺഗ്രസുപാർട്ടി ലീഡർ ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. സെലക്ഷൻ കമ്മിറ്റിയിൽ വളരെയധികം ചർച്ചനടന്നതിനുശേഷം നാലിനം കൃഷികളാണു് പ്ലാന്റേഷനിൽ ഉൾപ്പെടുത്തണമെന്നു തീരുമാനിച്ചിട്ടുള്ളതു്. ഇപ്പോൾത്തന്നെ കോക്കനട്ട്, അരക്കനട്ട്, റബ്ബർ, പെപ്പർ എന്നിവ പ്ലാന്റേഷനായി അംഗീകരിക്കണമെന്നു ഭേദഗതി വന്നിട്ടുണ്ടു്. ശ്രീ. നാരായണക്കുറുപ്പു് ചൂണ്ടിക്കാണിച്ചുപോലെ ഇതൊന്നും ഇപ്പോൾത്തന്നെ ഇവിടെ അംഗീകരിക്കുന്നില്ലെങ്കിൽ തന്നെ, പിന്നീടു് ഒരവസരത്തിൽ ഗവണ്മെന്റിനു് ഏതെങ്കിലും ഒരു കൃഷി പ്ലാന്റേഷനായി അംഗീകരിക്കാൻ ഗസറ്റ് നോട്ടിഫിക്കേഷൻമൂലം പ്രഖ്യാപിക്കാവുന്നതാണു്. ഇങ്ങനെയുള്ള നടപടി ചിലതു ശരിയായിരിക്കും. ചിലതു തെറ്റായിരിക്കും എങ്കിലും അങ്ങനെയുള്ള സന്ദർഭങ്ങൾക്കു ഇടകൊടുക്കാതിരിക്കുന്നതാണു് ഗവണ്മെന്റിന്റെ സൽപേരിനു് നല്ലതു്. ആ നിലയിൽ ഗവണ്മെന്റിനു് അങ്ങനെ നോട്ടിഫിക്കേഷൻമൂലം പ്രഖ്യാപിക്കാനുള്ള അവസരം നൽകുന്ന വകുപ്പു് എടുത്തുകളയുന്നതാണുത്തമം. മാത്രമല്ല, ഈ ബിൽ നിയമസഭയിൽ വന്നതിനുശേഷം, സ്ഥാപിതതാല്പര്യക്കാരുടെ ആളുകൾ നിയമസഭാമെമ്പറന്മാരെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൊച്ചുകുട്ടൻ]

അധികം പെസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. ആ നിലയ്ക്ക് ഗവണ്മെന്റിൽ ഇത്തരത്തിലുള്ള അധികാരം നിക്ഷിപ്തമായിരുന്നാൽ, ഗവണ്മെന്റിന്റെ മേൽ വളരെയധികം സ്വാധീനം ചെലുത്താനും, കൂടക്കൂടെ ഗവണ്മെന്റിനെ ശല്യപ്പെടുത്താനും ആളുകൾ ഉണ്ടാകും. നേരേമറിച്ച് അങ്ങനെയൊരു അധികാരം ഗവണ്മെന്റിൽ അവശേഷിപ്പിക്കാതെ നിയമസഭയിൽതന്നെ അതിനു വ്യവസ്ഥ ചെയ്താൽ മേലാൽ ഉണ്ടാകാവുന്ന ഉപദ്രവങ്ങളിൽനിന്നും ഗവണ്മെന്റിനു ഒഴിഞ്ഞുനിൽക്കാനുള്ള അവസരം കിട്ടുന്നതാണ്. ഞങ്ങൾക്ക ഇതിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ല; നിയമസഭയിൽ ഇതിനെ സംബന്ധിച്ച് അവസാനതീരുമാനം എടുത്തുപോയതാണ് എന്നു പറഞ്ഞു ഒഴിയാം. ആ നിലയിൽ ഈ ഭേദഗതി സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഗവണ്മെന്റിന്റെ സൽപേരിനും സൈരതയ്ക്കും വേണ്ടിയെങ്കിലും ശ്രീ. ചാക്കോ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇരുപതു ശതമാനം ഭൂമിയെങ്കിലും പ്ലാന്റേഷനുവേണ്ടി നീക്കിവയ്ക്കണമെന്നു് ആവശ്യപ്പെടുകയാണ്; ശ്രീമതി റോസമ്മ പുന്നൂസും റബ്ബർ പ്ലാന്റേഷനുവേണ്ടി പ്രത്യേകം ഭൂമി റിസർവ്വ് ചെയ്യണമെന്നാവശ്യപ്പെടുന്നുണ്ട്. ഈ രണ്ടു ഭേദഗതികളുടെയും താൽപര്യം കണക്കിലെടുത്തുകൊണ്ട് ന്യായമായും, നീതിപൂർവ്വകമായും ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കണമെന്നും, അതിനുവേണ്ടിയും ഈ ഭേദഗതി സ്വീകരിക്കണമെന്നും ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളൊന്നുതന്നെ സ്വീകരിക്കാൻ നിവൃത്തിയില്ലെന്നുള്ള വിവരം ഞാൻ ഖേദപൂർവ്വം അറിയിക്കുകയാണ്. ഈ സഭയുടെ അറിവിനായിട്ട് ചില കാര്യങ്ങൾ പറയണമെന്നു ഞാൻ വിചാരിക്കുന്നു. പ്ലാന്റേഷന്റെ നിർവ്വചനത്തിൽ

2 (33) "plantation" means any land used principally for growing tea, coffee, rubber or cardamom or such other kinds of special crops as may be specified by the government, by notification in the Gazette, and includes lands used for the purpose of, or ancillary to the cultivation of such crops, or the preparation of the same for the market;" എന്നു പറയുന്നു. ഇന്നത്തെ നിലയിൽ, നമ്മുടെ നാട്ടിലെ പ്ലാന്റേഷനിൽ നാലു വിളകളുണ്ടെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്. സെലക്ഷൻ കമ്മിറ്റി ചർച്ചചെയ്തപ്പോഴും, അതിനു മുൻപും കേരളത്തിൽ 'സിങ്കോണാ' കൾട്ടിവേഷൻ ഉണ്ടെന്നും ഗവണ്മെന്റിനു് അറിയാമില്ലായിരുന്നു. അതുകൊണ്ടാണ് അതു ചേർക്കാതിരുന്നതു്. അങ്ങനെ ചേർക്കാൻ സാധിക്കാത്ത വല്ല കൃഷിയും ഉണ്ടായാൽ അതുകൂടി ഉൾപ്പെടുത്താനാണ് ഒരു ഗസറ്റ് നോട്ടിഫിക്കേഷൻമൂലം ഗവണ്മെന്റിനു് അങ്ങനെ പ്രഖ്യാപിക്കാനുള്ള അധികാരം നൽകുന്നതിനുള്ള വ്യവസ്ഥ, ചെയ്തിരിക്കുന്നതു്. അതിന്റെ വേർഡിംഗ്തന്നെ പരിശോധിച്ചാൽ യാതൊരു പാർട്ടിയുടെയും പ്രത്യേക താൽപര്യം സംരക്ഷിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നു വ്യക്തമാക്കുന്നതാണ്.

"... or such other kind of special crops as may be specified by the Government, by notification in the Gazette ..."

ഇതിൽ സ്പെഷ്യൽ ക്രാപ്സ് എന്നു ചേർത്തിരിക്കുന്നതു് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ മാത്രം കൃഷി നടത്തുന്ന ഏതെങ്കിലും ക്രാപ്സിനെ ഉദ്ദേശിച്ചായിരിക്കുമെന്നു പറയാൻ സാധ്യതയില്ലല്ലോ. അപ്പോൾ എതിർപ്പിനു കാരണം അതല്ല. ഈ ഗവണ്മെന്റു ചെയ്യുന്നതെല്ലാം കുഴപ്പമാണ്, എന്നൊരു മുൻവിധിയോടുകൂടി ഈ പ്രശ്നത്തെ സമീപിക്കുകയാണ്. ഈ ഗവണ്മെന്റു ചെയ്യുന്നതൊന്നും ശരിയാകയില്ല; ഇവരെക്കൊണ്ടു ഒന്നും നേരേ നടത്താൻ സാധ്യമല്ല; അതുകൊണ്ടു ഒന്നും നടത്താൻ അനുവദിക്കരുതു് എന്നൊരു മനോഭാവത്തോടുകൂടിയാണ് ഇതിനെ വീക്ഷിക്കുന്നതു്. അതു ശരിയായ ഒരു സമീപനമല്ല. സിങ്കോണയെപ്പറ്റി മലബാർ ടെനൻസി ആക്ടിൽ പറയുന്നുണ്ട്. സിങ്കോണാ മലബാർ പ്രദേശത്തിനപ്പുറത്തുള്ള ഒരു കൃഷിയാണ്. മലബാറിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കുവിൽടയ്ക്കോ അതു കൃഷിയുണ്ടെന്നോ" ഇതയിടയാണോ" ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടതു". അപ്പോൾ അതു വിട്ടുപോയി എന്നു സമ്മതിക്കുന്നു. അങ്ങനെ വേറെ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, അഥവാ പുതിയ ഒരു Crop plant tion ആയി declare ചെയ്യുണ്ടെങ്കിൽ, എല്ലാ ലെജിസ്ലേഷനിലും കൊടുക്കുന്ന അധികാരങ്ങൾ മാത്രമേയുള്ളൂ. പ്രത്യേകിച്ചു" ഒന്നും ഇല്ല. നമ്മുടെ ചരിത്രം നോക്കിയാൽത്തന്നെ ഈ രാജ്യത്തു" ആദ്യം കാപ്പി മാത്രമാണു" കൃഷി ചെയ്തതു". കാലാന്തരത്തിൽ, തേയില, Cardamom, Cinchona, Rubber ഇതെല്ലാം ആയി. ഇനിയും എന്തെങ്കിലും കൃഷിചെയ്താൽപോകുന്നോ എന്നു നമുക്കു" അറിയില്ല. ആ നിലയിൽ ലെജിസ്ലേഷൻ emergency meet ചെയ്യാൻ ഒരു provision മാത്രമാണിതു". കാൺഗ്രസ്സിന്റെ ഈ നിലപാടു മനോഭാവവും കഷ്ടമാണു". വയ്യോലിൽ കിടക്കുന്ന പട്ടിയെപ്പോലെയാണു". ചെയ്യുകയുമില്ല, ചെയ്യിക്കുകയുമില്ല; അതു കഷ്ടമാണു". ഇതിനെപ്പറ്റി പറഞ്ഞപ്പോൾ ശ്രീ. കൊച്ചുകുട്ടൻ പറയുകയുണ്ടായി സെലക്ട് കമ്മിറ്റി വളരെ ചർച്ച ചെയ്ത ശേഷമാണു" ഈ കാര്യം തീരുമാനിച്ചിട്ടുള്ളതെന്നു". ഇതു" ആദ്യത്തെ ഡ്രാഫ്റ്റ് ബില്ലിൽ സീലിംഗ് പ്രൊവിഷനിലാണു" എഴുതിച്ചേർത്തിരുന്നതു". സെലക്ട് കമ്മിറ്റിയാണു" അതു ഇങ്ങോട്ടു മാറ്റിവച്ചതു". അങ്ങനെ മാറ്റിക്കഴിഞ്ഞശേഷം ഗവണ്മെൻറിനു" ഇങ്ങനെ അധികാരം കൊടുക്കണമെന്നു" ഗവണ്മെൻറ് മാത്രം ആഗ്രഹിച്ചതല്ല. സെലക്ട് കമ്മിറ്റി അതു അംഗീകരിച്ചതാണു". ആ നിലയിൽ ഈ നോട്ടിഫിക്കേഷൻ അധികാരം ഗവണ്മെൻറ് ദുരുപയോഗപ്പെടുത്തുമെന്നു പറയുന്നതു" തെറ്റാണു". രാജ്യത്തിൻറ് ആവശ്യത്തിനുവേണ്ടി ഒരു സ്പെഷ്യൽ ക്രോപ്പു ഉണ്ടായാൽ അതു നോട്ടിഫൈ ചെയ്യുന്നതിനുള്ള അധികാരം ഏതു ഗവണ്മെൻറിനും ഉണ്ടായിരിക്കേണ്ടതാണെന്നുള്ള നിലയിൽ ഈ ഗവണ്മെൻറിനും ആ അധികാരം വേണം.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഏതെങ്കിലുമൊന്നു അതോ ഇതു സെലക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതു"?

ശ്രീമതി കെ. ആർ. ഗൗരി : അതു സെലക്ട് കമ്മിറ്റിയിൽ നടന്ന വിവരങ്ങൾ നോക്കി പറയേണ്ടതാണു". ആരും dissenting note എഴുതിയിട്ടില്ല.

ശ്രീ. ഇ. പി. പൗലോസ് : ഇങ്ങനെ സ്പെഷ്യൽ ക്രോപ്പു" ഒഴിവാക്കുന്നതിനുള്ള അധികാരം ബിൽ നടപ്പിൽ വന്നു" സീലിംഗ് നിശ്ചയിച്ചു കഴിയുന്നതുവരെയുള്ള കാലത്തിനല്ലേ ബാധകമാവുകയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : അതിനു ശേഷവും ആകാം.

ശ്രീ. ഇ. പി. പൗലോസ് : ബില്ലനുസരിച്ചു" പരിധി നിശ്ചയിച്ചു കഴിയുമ്പോൾ പിന്നെ പരിധിയിൽ കവിഞ്ഞ ഭൂമി ആരുടെകയ്യിലും കാണുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : റബ്ബർ പ്ലാൻറേഷനു" ഭൂമി ഹോൾഡു ചെയ്യുന്നതിനു നിഷേധിക്കുന്നില്ല. 57 പ്രകാരം future ആയി ആരുടെകയ്യിലെങ്കിലും ഇരിക്കുന്നതു" plan ation ആയി declare ചെയ്യും. ഏതെങ്കിലും ഒരു കാലാവസ്ഥയുടെ ഫലമായി ലാഭകരമായി പുതിയ ഒരു ക്രോപ്പു ഉണ്ടായാൽ അതിനെ അതരത്തിൽ ഡിക്ലയർ ചെയ്യുന്നതിനുള്ള അധികാരം വേണമെന്നാണു" ഇതുകൊണ്ടുദ്ദേശിക്കുന്നതു".

ശ്രീ പി. ടി. പാക്കർ : ഈ ബില്ലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചപ്പെടുത്തുകയാണെങ്കിൽ ഭൂമി എക്സെംപ്റ്റു ചെയ്തുകഴിഞ്ഞു ബാക്കിയുള്ള ഭൂമികളെല്ലാം വീതംചെയ്തു" എല്ലാം പരിധിയ്ക്കു താഴെയാകും. ആ നിലയിലെ അതു കാലം കഴിഞ്ഞു" ഈ അധികാരം ഉപയോഗിച്ചു" പരിധിയിൽനിന്നു മാറ്റു ക്രോപ്പുകളെ ഒഴിവാക്കേണ്ട അധികാരം ഗവണ്മെൻറിനു" എന്തിനാണു"?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : കുറെക്കാലം കഴിയുമ്പോൾ കാലാവസ്ഥയ്ക്ക് എന്തു മാറ്റം വരുമെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയേ എനിക്ക് മറുപടി പറയാൻ സാധിക്കുകയുള്ളൂ. കയ്യിലിരിക്കുന്ന ഭൂമികൂടി പലരുടെ കയ്യിൽ നിന്നും ഒരാൾ വാങ്ങി plantation ആക്കാമല്ലോ.

ശ്രീ. കെ. പി. ആർ. ഗോപാലൻ : ഗവണ്മെൻറിന്റെ കയ്യിൽ കുറെ ഭൂമി വരുമല്ലോ. അതിൽ പത്തോ നൂറോ ഏക്കർ ഈ രംഗത്തുള്ള വർക്കോ അനുഭാവികൾക്കോ കൊടുക്കുകയാണെങ്കിൽ അതിൽ ഒരു പ്രത്യേക കൃഷി നടത്തുമെന്നു മനസ്സിലാക്കിയാൽ അതൊഴിവാക്കുന്നതിനും ഗവണ്മെൻറിനു അധികാരം നൂവശ്യമില്ലേ?

ശ്രീ. പി. ടി. ചാക്കോ : അങ്ങനെ ഭൂമി കൊടുക്കാൻ വ്യവസ്ഥയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഭൂമി പബ്ലിക് പർപ്പസസ്സിനു റിസർവു ചെയ്തശേഷം ബാക്കിയുള്ളതു് എങ്ങനെയാണു് വിതരണം ചെയ്യേണ്ടതെന്നു ബില്ലിലുണ്ടു്.

ശ്രീ. എ. എം. റഹിം : തോട്ടം ഉണ്ടാക്കുന്നതു് പബ്ലിക്കു് പർപ്പസ്സിൽ പെടുമോ?

ശ്രീമതി കെ. ആർ. ഗൗരി : അതു സംബന്ധിച്ചു് ഹൈക്കോടതി റൂളിംഗു് വളരെ വിസ്തൃതമായിട്ടാണു് കാണുന്നതു്. ഒരു ഡിസ്റ്റിലറിക്കു വേണ്ടി ഭൂമി അക്വയർ ചെയ്തതു് പബ്ലിക്കു പർപ്പസ്സിനാണെന്നു് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടു്. ഇന്നത്തെ നിലയിൽ കൂടുതൽ ആളുകൾക്കു് ഉപയോഗപ്പെടുമ്പോൾ അങ്ങനെയാകാം. എനിക്കു് അതിനെപ്പറ്റി കൂടുതൽ ഒന്നും പറയാൻ സാധിക്കയില്ല. പെപ്പർ, അരക്കനട്ടു്, കൃഷ്ണ എന്നിവ കൂടി പ്ലാൻറേഷന്റെ അടിസ്ഥാനത്തിൽപ്പെടുത്തണമെന്നു് ഇവിടെ ഭേദഗതി വന്നു. ആ ഭേദഗതിയെപ്പറ്റി ശ്രീ. കെ. എം. ജോർജ്ജു് ഉൾപ്പടെ സംസാരിച്ചപ്പോൾ പറഞ്ഞതു് ഇവയുടെ സാധനങ്ങളുടെ വിളവു വർദ്ധിപ്പിക്കേണ്ടതു് നമ്മുടെ നാട്ടിന്റെ ആവശ്യമാണു്, അതുകൊണ്ടു് അത് നൊരു നിയന്ത്രണം ഏർപ്പെടുത്തുന്നതു് ശരിയായിരിക്കയില്ലെന്നാണു്. ഈ ബില്ലു് അവതരിപ്പിച്ചുകൊണ്ടു് സംസാരിച്ചപ്പോഴും സെലക്ട് കമ്മിറ്റി റിപ്പോർട്ടു് സഭയിൽ വന്നശേഷം നടന്ന പൊതുചർച്ചയിലും മറുപടി പറഞ്ഞപ്പോഴും ഈ ഗവണ്മെൻറിന്റെ ഉദ്ദേശം ഈ നിയമം നടപ്പിലാക്കുമ്പോൾ കാർഷിക വിളവു് വർദ്ധിപ്പിക്കണമെന്നുള്ളതാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. കൃഷിഭൂമി സ്വന്തമായി ധനികന്മാർ വച്ചുകൊണ്ടിരുന്നാലേ വിളവു വർദ്ധിക്കുകയുള്ളൂ എന്നൊരഭിപ്രായമുള്ളവരുണ്ടു്. ഈ ഗവണ്മെൻറിന്റെ അഭിപ്രായം അങ്ങനെയല്ല. കൃഷി ചെയ്യുന്നതിനു് പ്രാപ്തിയും തൽപരതയുമുള്ള കൃഷിക്കാർക്കു ഭൂമി കൊടുത്തു കഴിയുമ്പോൾ കാർഷികവിളവു വർദ്ധിക്കുമെന്നാണു്. അതുകൊണ്ടാണു് അരക്കനട്ടു്, കൃഷ്ണ തുടങ്ങിയതു് പ്ലാൻറേഷനിൽ ചേർക്കാത്തതു്. വളരെക്കൂടുതൽ തൊഴിലാളികൾക്കു ജോലി ചെയ്യുന്ന പ്ലാൻറേഷൻ, ആ തൊഴിലാളികൾക്കു ജോലിയും കൂലിയും നഷ്ടപ്പെടാതിരിക്കുന്നതിനു ഏസ്റ്റേബ്ലിഷു ചെയ്യേണ്ടതും അവശ്യമാണു്. ഭൂമിയുടെ ക്ലാസ്സിഫിക്കേഷനെപ്പറ്റി പറഞ്ഞപ്പോൾ ഞാൻ ചില കണക്കുകൾ പറഞ്ഞു. അരക്കനട്ടു കൃഷിയിൽ ഒരേക്കറിൽ ഏകദേശം 600 രൂപ ഇന്നത്തെ വിലയനുസരിച്ചു് കിട്ടുന്നുണ്ടു്. കുരുമുളകു കൃഷിക്കും ഏകദേശം ഒരേക്കർ തെങ്ങിൻ തോട്ടത്തിൽനിന്നും കിട്ടുന്ന വരുമാനമുണ്ടു്. പെപ്പർ ഗാർഡൻ ഇപ്പോൾ ഒരു കുടുംബത്തിനു് 30 ഏക്കർ അംഗീകരിച്ചിട്ടുണ്ടു്. ഇങ്ങനെ അംഗീകരിക്കാൻ പ്രത്യേക കാരണം ഉണ്ടു്. കാസർകോട്ടു് ഏറിയായിലും അതുപോലെയുള്ള ചില സ്ഥലങ്ങളിലും മലയിൽപോയി കൃഷി ചെയ്യണമെന്നുള്ളതുകൊണ്ടു് 20 കൊല്ലം കഴിയുമ്പോൾ മാറി കൃഷി ചെയ്യേണ്ടിവരും എന്നുള്ളതുകൊണ്ടാണു് ceiling area കൂടുതൽ വച്ചതു്. ആ നിലയിൽ 30 ഏക്കർ കൃഷി ചെയ്താൽ ഒരു കുടുംബത്തിനു് മാന്യ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ട് ജീവിക്കുന്നതിനുള്ള വരുമാനം കിട്ടും. 1,000 ഏക്കർ നോക്കു ചെയ്താലേ വിളവു വർദ്ധിക്കൂ എന്ന അഭിപ്രായവുമില്ല. അതുകൊണ്ടാണ് പെപ്പറിനു 30 ഏക്കർ വച്ചിട്ട് മറ്റു ചിലതിനു കുറയ്ക്കുന്നതിനു ഇടയാക്കിയിട്ടുള്ളത്. അങ്ങനെയാണ് ക്ലസ്സിഫിക്കേഷനിൽ വ്യത്യാസം വരുത്തിയിട്ടുള്ളത്. ആ നിലയിൽ ഈ ഭേദഗതി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇവിടെ മുഖ്യമായി അവതരിപ്പിക്കപ്പെട്ട ഭേദഗതി ഇതാണ്:

(i) between the phrase 'and includes lands' and the word 'used' in sub-clause 2 (36) insert the following:—

"reserved bona fide for cultivation, and lands" and

(ii) at the end of sub-clause 2 (36), after the word 'market' add the follow ng additional phrase:—

"as also areas which may be lying within the limits or boundaries of such lands."

ശ്രീ. കെ. ടി. തോമസ്: പറയുകയുണ്ടായി, റബ്ബർ കൃഷി നടത്തുന്ന ആളുകൾക്ക് സീഡ്ലിംഗ്സ് വളർത്തുന്നതിനും, തേയിലക്കൃഷി നടത്തുന്നവർക്ക് അതിനാവശ്യമായ സൗകര്യങ്ങൾക്കും ഉത്തമവിശ്വാസമായി സ്ഥലം റസർവ്വ് ചെയ്തിട്ടുള്ളതു് പ്ലാന്റേഷന്റെ ഡെഫനിഷനിൽ പെടുത്തണമെന്നാണ്. പ്ലാന്റേഷന്റെ ഡെഫനിഷനിൽ പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണ്:

"Plantation" means any land used principally for growing tea, coffee, rubber or cardamom or such other kind of special crops as may be specified by the Government, by notification in the Gazette, and includes lands used for the purpose of or ancilliary to, the cultivation of such crops or the preparation of the same for the market."

ലേബർ കോർട്ടേഴ്സിനും, വീടുകിനും, സീഡ്ലിംഗ്സ് വളർത്തുന്നതിനും ഉള്ള സൗകര്യങ്ങളോടുകൂടിയാണ് ഡെഫനിഷൻ ചേർത്തിട്ടുള്ളതു്. ആ നിലയിൽ പ്രത്യേകം ഒന്നും ചേർക്കേണ്ട കാര്യമില്ല.

രണ്ടാമതായി ബോണഫൈഡായി കൃഷി ചെയ്യണമെന്നു് ആഗ്രഹിക്കുന്ന എല്ലാ സ്ഥലങ്ങളേയും ഒഴിവാക്കണമെന്നു പറയുന്നതു് ഗവണ്മെന്റു് അംഗീകരിക്കുന്നില്ല. ഒരായിരം ഏക്കർ ഉള്ള ആൾ നൂറേക്കർ മാത്രം കൃഷി ചെയ്തിട്ടു് മുഴുവൻ സ്ഥലവും റബ്ബർകൃഷിക്കാണു് ഇട്ടിരിക്കുന്നതെന്നു പറഞ്ഞാൽ അതു് അംഗീകരിക്കാൻ നിവൃത്തിയില്ല. അതു സീഡിംഗിനെ തോൽപ്പിക്കുന്നതായിരിക്കും. ഇന്നതു് പ്രത്യേകമായി എക്സംപ്റ്റ് ചെയ്യണമെന്നാണെങ്കിൽ സീഡിംഗ് വരുമ്പോൾ അതിനെപ്പറ്റി ആലോചിക്കാം. റബ്ബറിന്റെ കാര്യത്തിൽ ആ കൃഷി വളർത്തിക്കൊണ്ടുവരണമെന്നു് ഗവണ്മെന്റു് ആഗ്രഹിക്കുന്നുണ്ടെന്നു പറഞ്ഞുകഴിഞ്ഞു. അതിനുള്ള എല്ലാ നടപടികളും എടുക്കും. അതനുസരിച്ചു് 55 (2) ഉപയോഗിക്കുന്നതിൽ ഗവണ്മെന്റു് എല്ലാ നടപടികളും എടുക്കുമെന്നു് ഉറപ്പു പറഞ്ഞുകൊണ്ടു് ഭേദഗതികളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ടി. എ. തൊമ്മൻ: ഗവണ്മെന്റിനു് ഇപ്പോൾ അധികാരം കൊടുക്കാതെ പിന്നീടൊരു പുതിയ ജാതി കൃഷി പ്ലാന്റേഷനിൽ ഉൾപ്പെടുത്തണമെങ്കിൽ അന്നു് നിയമത്തിനു് ഒരു ഭേദഗതി വരുത്തുന്നതിനു പ്രയാസമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭയ്ക്കു് എല്ലാം ചെയ്യാം. പക്ഷേ നിയമസഭയിൽ വന്നാലുള്ള സ്ഥിതി ഇതാണ്. അറു ദിവസമിരുന്നിട്ടു് രണ്ടു മൂന്നു ക്ലാസ് ഇതുവരെ തീയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Mr. Chacko, are you pressing your amendment ?

Shri P. T. Chacko: I press it.

The amendment was put and lost.

Shri P. T. Chacko: I demand a Division, Sir.

A poll was then taken when the House divided as follows:—

AYES — 44

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. S. Achuthan
4 ,, Alexander Parambithara
5 ,, K. Avukkadarkutty Naha
6 ,, T. O. Bava
7 ,, P. T. Chacko
8 ,, M. Chadayan
9 ,, K. Chandrasekharan
10 ,, K. Eacharan
11 ,, P. R. Francis
12 ,, N. Ganapathy
13 ,, K. M. George
14 ,, Gopalankutty Nair
15 ,, K. Hassan Gani
16 ,, P. M. Jo eph
17 ,, Joseph Chazhikatt
18 ,, P. S. Karthikeyan
19 ,, K. Kochukuttan
20 ,, T. Krishnan
21 ,, P. Kumaran
22 ,, Kunhambu Kallayan
23 Shri Chrippady Kunhikrishnan Nair
24 ,, P. M. Kunhiraman Nambiar
25 ,, Kunhikrishnan Nair
26 ,, A. Kunjukrishnan
27 ,, M Kunjukrishnan Nadar
28 Smt. Kusumom Joseph
29 ,, Leela Damodara Menon
30 Shri Madura
31 ,, M. M. Mathai
32 ,, K. Moideenkutty Haji
33 ,, K. R. Narayanan
34 ,, M. Narayana Kurup
35 ,, E. P. Poulose
36 ,, R. Raghava Menon
37 ,, A. A. Rahim
38 ,, P. Ramunny Kurup
39 Smt. Sarada Krishnan
40 Shri Po nara G. Sreedhar
41 ,, K. T. Thomas
42 ,, T. A. Thomman
43 ,, P. P. Ummer Koya
44 ,, K. K. Viswanathan

NOES—61

1 Shri Abdul Majeed
2 ,, C. Achutha Menon
3 ,, C. C. Ayyappan
4 Smt. K. O. Aysha Bai
5 Shri P. Balachandra Menon
6 ,, R. Balakrishna Pillai
7 ,, K. A. Balan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, P. Bhaskaran Nair
11 ,, Thoppil Bhaskaran Pillai
12 ,, E. Chandrasekharan Nair
13 ,, P. K. Chathan
14 ,, K. C. George
15 ,, E. P. Gopalan
16 ,, P. Gopalan
17 Shri K. P. Gopalan
18 ,, K.P.R. Gopalan Nambiar
19 Smt. K. R. Gouri
20 Shri Govindan
21 ,, K. Govindankutty Menon
22 ,, P. Govindan Nambiar
23 ,, P. Govinda Pillai
24 ,, R. Janardhanan Nair
25 ,, Joseph Mundassery
26 ,, A. M. Kaliyanakrishnan Nair
27 ,, Kallalan
28 ,, C. H. Kanaran
29 ,, C. Kannan
30 ,, G. Karthikeyan

LIBRARY ARCHIVES Kerala Legislative Assembly

Noes—(contd.)

31	Shri	K. Karunakaran	46	Shri	G. Padmanabhan Tampi
32	,,	M. K. Kelu	47	,,	R. Prakasam
33	,,	P. K. Koru	48	,,	N. Rajagopalan Nayar
34	,,	R. Krishnan	49	,,	T. K. Ramakrishnan
35	,,	T. K. Krishnan	50	,,	V. Ramakrishna Pillai
36	,,	K. Krishna Menon	51	,,	A. K. Ramankutty
37	,,	V. R. Krishna Iyer	52	,,	P. Rayindran
38	,,	M. Kumaran	53	Smt.	Roamma Punnoose
39	,,	E. T. Kunjan	54	Shri.	M. Sadasivan
40	,,	P. V. Kunhunni Nayar	55	,,	C. G. Sadasivan
41	,,	P. K. Kunjachan	56	,,	E. M. S. Namboodiripad
42	,,	P. R. Madhavan Pillai	57	,,	K. Sivadasan
43	,,	C. K. Narayanan Kutty	58	,,	N. Sivan Pillai
44	,,	T. C. Narayanan Nambiar	59	,,	V. Sreedharan
45	,,	N. Neelakantaru Pandarathil	60	,,	R. Sugathan
			61	,,	T. V. Thomas

NEUTRAL — 1

Shri. M. Umesh Rao

Mr. Speaker: For the amendment 44, against the amendment 61, abstention 1. The amendment is lost.

I have just to make an announcement regarding the extension of this meeting of the Assembly.

As at present programmed, the current meeting of the Assembly is to terminate tomorrow the 6th May. With a view to get through at least the second reading of the Kerala Agrarian Relations Bill and the consideration of the Kerala Education Rules, the Leader of the House has requested that the Assembly may continue to sit till the end of May 1959, unless the above business is finished earlier. The current meeting of the Assembly is accordingly extended till the end of May 1959. Members who desire to give notices of questions may do so. The usual statement regarding allotment of days for answering of questions by Ministers has been arranged to be distributed to the Members.

Monday, the 11th May has been allotted for the consideration of the amendments to the Kerala Education Rules and that business would be transacted on that day. From the 16th May onwards, questions can be answered. Until then, there will not be question hour.

Shri M. Narayana Kurup. But short notice questions may be allowed.

Mr Speaker: Short notice questions will be allowed.

The House will now adjourn and meet again at 8 a. m. tomorrow.

The Assembly adjourned at 1. 7 p. m. to meet again at 8 a. m. on Wednesday the 6th May 1959.

LIBRARY ARCHIVES Kerala Legislative Assembly